
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2018 നവംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





**അഹിംസയുടെ ആൾരൂപം**
(വൈജ്ഞാനികം)
**ജ്യോതി കെ ജി**
വില ₹90





**അഹിംസയുടെ ഉപജ്ഞാതാവ്**
(ജീവചരിത്രം)
**കലൂർ ഉണ്ണിക്കൃഷ്ണൻ**
വില ₹110




**ഗാന്ധിജി കേരളം തൊട്ടറിഞ്ഞ നന്മ** (ജീവചരിത്രം)
**സാഗാ ജെയിംസ്**
വില ₹100





**ഗാന്ധിജി സഹനസമര ചരിത്രം**
(ജീവചരിത്രം)
**ഗീത കെ**
വില ₹120





**ഗാന്ധിജിയെ അറിഞ്ഞ കുട്ടി**
(വൈജ്ഞാനികം)
**കവിതാ വിശ്വനാഥ്**
വില ₹100





**കുപ്പായമിടാത്ത അപ്പൂപ്പൻ**
(വൈജ്ഞാനികം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹75





**കുട്ടികളുടെ മഹാത്മാഗാന്ധി**
(ജീവചരിത്രം)
**ജി കമലമ്മ**
വില ₹40




**മഹാത്മജിയുടെ പാരിസ്ഥിതിക ദർശനങ്ങൾ** (വൈജ്ഞാനികം)
**ഡോ. കെ പി ജോയി**
വില ₹50




**നമ്മുടെ ബാപ്പു**
(ജീവചരിത്രം)
**സന്ധ്യ ആർ**
വില ₹130




**പോർബന്തറിൽ നിന്നൊരു ബാലൻ** (ജീവചരിത്രം)
**ബ്രിജി കെ ടി**
വില ₹90

**കോപ്പികൾക്ക്**


**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

നവംബർ 2018
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## കുരുവി

സച്ചിദാനന്ദൻ

6



വാലു കുലുക്കി, കൊക്കു ചെരിച്ചും കണ്ണുകൾ മിന്നിച്ചും വാഴക്കൈമേൽ വന്നിരിക്കാറുള്ള കുരുവിയെ വർണിക്കുന്ന മനോഹരമായ ഈ കവിത വായിക്കൂ...

## യാതനയിൽ നിന്ന് ബഹുമതിയിലേക്ക്

ചന്ദ്രമതി

30



സ്ത്രീകൾക്കെതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾക്ക് എതിരേ പ്രവർത്തിച്ച നാദിയ മുറാദും ഡെനിസ് മക്‌വീജും. യാതനകൾക്കൊടുവിൽ അവർക്കു ലഭിച്ച ബഹുമതിയായിരുന്നു സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം.

## കാരേലപ്പൂപ്പന്റെ കുരുക്കുകൾ

പുനരാഖ്യാനം: ദേവിപ്രിയ

42

കാരേലപ്പൂപ്പന്റെയും അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിക്കാതെ പ്രവർത്തിച്ച മീൻപിടിത്തക്കാരുടെയും കഥ. മനോഹരമായ ഈ റഷ്യൻ നാടോടിക്കഥ വായിക്കൂ...



മുൻമൊഴി ........................................4
സുഗതകുമാരി
ശാസ്ത്ര നൊബേൽ -2018. ............10
സീമ ശ്രീലയം
പൂവിന്റെ പാട്ട്. .................................14
വാസുദേവൻ തിരുവങ്ങാട്
കൂട്ടിലെ തത്ത ..............................15
മുഹമ്മ ശശിധരപ്പണിക്കർ
ഓർമയുടെ ക്ലാസ്മുറി ....................21
സുമേഷ് കൃഷ്ണൻ എൻ എസ്
ഒരച്ഛൻ മകൾക്കെഴുതിയ ചരിത്രപാഠങ്ങൾ. ...........................22
സെബാസ്റ്റ്യൻ പള്ളിത്തോട്
പണ്ടത്തെ ഒരു പിറന്നാൾ. ...............25
എം എൻ പാലൂര്. ........................... 26
ആത്മാരാമൻ
കവിതാപരിചയം ...........................28
എം എൻ പാലൂര്
ശിശുദിനം - വിവിധ രാജ്യങ്ങളിൽ ....................30
സിന്ധു സാജൻ
ബൈബിൾകഥ. ...................................36
പുനരാഖ്യാനം: എൻ എസ് ഐസക്
ശാസ്ത്രത്തിന്റെ തുടക്കം... ............38
ആർ വി ജി മേനോൻ
ഭഗീരഥയജ്ഞം. ................................42
പുനരാഖ്യാനം: കെ ഗീത
കടപയാദി ......................................46
പള്ളിയറ ശ്രീധരൻ
നാമൊന്ന്. .........................................47
ശിവപ്രസാദ് പെരിയച്ചൂർ
കിട്ടൻകാക്ക ....................................48
ഉത്തമൻ പാപ്പിനിശ്ശേരി
മാതൃഭാഷ .......................................49
കുസുംഷലാൽ ചെറായി
മഹാഭാരതം .....................................50
സുഗതകുമാരി
ഇളംതളിര്. .......................................52
ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ .............54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**


ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**രാജീവ് എൻ ടി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഞാൻ രണ്ടുതവണ മാത്രമേ ജവഹർലാൽ നെഹ്റുവിനെ കണ്ടിട്ടുള്ളൂ. അദ്ദേഹത്തെ ഏറ്റവും സ്നേഹിക്കുവാനും ആദരിക്കുവാനും പഠിച്ച ഒരു തലമുറയായിരുന്നു ഞങ്ങളുടേത്. അതിനാൽ തന്നെ ആ ഓർമകൾക്കു തിളക്കമേറെ.

തിരുവനന്തപുരത്തെ പോലീസ് സ്റ്റേഡിയത്തിൽ ഒരു തെരഞ്ഞെടുപ്പു യോഗത്തിൽ പ്രസംഗിക്കാനായാണ് അദ്ദേഹം വന്നത്. വഴിനീളെയുള്ള സ്വീകരണങ്ങൾ നിമിത്തം വൈകിയാണെത്തിയത്. വേദിയിലേക്ക് ചുറുചുറുക്കോടെ ഓടിക്കയറിയപ്പോൾ 'ജവഹർലാൽ നെഹ്റു കീ ജയ്!' എന്ന് വമ്പിച്ച ജനക്കൂട്ടം ആർത്തുവിളിച്ചു. വിദ്യാർഥിനികളായിരുന്ന എന്റെ ചേച്ചിയും ഞാനും അച്ഛനോടൊപ്പം സ്റ്റേഡിയത്തിന്റെ പടിയിലിരുന്നു. ഞങ്ങളുടെ കുഞ്ഞനിയത്തിയെ അച്ഛൻ എടുത്തുയർത്തി അദ്ദേഹത്തെ കാണിച്ചുകൊടുത്തതോർക്കുന്നു.

നെഹ്റു പ്രസംഗം തുടങ്ങിയതിങ്ങനെയാണ്.

സ്റ്റേഡിയത്തിൽ നിന്നാൽ കാണാവുന്ന വിശാലമായ ആകാശത്തേക്കു നോക്കി, ചന്ദ്രക്കലയേയും നക്ഷത്രങ്ങളെയും നോക്കി അദ്ദേഹം പറഞ്ഞു തുടങ്ങി. ''പ്രിയപ്പെട്ടവരേ, ഇന്ന് വസന്ത പഞ്ചമിയാണ്. ആ ചന്ദ്രക്കല നോക്കൂ. ഇങ്ങനെയൊരു വസന്തപഞ്ചമിയിലാണ് കമലയും ഞാനും വിവാഹിതരായത്. അതേ പഞ്ചമിത്തിങ്കൾക്കല ഇന്നും ഇതാ... നോക്കൂ, ഈ നീലാകാശവും നക്ഷത്രങ്ങളും ചന്ദ്രക്കലയും കേരളത്തിന്റേതല്ല. ഇന്ത്യയുടേതല്ല. ഈ ലോകത്തിനു മുഴുവനും അവകാശപ്പെട്ടതാണ്. ഈ പ്രപഞ്ചം മുഴുവനും ഒന്നാണ്. നമ്മൾ എല്ലാവരും ഒന്നാണ്. ഒരേ രക്തം, ഒരേ ഹൃദയം... ഒരേ കണ്ണുനീർ...''


ഇങ്ങനെപോയി ആ മനോഹര പ്രഭാഷണം. ഒരു കവിതപോലെ. കൂടെയുള്ള രാഷ്ട്രീയ നേതാക്കന്മാർ അസ്വസ്ഥരാവുന്നു. അദ്ദേഹം തെരഞ്ഞെടുപ്പിനെപ്പറ്റിയോ സ്ഥാനാർഥിയെപ്പറ്റിയോ ഒന്നും പറയുന്നില്ലല്ലോ! ഒടുവിൽ അവരിലൊരാൾ ഒരു കടലാസുതുണ്ട് അദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹം ഒരു നിമിഷം നിശ്ശബ്ദനായി. ''സോറി ഞാൻ വന്നകാര്യം മറന്നു. തെരഞ്ഞെടുപ്പാണ് സഹായിക്കുക''– അത്രമാത്രം!.. അതായിരുന്നു നെഹ്റു! ചിലപ്പോൾ തികച്ചുമൊരു സ്വപ്നാടകൻ. കവി, വെറും മനുഷ്യൻ.

യൂണിവേഴ്സിറ്റി കോളജിൽ പഠിക്കുമ്പോഴാണ് പിന്നീട് അദ്ദേഹത്തെ കാണാൻ സാധിച്ചത്. എനിക്കൊരിക്കലും മറക്കാനാവാത്ത ഒരു നിമിഷം. നെഹ്റു അതിലേ കടന്നുപോകുമെന്നറിഞ്ഞ് ഞങ്ങൾ കുറേ കുട്ടികൾ റോഡരികിൽ കാത്തുനിൽക്കുകയാണ്. നേരം കുറെയായപ്പോൾ അതാ ഒരു തുറന്ന കാറിൽ വരുന്നു. കൂപ്പുകൈയുമായി എഴുന്നേറ്റു നിൽക്കുകയാണ് അദ്ദേഹം.

ഞങ്ങൾ ഉച്ചത്തിൽ ജയശബ്ദം മുഴക്കി. അദ്ദേഹം ചിരിച്ചുകൊണ്ട് പെൺകുട്ടികൾ കൂടിനിന്നിടത്തേക്ക് ഒരു ചുവന്ന പനിനീർപ്പൂ മാല വലിച്ചെറിഞ്ഞു തന്നു. നോക്കൂ ആ മാല എന്റെ ശിരസ്സിലാണു വന്നു പതിച്ചത്. അപ്പോഴേക്കും ഒരു നൂറു കൈകൾ ആ മാലയ്ക്കു പിടിയും വലിയുമായി. ഒരൊറ്റ പൂവുമാത്രം എനിക്കുകിട്ടി. അതുമതിയായിരുന്നു. എത്രയോ വർഷം ആ പൂവ് ഞാൻ പുസ്തകത്താളുകൾക്കിടയിൽ സൂക്ഷിച്ചു വച്ചിരുന്നു. ഇന്നും എന്റെ മനസ്സിൽ ഞാനതു വാടാതെ സൂക്ഷിക്കുന്നു. ആ സുഗന്ധം ഇന്ത്യയുള്ളിടത്തോളം കാലം മായുകയില്ല.

സ്നേഹത്തോടെ,
**സുഗതകുമാരി**





# യാതനയിൽ നിന്ന് ബഹുമതിയിലേക്ക്




**ചന്ദ്രമതി**

**2018 ലെ നൊബേൽ സമ്മാനങ്ങൾ കഴിഞ്ഞ ഒക്ടോബർ മാസം പ്രഖ്യാപിക്കുകയുണ്ടായി. ഭൗതികശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം, സമാധാനം, സാഹിത്യം, സാമ്പത്തികശാസ്ത്രം എന്നീ മേഖലകളിൽ, ലോകത്ത് മഹത്തായ സംഭാവനകൾ നൽകിയവർക്ക് വിവിധ മേഖലകളിലായി നൽകിവരുന്ന ഈ പുരസ്കാരം ഇന്നു ലോകത്തിലെ ഏറ്റവും ഉയർന്ന പുരസ്കാരമായാണ് കരുതപ്പെടുന്നത്. ആൽഫ്രഡ് നൊബേൽ എന്ന ധനികനായ സ്വീഡിഷ് ശാസ്ത്രജ്ഞനാണ് നൊബേൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയത്.**



വടക്കൻ ഇറാക്കിലെ ഒരു കൊച്ചുഗ്രാമത്തിൽ ഇരുപത്തിയൊന്ന് വയസ്സായ ഒരു സുന്ദരി പെൺകുട്ടിയുണ്ടായിരുന്നു. തീരെ പഴയ കഥയൊന്നുമല്ല. 2014 ലാണ് അവൾക്ക് ഇരുപത്തൊന്ന് വയസ്സായത്. പേര് നാദിയാ മുറാദ്. ചരിത്രാധ്യാപികയാകാനോ ബ്യൂട്ടിപാർലർ ഇടാനോ ഒക്കെ കൊതിച്ചിരുന്ന പെൺകുട്ടി. പക്ഷേ, ഇരുപത്തൊന്നാം വയസ്സിൽത്തന്നെ അവളുടെ സ്വപ്നങ്ങൾ അസ്തമിച്ചു. അവളുടെ ഗ്രാമത്തെ ISIS ആക്രമിച്ചു. ISIS എന്നാൽ Islamic State of Iraq and Syria. അൽക്വൈദ എന്ന ഭീകരസംഘടനയുടെ ഒരു ശാഖ.

യാസിദി എന്ന പ്രാചീന മത വിഭാഗത്തിലുള്ളവരാണ് നാദിയായുടെ ഗ്രാമത്തിലുണ്ടായിരുന്നത്. അവർ ഒരു ന്യൂനപക്ഷമായിരുന്നു. അവരുടെ വംശഹത്യയായിരുന്നു ISIS ന്റെ ഉദ്ദേശ്യം. ഇസ്ലാംമതം സ്വീകരിക്കാൻ വിസമ്മതിച്ചവരെയും പ്രായമായവരെയും അവർ കൊന്നൊടുക്കി. ജീവൻ നഷ്ടപ്പെട്ടവരിൽ നാദിയായുടെ അമ്മയും ആറു സഹോദരന്മാരും ഉണ്ടായിരുന്നു. നാദിയ ഉൾപ്പെടെ ഏതാണ്ട് ഏഴായിരത്തോളം പേരെ അവർ തടവിലാക്കി. പെൺകുട്ടികളെ അടിമ വേശ്യകളാക്കാനായി ഒരു മുറിയിലടച്ചു.

തന്റെ ആത്മകഥയിൽ (The Last Girl) നാദിയ ആ ദുരനുഭവങ്ങളെ വിവരിക്കുന്നുണ്ട്. രാത്രിയിലാണ് പെൺകുട്ടികളെ വിലയ്ക്കു വാങ്ങാനുള്ള ഭീകരന്മാർ വരുന്നത്. കന്നുകാലികളെപ്പോലെ മുടിയും പല്ലുമൊക്കെ പരിശോധിച്ചാണ് വാങ്ങുക. ഭൂതത്തിനെപോലെയുള്ള ഒരാൾ തന്റെയരികിൽ വന്ന് ചവിട്ടുകയും അടിക്കുകയുമൊക്കെ ചെയ്തപ്പോൾ നാദിയ കൂട്ടത്തിൽ ശാന്തനെന്നു തോന്നിയ ഒരാളിനോട് തന്നെ വാങ്ങിച്ച് ഇയാളിൽ നിന്ന് രക്ഷിക്കാൻ കരഞ്ഞപേക്ഷിച്ചു. അയാൾ നാദിയയെ വാങ്ങി. പക്ഷേ അയാളും ക്രൂരതയിൽ ഒട്ടും പിന്നോക്കമായിരുന്നില്ല.

എല്ലാ രാത്രികളിലും അവൾ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. ഒരുദിവസം അവൾ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും കാവൽക്കാരൻ പിടിച്ച് തിരിച്ചേൽപ്പിച്ചു. അതോടെ കൂടുതൽ ക്രൂരമായി അവർ ഉപദ്രവിക്കാൻ തുടങ്ങി. അവളെ വിലയ്ക്കുവാങ്ങിയ ആൾ നാദിയയെ മറ്റൊരാൾക്കു വിൽക്കാൻ തീരുമാനിച്ചു. ഭാഗ്യത്തിന് അയാൾ അന്ന് ഒരു കതകു പൂട്ടാൻ മറന്നുപോയി. അതുവഴി രക്ഷപ്പെട്ട നാദിയ ഒരു മുസ്ലിം കുടുംബത്തിന്റെ സഹായത്തോടെ അതിർത്തികടന്ന് ജർമനിയിലെത്തി. 2015 ലാണ് അവൾ ജർമനിയിൽ അഭയാർഥിയായത്.

ജർമനിയിൽ മിസ് ക്ളൂണി എന്ന വക്കീലിനോടൊപ്പം നാദിയ തന്റെ കഥ പുറംലോകത്തെ അറിയിച്ചു. അഭയാർഥിക്യാമ്പുകൾ സന്ദർശിക്കുകയും അധികാരികളോട് യാസിദികളനുഭവിക്കുന്ന യാതനകൾ അറിയിക്കുകയും ചെയ്തു. പെൺകുട്ടികളെ വിലയ്ക്കു വാങ്ങുകയും വേശ്യകളാക്കുകയും ചെയ്ത് അവരെ ഉപയോഗിച്ച് പുതിയ അംഗങ്ങളെ ആകർഷിക്കുന്ന ISIS തന്ത്രം തുറന്നുകാട്ടി.

പെട്ടെന്നുതന്നെ നാദിയാ മുറാദ് പ്രശസ്തിയിലേക്കുയർന്നു. 2016 ൽ ഐക്യരാഷ്ട്രസംഘടനയുടെ ഗുഡ് വിൽ അംബാസഡർ ആയി അവരോധിക്കപ്പെട്ട അവളെത്തേടി ഒരുപാട് അവാർഡുകളുമെത്തി. തന്റെ സത്പ്രവൃത്തിയിൽ പങ്കാളിയായ അബിദ് ഷംദീൻ എന്ന യുവാവിനെ വിവാഹം കഴിക്കാൻ പോവുകയാണെന്ന് ആഗസ്റ്റിൽ നാദിയ പ്രഖ്യാപിച്ചു. അവളുടെ ജീവിതത്തെക്കുറിച്ച് On Her Shoulders (അവളുടെ ചുമലുകളിൽ) എന്ന ഒരു സിനിമ പിറക്കാൻ പോകുന്നു.


എന്നാൽ പരമോന്നത ബഹുമതിയായ നൊബേൽ സമ്മാനം തന്നെ തേടി വരുമെന്ന് നാദിയ ഒട്ടും പ്രതീക്ഷിച്ചില്ല. ഭീകര സംഘടനകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരുവോളം പോരാട്ടം തുടരാൻ നാദിയയുടെ കൈകൾക്ക് ഈ സമ്മാനം കരുത്തുപകരുന്നു.

നൊബേൽ സമാധാനസമ്മാനം നാദിയയോടൊപ്പം പങ്കിട്ട ഡോക്ടർ ഡെനിസ് മക്‌വീജ് ആഫ്രിക്കൻ വംശജനാണ്. നൊബേൽ സമ്മാനവാർത്ത എത്തുമ്പോൾ അദ്ദേഹം ആശുപത്രിയിൽ ഒരു ശസ്ത്രക്രിയ ചെയ്യുകയായിരുന്നു. പുറത്തെ ബഹളംകേട്ട് അന്വേഷിച്ച സഹപ്രവർത്തകരാണ് ആനന്ദക്കണ്ണീരോടെ വിവരം അദ്ദേഹത്തെ അറിയിച്ചത്.

മക്‌വീജും നാദിയാ മുറാദും രണ്ടു വ്യത്യസ്ത ഭൂവിഭാഗങ്ങളിൽനിന്ന് ഒരേ കാര്യത്തിനുവേണ്ടി പോരാടിയവരാണ്-സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ അവസാനിപ്പിക്കാൻ, ആയുധങ്ങളായി അവരെ യുദ്ധരംഗത്ത് ഉപയോഗിക്കുന്നതു തടയാൻ.

മക്‌വീജ് ശിശുരോഗവിദഗ്ധനായാണ് വൈദ്യജീവിതം തുടങ്ങിയതെങ്കിലും ഗർഭകാലത്തും പ്രസവസമയത്തും അപര്യാപ്തമായ സേവനം കാരണം കോംഗോയിലെ സ്ത്രീകൾ അനുഭവിക്കുന്ന യാതനകണ്ട് അവരെ സഹായിക്കാനായി ഫ്രാൻസിൽ പോയി ഗൈനക്കോളജി പഠിച്ച് മടങ്ങിവന്നതാണ്. ഒന്നാം കോംഗോയുദ്ധമാരംഭിച്ചപ്പോൾ എതിരാളികളാൽ പീഡിപ്പിക്കപ്പെട്ട അനേകം സ്ത്രീകൾ ചികിത്സതേടിയെത്തി. അപ്പോഴാണ് പ്രശ്നത്തിന്റെ രൂക്ഷത അദ്ദേഹം മനസ്സിലാക്കിയത്.

1999 ൽ അദ്ദേഹം പാൻസി ഹോസ്പിറ്റൽ സ്ഥാപിച്ചു. ലൈംഗികാതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകളെ ചികിത്സിക്കാനും അവരെ സാധാരണ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനുമായി തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. കോംഗോയിലെ സംഘർഷമേഖലകളിൽ




നാദിയയുടെ ആത്മകഥയുടെ പുറംചട്ട

ആയുധധാരികളായ യോദ്ധാക്കൾ സ്ത്രീകളെ കൂട്ടബലാൽസംഗത്തിന് ഇരയാക്കുന്നതിനെതിരെ ഡോ. മക്‌വീജ് 2012 ൽ ഐക്യരാഷ്ട്രസഭയിൽ പ്രസംഗിച്ചു. സ്ത്രീകളെ ഉപദ്രവിച്ചല്ല യുദ്ധസാമർഥ്യം കാട്ടേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

2012 ഒക്ടോബർ 25-ാം തീയതി സായുധരായ ഒരു സംഘം ആൾക്കാർ മക്‌വീജിന്റെ വീട്ടിലേക്കിരച്ചുകയറി. അദ്ദേഹം അപ്പോൾ വീട്ടിലില്ലായിരുന്നു. പെൺമക്കളെ ബന്ദികളാക്കി പിടിച്ചുവച്ചുകൊണ്ട് സംഘം ഡോക്ടറുടെ വരവിനു കാത്തിരുന്നു. വീട്ടിൽ മടങ്ങിയെത്തിയപ്പോൾ അദ്ദേഹത്തിന്റെ അംഗരക്ഷകൻ അക്രമികളെ എതിർത്തെങ്കിലും അയാളെ അവർ വെടിവച്ചുകൊന്നു. തന്റെ നേരെ വെടിയുണ്ടകൾ ചീറിവരുന്നതുകണ്ട് മക്‌വീജ് നിലത്തേക്കു വീണതുകൊണ്ടുമാത്രം രക്ഷപ്പെട്ടു. അദ്ദേഹത്തിനു വെടിയേറ്റുവെന്ന വിശ്വാസത്തോടെ അക്രമികൾ ഓടിപ്പോയി. തുടർന്ന് ഡോക്ടർ യൂറോപ്പിലേക്കു രക്ഷപ്പെട്ടു.



നാദിയാ മുറാഡും ഡെനിസ് മക്‌വീജും

പക്ഷേ കോംഗോയിലെ സ്ത്രീകൾ അദ്ദേഹം തിരിച്ചുവരാൻ ശബ്ദമുയർത്തുകയും അക്രമികൾക്കെതിരെ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. തങ്ങൾ പൈനാപ്പിളും ഉള്ളിയും വിറ്റ് ഉണ്ടാക്കിയ പണംകൊണ്ട് ടിക്കറ്റെടുത്ത് അവർ അയച്ചുകൊടുത്തപ്പോൾ മക്‌വീജിന് ആ സ്നേഹം നിഷേധിക്കാനായില്ല. തന്റെ ജീവൻ പോയാൽ പോകട്ടെ എന്നുകരുതി അദ്ദേഹം 2013 ജനുവരി 14-ാം തീയതി രാജ്യത്ത് തിരിച്ചെത്തി. എയർപോർട്ടിൽ നിന്ന് ആശുപത്രിവരെയുള്ള 20 മൈൽ യാത്രയിലും സ്ത്രീകൾ സ്നേഹാദരമർപ്പിച്ച് വഴിവക്കിൽ നിന്നു.

അഞ്ചുകുട്ടികളുടെ അച്ഛനായ ഈ അറുപത്തിമൂന്നു വയസ്സുകാരൻ സുരക്ഷാ കാരണങ്ങളാൽ കുടുംബത്തെക്കുറിച്ച് വിവരങ്ങൾ വെളിപ്പെടുത്താറില്ല. സ്ത്രീകളുടെ നേർക്കുണ്ടാകുന്ന അക്രമങ്ങൾക്കെതിരേ തന്റെ ശബ്ദം കൂടുതൽ ഉച്ചത്തിലുയർത്തിക്കൊണ്ട് ഡോ. മക്‌വീജ് തന്റെ നൊബേൽ സമ്മാനത്തെ നീതിനിഷേധിക്കപ്പെട്ട സ്ത്രീകൾക്കായി സമർപ്പിക്കുന്നുവെന്നു പറഞ്ഞു. ഏതാണ്ട് 40000 ൽ കൂടുതൽ സ്ത്രീകളെ ചികിത്സിച്ച് രക്ഷപ്പെടുത്തിയ മക്‌വീജിന് ഇരുപത്തി അഞ്ചിലേറെ ദേശീയ/അന്തർദേശീയ ബഹുമതികൾ കിട്ടിയിട്ടുണ്ട്.

നാദിയാ മുറാദും ഡെനിസ് മക്‌വീജും സ്വന്തം സുരക്ഷയെ വകവയ്ക്കാതെയാണ് യുദ്ധകാല അനീതികൾക്കെതിരെ, ഇരകൾക്കു നീതി ലഭിക്കാൻ വേണ്ടി മുന്നോട്ടു വന്നത്. യുദ്ധസമയങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ മൂടിവയ്ക്കപ്പെടാറുണ്ട്. പ്രതികളാരും ശിക്ഷിക്കപ്പെടാറുമില്ല. ഇതിനെതിരേയാണ് രണ്ടുരാജ്യങ്ങളിൽനിന്ന് പുരുഷന്റെയും സ്ത്രീയുടെയും ശബ്ദങ്ങളായി ഇവർ രണ്ടുപേരും ജനശ്രദ്ധ നേടിയത്. സ്ത്രീയും പുരുഷനും ഒരുമിച്ച് പ്രവർത്തിച്ചാലേ സ്ത്രീപീഡനം യുദ്ധമുറയാവുന്നത് അവസാനിക്കുകയുള്ളൂ.



ഡെനിസ് മക്‌വീജ് കോംഗോയിലെ പ്രവർത്തനങ്ങൾക്കിടയിൽ

# കുരുവി

സച്ചിദാനന്ദൻ



വര: ഗോപു പട്ടിത്തറ

'വാ കുരുവീ, വരു കുരുവീ
വാഴക്കൈമേലിരി കുരുവീ'
എന്നെയുറക്കാൻപാടാറുണ്ടെ
ന്നമ്മ പലപ്പൊഴുമിപ്പാട്ട്,
വാഴക്കയ്യിളകുമ്പോഴെൻ മിഴി
നീളുക പതിവാണങ്ങോട്ട്.
കാണും വല്ലപ്പോഴും വാഴ
ത്തേനും തേടി വരും നിന്നെ
വാലുകുലുക്കി,ക്കൊക്കു ചെരിച്ചും
നേരിയ കണ്ണുകൾ മിന്നിച്ചും.
നിന്റെ ചിലയ്ക്കലിനൊത്തേ വാഴ
ക്കയ്യും കാറ്റത്താടുന്നൂ.
അണ്ണാർക്കണ്ണൻ മാവിൽ നിന്നും
നിന്നെക്കൊതിയാൽ നോക്കുന്നൂ
ചാടിച്ചാടി,ക്കൊത്തിക്കൊത്തി
ക്കേറിക്കേറിപ്പോകുന്നൂ
നീയും നിന്നുടെ നിഴലും; സ്വപ്നം
കാണുകയാകാം താനെന്നേ
വാഴ വിചാരിക്കുന്നൂ, മധുരം
തേനിനതൊപ്പം കൂടുന്നൂ.

# ശാസ്ത്ര നൊബേൽ -2018

സീമ ശ്രീലയം



നൊബേൽ പുരസ്കാരത്തെ ലോകത്തിലെ ഏറ്റവും ഉയർന്ന പുരസ്കാരമായാണ് കരുതപ്പെടുന്നത്. വിവിധ വിഷയങ്ങളിൽ ലോകക്ഷേമത്തിനായി മികച്ച സംഭാവനകൾ നൽകിയ മഹത്‌വ്യക്തികളെയാണ് ഈ പുരസ്കാരത്തിനായി തെരഞ്ഞെടുക്കുന്നത്. വൈദ്യശാസ്ത്രം, ഊർജതന്ത്രം, രസതന്ത്രം എന്നീ വിഭാഗങ്ങളിൽ ഈ വർഷത്തെ നൊബേൽ പുരസ്കാരത്തിന് അർഹരായവരെ പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിൽ.



## വൈദ്യശാസ്ത നൊബേൽ

### അർബുദ ചികിത്സയിലെ നൂതന സാധ്യതകൾക്ക്

അർബുദം മനുഷ്യന് ഇന്നുമൊരു പേടിസ്വപ്നമാണ്. കാരണം ദശലക്ഷക്കണക്കിനാളുകളുടെ ജീവനാണ് ഓരോ വർഷവും ഈ രോഗം കവരുന്നത്. എന്നാൽ ഈ ഭയം കുറെയെങ്കിലും ഇല്ലാതാക്കാൻ സഹായിക്കുന്ന ഗവേഷണങ്ങൾക്കാണ് ഇത്തവണ വൈദ്യശാസ്ത്രനൊബേൽ സമ്മാനം. യു എസ് ശാസ്ത്രജ്ഞനായ ജയിംസ് അലിസൺ, ജാപ്പനീസ് ശാസ്ത്രജ്ഞനായ തസൂകു ഹോൻജോ എന്നിവരാണ് പുരസ്ക്കാരത്തിന് അർഹരായത്.

നമ്മുടെ ശരീരത്തിനുള്ളിലെ കാവൽഭടന്മാരാണ് ശ്വേത രക്തകോശങ്ങൾ. ഇവയാണ് ശരീരത്തിനുള്ളിലെത്തുന്ന രോഗകാരികളായ ബാക്റ്റീരിയകളോടും വൈറസുകളോടും അന്യവസ്തുക്കളോടുമൊക്കെ പൊരുതി അവയെ തുരത്തിയോടിക്കുന്നത്. അപ്പോൾ നമ്മുടെ രോഗപ്രതിരോധ സംവിധാനത്തെ ഒന്നുകൂടി ശക്തിപ്പെടുത്താൻ സാധിച്ചാലോ? സംശയമെന്താ? കാൻസർ കോശങ്ങളെ വരെ തുരത്താൻ സാധിക്കും!

1990 കളിൽ കാലിഫോർണിയ സർവകലാ

ശാലബെർക്കിലിയിൽ കാൻസർ ഇമ്യൂണോ തെറാപ്പിയിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു ജയിംസ് അലിസൺ. ലക്ഷ്യം കാൻസർ കോശങ്ങളെ തുരത്തുന്ന ഒരു മാർഗം കണ്ടുപിടിക്കുക എന്നതു തന്നെ. രോഗപ്രതിരോധ കോശങ്ങൾ രോഗാണുക്കളോടു പൊരുതുന്നതിനിടയിൽ ചില പ്രോട്ടീനുകൾ അവയിൽ ആക്സിലറേറ്റർ ആയും ചിലത് ബ്രേക്ക് ആയും പ്രവർത്തിക്കും. അതായത് ചിലത് പോരാട്ടത്തെ ത്വരിതപ്പെടുത്തും. മറ്റു ചിലതോ തടസ്സപ്പെടുത്തുകയും ചെയ്യും. ടി കോശങ്ങൾ എന്നു വിളിക്കുന്ന ശ്വേതരക്താണുക്കളിൽ ഒരു ബ്രേക്ക് പോലെ പ്രവർത്തിക്കുന്ന പ്രത്യേകതരം പ്രോട്ടീൻ തിരിച്ചറിഞ്ഞതാണ് അലിസണിന്റെ ഗവേഷണത്തിൽ പുതുവഴി വെട്ടിത്തുറന്നത്. ആ പ്രോട്ടീൻ ഏതാണെന്നോ? CTLA – 4.

അർബുദ കോശങ്ങളോടു പൊരുതുമ്പോൾ ഈ പ്രോട്ടീൻ ടി കോശങ്ങളിൽ ബ്രേക്ക് പോലെ പ്രവർത്തിച്ച് അതിന്റെ പ്രവർത്തനം തടയുമെന്ന് അലിസൺ മനസ്സിലാക്കി. അപ്പോൾ കാൻസർ കോശങ്ങളെ ഫലപ്രദമായി ചെറുക്കാൻ എന്തു ചെയ്യണം? ഈ പ്രോട്ടീനുകളെ അങ്ങു നിർവീര്യമാക്കണം. ഇതിനു സഹായകമാവുന്ന ആന്റിബോഡികൾക്കു വേണ്ടിയുള്ള അന്വേഷണമായി പിന്നീട്. അതും കണ്ടെത്തിയതോടെ ആദ്യം എലികളിൽ പരീക്ഷണം നടത്തി. വർഷങ്ങൾ നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ 2010 ൽ ചർമ്മാർബുദം ബാധിച്ച ഒരു രോഗിയിൽ ഈ ചികിത്സ പരീക്ഷിച്ചു വിജയിച്ചതോടെ മനുഷ്യരാശിക്കു മുഴുവൻ പ്രതീക്ഷ നൽകുന്ന ചുവടുവയ്പായി അത്. ശ്വാസകോശ കാൻസറിനും ശരീരം മുഴുവൻ പടരുന്ന കാൻസറിനുമൊക്കെ ഫലപ്രദമായ ചികിത്സ രൂപപ്പെടുത്താൻ ഇതോടെ കഴിയുകയും ചെയ്തു.

1992 ൽ തസൂകു ഹോൻജോയും ടി-കോശങ്ങളിൽ ബ്രേക്ക് പോലെ പ്രവർത്തിക്കുന്ന മറ്റൊരു പ്രോട്ടീൻ കണ്ടെത്തി. അതാണ് PD-1. ഇതിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയും രോഗപ്രതിരോധ സംവിധാനത്തിന്റെ കരുത്തു കൂട്ടാം എന്ന് അദ്ദേഹം തെളിയിച്ചു. അലിസണിന്റെയും ഹോൻജോയുടെയും കണ്ടെത്തലുകൾ കാൻസർ ഇമ്യൂണോ തെറാപ്പിയിൽ പ്രതീക്ഷയുടെ പച്ചത്തുരുത്തായി മാറി. ഇത് ഇമ്യൂൺ ചെക്ക് പോയിന്റ് ഇൻഹിബിറ്റർ തെറാപ്പി എന്ന നൂതന ചികിത്സാരീതിയുടെ രംഗപ്രവേശത്തിന് വഴിയൊരുക്കുകയും ചെയ്തു. അലിസൺ യുഎസ്സിലെ ടെക്സാസ് സർവകലാശാലയിലും ഹോൻജോ ജപ്പാനിലെ ക്യോട്ടോ സർവകലാശാലയിലും പ്രൊഫസറാണ്.



തസൂകു ഹോൻജോ ജയിംസ് അലിസൺ

## ഊർജതന്ത്ര നൊബേൽ

### വിസ്മയം വിരിയിച്ച ലേസർ ചവണകൾക്ക്

വസ്തുക്കൾ പെറുക്കിയെടുക്കാൻ സഹായിക്കുന്ന സാധാരണ ചവണകൾ എല്ലാവർക്കും സുപരിചിതമായിരിക്കും അല്ലേ? എന്നാൽ പ്രകാശ ചവണകളെക്കുറിച്ചു കേട്ടിട്ടുണ്ടോ? ഇത്തിരിക്കുഞ്ഞു ബാക്റ്റീരിയകളെയും വൈറസുകളെയും സൂക്ഷ്മവസ്തുക്കളെയുമൊക്കെ അവയ്ക്ക് യാതൊരു കേടുപാടും കൂടാതെ പെറുക്കിയെടുത്തു കൈകാര്യം ചെയ്യാൻ കഴിയുന്ന ലേസർ ചവണകൾ! അവ ഇന്ന് യാഥാർഥ്യമായിക്കഴിഞ്ഞു. ലേസർ വിരലുകളാൽ അതിസൂക്ഷ്മ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതും ലേസർ ഉപയോഗിച്ചു വസ്തുക്കളെ നീക്കുന്നതുമൊക്കെ സമീപകാലം വരെ ശാസ്ത്രകല്പിതകഥകളിൽ നമ്മെ വിസ്മയിപ്പിച്ച കാര്യങ്ങൾ മാത്രമായിരുന്നെങ്കിൽ ഇന്നത് യാഥാർഥ്യമായിക്കഴിഞ്ഞു. ലേസർ ഫിസിക്സിലെ ഗവേഷണങ്ങൾക്കാണ് ഇത്തവണ ഊർജതന്ത്ര നൊബേൽ.

ഊർജതന്ത്ര നൊബേൽ

ജേതാക്കളിൽ ഇത്തവണ ഒരു വനിതയും ഉണ്ടെന്നത് ശ്രദ്ധേയം. ആർതർ ആഷ്കിൻ (യു എസ്), ഷെറാദ് മൊറു (യു എസ്), ഡോണ സ്ട്രിക്ലാൻഡ് (കാനഡ) എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്.


നേത്ര ശസ്ത്രക്രിയ മുതൽ അർബുദ ചികിത്സ വരെ നീളുന്ന നൂതന സാധ്യതകളിലേക്ക് വഴിതുറന്ന ഗവേഷണങ്ങളാണ് ഇവരുടേത്. 1952 - 1991 കാലയളവിൽ നടന്ന ഗവേഷണങ്ങളിലൂടെയാണ് ആഷ്കിൻ വിസ്മയനേട്ടങ്ങൾ കൈയെത്തിപ്പിടിച്ചത്. ചെറു കണികകളെയും ബാക്റ്റീരിയകളെയും ജീവകോശങ്ങളെയുമൊക്കെ ഒപ്റ്റിക്കൽ ട്വീസർ എന്നു വിളിക്കുന്ന ലേസർ ചവണകളാൽ പെറുക്കിയെടുക്കാനും കൈകാര്യം ചെയ്യാനും മുറിക്കാനുമൊക്കെ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചതോടെ ഊർജതന്ത്രത്തിൽ മാത്രമല്ല ജീവശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലുമൊക്കെ പുതു വഴികളാണ് തുറക്കപ്പെട്ടത്. ചെറു കണങ്ങളെ ലേസർ ഉപയോഗിച്ചു നീക്കാനും അവയ്ക്ക് ലേസർ കൊണ്ട് പ്രത്യേക രീതിയിൽ 'കുരുക്കു' തീർക്കാനും കഴിയുമെന്നും അദ്ദേഹം തെളിയിച്ചു. ആദ്യമൊക്കെ ലേസർ ചവണയിൽ കുരുങ്ങുന്ന ജീവകോശങ്ങൾക്ക് തകരാറുകൾ സംഭവിച്ചിരുന്നു. എന്നാൽ ഈ പരിമിതി അദ്ദേഹം തുടർ ഗവേഷണങ്ങളിലൂടെ മറികടന്നു. ലേസർ കെണിക്കുള്ളിൽ ബാക്റ്റീരിയകൾക്ക് പെരുകാൻ പോലും കഴിഞ്ഞു. കോശങ്ങളുടെയും ഡി എൻ എ യുടെയുമൊക്കെ അതിസൂക്ഷ്മ തലങ്ങളിലേക്ക് വെളിച്ചം വീശുന്ന പഠന സാധ്യതകളിലേക്കു കൂടിയാണ് ഈ ഗവേഷണം വിരൽ ചൂണ്ടിയത്.

ഷെറാദ് മൊറുവും അദ്ദേഹത്തിന്റെ ശിഷ്യയായ ഡോണ സ്ട്രിക്ലാൻഡും ഗവേഷണങ്ങൾ നടത്തിയതും ലേസർ ഫിസിക്സിൽത്തന്നെ. അന്നുവരെ കണ്ടുപിടിക്കപ്പെട്ടതിൽ വച്ച് ഹ്രസ്വവും തീവ്രതയേറിയതുമായ അൾട്രാ ഷോർട്ട് ലേസർ പൾസുകൾ യാഥാർഥ്യമാക്കുന്നതിൽ ഇവർ വിജയിച്ചു. അതും ആംപ്ലിഫൈയിങ് സംവിധാനത്തിന് യാതൊരു കേടുപാടും ഉണ്ടാക്കാതെ തന്നെ. ഇവർ വികസിപ്പിച്ചെടുത്ത സങ്കേതം CPA (ചേർപ്ഡ് പൾസ് ആംപ്ലിഫിക്കേഷൻ) എന്നാണറിയപ്പെടുന്നത്. കാനഡയിലെ വാട്ടർലൂ സർവകലാശാലയിലായിരുന്നു ഡോണയുടെ ഗവേഷണം.


ഊർജതന്ത്ര നൊബേൽ സമ്മാനം നേടുന്ന മൂന്നാമത്തെ വനിതയാണ് ഡോണ സ്ട്രിക്ലാൻഡ്. അതും അൻപത്തിഅഞ്ച് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം! ഇതിനു മുൻപ് ഊർജതന്ത്ര നൊബേൽ നേടിയ വനിതകൾ ആരൊക്കെയാണെന്നോ? മാഡം ക്യൂറിയും (1903 ൽ) മരിയ ഗോപ്പെർട്ട് മേയറും(1963 ൽ).



ഡോണ സ്ട്രിക്ലാൻഡ്



ഷെറാദ് മൊറു



ആർതർ ആഷ്കിൻ



ജോർജ് പി സ്മിത്ത് | ഫ്രാൻസിസ് എച്ച് അർനോൾഡ് | ഗ്രിഗറി പി വിന്റർ

നൊബേൽ നേടുന്ന ഏറ്റവും പ്രായം കൂടിയ വ്യക്തി എന്ന റെക്കോഡ് ഇപ്പോൾ ആർതർ ആഷ്കിനു സ്വന്തം. 96 വയസ്സുണ്ട് ഇപ്പോൾ അദ്ദേഹത്തിന്. 1997 ൽ ആഷ്കിന് നൊബേൽ സാധ്യത പ്രവചിക്കപ്പെട്ടിരുന്നെങ്കിലും അന്ന് ലഭിച്ചില്ല.

## രസതന്ത്ര നൊബേൽ

### പരിണാമത്തിന്റെ ചുവടു പിടിച്ച് എൻസൈം, പ്രോട്ടീൻ നിർമാണം

പരിണാമത്തിന്റെ ചുവടു പിടിച്ച് പരീക്ഷണശാലയിൽ എൻസൈമുകളുടെയും ആന്റിബോഡികളുടെയും നിർമാണം സാധ്യമാക്കിയ ഗവേഷണങ്ങൾക്കാണ് ഇത്തവണ രസതന്ത്ര നൊബേൽ സമ്മാനം.

ഫ്രാൻസിസ് എച്ച് അർനോൾഡ് (യു എസ്), ഗ്രിഗറി പി വിന്റർ (ബ്രിട്ടൻ), ജോർജ് പി സ്മിത്ത് (യു എസ്) എന്നിവരാണ് പുരസ്കാര ജേതാക്കൾ. രസതന്ത്ര നൊബേലിലും ഇത്തവണ വനിതാ സാന്നിധ്യം ഉണ്ടെന്നുള്ളത് അഭിമാനാർഹം.

ഏകകോശജീവിയിൽ നിന്നു തുടങ്ങി ഇന്നീക്കാണുന്ന ജീവ വൈവിധ്യത്തിന്റെ ഉരുത്തിരിയലിലേക്ക് നയിച്ച പരിണാമ വഴികൾ ആരെയും വിസ്മയിപ്പിക്കുന്നതാണ്. ഇത്തിരിക്കുഞ്ഞു ബാക്റ്റീരിയയുടെ മുതൽ ഭീമാകാരമുള്ള നീലത്തിമിംഗലങ്ങളുടെ വരെ ശരീരം ഒരൊന്നാന്തരം ജൈവരസതന്ത്ര ഫാക്ടറി തന്നെയാണ്. എന്തെല്ലാം തരം എൻസൈമുകളും പ്രോട്ടീനുകളുമൊക്കെയാണ് ജീവികളുടെ ശരീരത്തിൽ അടങ്ങിയിരിക്കുന്നത്! ഇതവയെ അതിജീവനത്തിനു സഹായിക്കുന്നുമുണ്ട്. അപ്പോൾ പരിണാമ തത്വങ്ങൾ പ്രയോജനപ്പെടുത്തി പരീക്ഷണശാലയിൽ ഡിസൈനർ എൻസൈമുകളും പ്രോട്ടീനുകളുമൊക്കെ നിർമിക്കാൻ കഴിഞ്ഞാലോ? സാധ്യതകൾ അനന്തം. അങ്ങനെ ജനിതക വ്യതിയാനങ്ങളും പ്രകൃതി നിർധാരണവുമൊക്കെ പ്രയോജനപ്പെടുത്തിക്കൊണ്ട് ജൈവ ഉൽപ്രേരകങ്ങളായ എൻസൈമുകൾ നിർമിക്കാനുള്ള ഗവേഷണങ്ങളിൽ മുഴുകി അർനോൾഡ്. ഇതു വിജയിച്ചാൽ രാസവസ്തുക്കളുമായി ബന്ധപ്പെട്ട മനുഷ്യന്റെ പല പ്രശ്നങ്ങൾക്കും പരിഹാരമാവുമെന്ന് ആ ശാസ്ത്രജ്ഞയ്ക്ക് തീർച്ചയായിരുന്നു. അങ്ങനെ 1993 ൽ അർനോൾഡ് പരീക്ഷണശാലയിൽ പരിണാമം പ്രാവർത്തികമാക്കി എൻസൈം നിർമാണം സാധ്യമാക്കുന്നതിൽ വിജയിച്ചു. ഡിറ്റർജന്റുകൾ, പരിസ്ഥിതി സൗഹൃദ രാസവസ്തുക്കൾ, ജൈവഇന്ധനങ്ങൾ, നൂതന ഔഷധങ്ങൾ, ഗുണമേന്മയേറിയ വ്യാവസായിക രാസവസ്തുക്കളുടെ നിർമാണം തുടങ്ങി ഒരു നിര സാധ്യതകളാണ് ഈ നേട്ടത്തിലൂടെ യാഥാർഥ്യമാക്കാൻ കഴിഞ്ഞത്.

കടുവയെ പിടിക്കുന്ന കിടുവ എന്നു പറഞ്ഞതു പോലെ ബാക്റ്റീരിയകളെ ബാധിക്കുന്ന വൈറസ്സുകളാണ് ബാക്റ്റീരിയോ ഫേജുകൾ. ഇവയെ ഉപയോഗപ്പെടുത്തി പുതിയ പ്രോട്ടീനുകൾ നിർമിക്കാനാണ് ജോർജ് സ്മിത്തും ഗ്രിഗറി വിന്ററും ശ്രമിച്ചത്. 1985 ൽ ഫേജ് ഡിസ്പ്ലേ എന്ന തന്ത്രത്തിലൂടെ പ്രോട്ടീൻ നിർമിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ഇവരുടെ ഗവേഷണങ്ങളിലൂടെ ഡിസൈനർ എൻസൈമുകളുടെയും ഡിസൈനർ പ്രോട്ടീനുകളുടെയും വിസ്മയലോകമാണ് ദൃശ്യമായത്. വിഷത്തെ നിർവീര്യമാക്കുന്ന ആന്റിബോഡികൾ, ആർത്രൈറ്റിസ്, സോറിയാസിസ് പോലുള്ള രോഗങ്ങൾക്കുള്ള ഔഷധങ്ങൾ, ശരീരം മുഴുവൻ വ്യാപിക്കുന്ന അർബുദത്തിനുള്ള ചികിത്സ എന്നിവയൊക്കെ സാധ്യമാക്കിയ ഗവേഷണമാണിത്.

രസതന്ത്ര നൊബേലിന് അർഹയാവുന്ന അഞ്ചാമത്തെ വനിതയാണ് ഫ്രാൻസെസ് എച്ച് അർനോൾഡ്. മാഡം ക്യൂറി, ഐറീൻ ജോലിയോ ക്യൂറി, ഡൊറോത്തി ക്രോഫൂട്ട് ഹോഡ്ജ്കിൻ, ആദ യൊനാത് എന്നിവരാണ് ഇതിനു മുൻപ് രസതന്ത്ര നൊബേൽ നേടിയ വനിതകൾ.

അർബുദത്തോട് പൊരുതിയും മകന്റെ വേർപാടുണ്ടാക്കിയ കടുത്ത വേദനയിൽ നിന്ന് കരകയറിയുമാണ് അർനോൾഡ് ഗവേഷണത്തിൽ മുന്നേറിയത് ഇപ്പോൾ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പ്രൊഫസറാണ് ഈ വനിത.

---



വര: റോണി ദേവസ്യ

കവിത

# പൂവിന്റെ പാട്ട്

**വാസുദേവൻ തിരുവങ്ങാട്**

ഇത്തിരിപ്പൂവിന് ചാഞ്ചാട്ടം
ചിത്തിരപ്പൂവിന് ചാഞ്ചാട്ടം
കൊച്ചിളം തെന്നലിൽ നൃത്തം പഠിപ്പിക്കും
പിച്ചകപ്പൂവിനും ചാഞ്ചാട്ടം
തെച്ചിയും തുളസിയും മന്ദാരവും
കൊച്ചരിമുല്ല പനിനീരും
ഒപ്പം വിടർന്നല്ലോ കൂട്ടുകാരാകുവാൻ
ഒക്കെയും ചാഞ്ചാട്ടം ചാഞ്ചാട്ടം
ഒന്നാം നാളിലെ ചാഞ്ചാട്ടം
ഓമനമാരുടെ ചാഞ്ചാട്ടം
ഒന്നല്ലൊരായിരം സ്വപ്നങ്ങൾ പൂത്തിടും
ഉണ്ണിമനസ്സിനും ചാഞ്ചാട്ടം
ചാഞ്ചാട്ടം നല്ല ചാഞ്ചാട്ടം
ചാഞ്ചക്കം ചാഞ്ചക്കം ചാഞ്ചാട്ടം.



# കൂട്ടിലെ തത്ത

മുഹമ്മ ശശിധരപ്പണിക്കർ

കൂട്ടിലെ തത്തേ, പുന്നാര തത്തേ
കൂനിക്കൂടിയിരിക്കുന്നതെന്തേ?
കാട്ടുവിശേഷങ്ങൾ കേട്ടറിയാൻ
കൂട്ടുകാരെ കാത്തിരിക്കയാണോ?

കാഴ്ചകൾ കണ്ടു പറക്കും നേരം
കോച്ചിവിറച്ചു കുഴഞ്ഞു വീണോ
കുട്ടികളാരാനും കല്ലെറിഞ്ഞോ
കൂട്ടിലകപ്പെട്ടതെങ്ങനെ നീ?

കാട്ടിലെ കൂടും തൻ കൂട്ടുകാരും
ഓർമയിലിന്നും നിറഞ്ഞിടുമ്പോൾ
തീറ്റകൾ കൊത്തിക്കൊറിച്ചിടാതെ
കാട്ടിൽപ്പറന്നു കളിക്കയാണോ

ഒരു കൊച്ചു വളയത്തിലൂഞ്ഞാലാടി
കുസൃതികൾ കാട്ടി രസിച്ചിടാതെ
നൊമ്പരമുള്ളിലൊതുക്കി നാളെ
എന്തെന്നു ചിന്തിച്ചിരിക്കയാണോ?

മണ്ണും മരവും മലനിരയും
കുന്നും പുഴയുമരുവികളും
ഞാറപ്പഴങ്ങളും നെൽക്കതിരും
പാവം നിനക്കെല്ലാമന്യമല്ലോ!

കൂടു തുറക്കാമെൻ കുഞ്ഞിത്തത്തേ
വേഗം പറന്നങ്ങു കൂട്ടിലെത്താം
അച്ഛനുമമ്മയുമൊത്തുചേർന്ന്
ഇച്ഛപോൽ ജീവിതം ധന്യമാക്കാം!

വര: സുജിത് പി.വി

റഷ്യൻ നാടോടിക്കഥ

# കാരേലപ്പൂപ്പന്റെ കുരുക്കുകൾ

പുനരാഖ്യാനം
ദേവിപ്രിയ

മുക്കുവഗ്രാമത്തിൽ ആ വർഷം കാലക്കേടിന്റെയും പട്ടിണിയുടേതുമായിരുന്നു. മീനുകൾ കുറയുന്നതുപോലെ. വസന്തകാലമായപ്പോഴേക്കും കടലിൽ നിന്ന് മീനുകൾ ഒഴിഞ്ഞുപോയതുപോലെ ആർക്കും മീൻ കിട്ടാതായി.

അടുപ്പുകൾ പുകയാതെ ഗ്രാമം മുഴുപ്പട്ടിണിയിലായി. ഗ്രഹപ്പിഴയ്ക്കു പരിഹാരം കാണുന്നതിനായി ഗ്രാമവാസികൾ കൂടിയിരുന്ന് ആലോചിച്ചു. കടലമ്മ കനിയാനായി ഒരു വഴിയും തെളിഞ്ഞുവന്നില്ല. ഒടുവിൽ ഒരാളിന് വെളിപാടുപോലെ ഒരാശയം തോന്നി.

‘‘കൂട്ടരേ, സത്യമാണോ എന്നറിയില്ല. നമ്മുടെ കാരേലപ്പൂപ്പൻ പണ്ട് കടലമ്മയുടെ സുഹൃത്തായിരുന്നെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു നല്ല ചാകര കിട്ടുന്നതിനു വഴിയെന്തെന്ന് നമുക്കു ചോദിച്ചാലോ?’’

എല്ലാവർക്കും ഉത്സാഹമായി. ഗ്രാമത്തിന്റെ അതിർത്തിയിലായിരുന്നു കാരേലപ്പൂപ്പന്റെ വീട്. പണ്ട് കാരേലപ്പൂപ്പൻ സമർഥനും തടിമിടുക്കുള്ളവനുമായ മീൻപിടുത്തക്കാരനായിരുന്നു. ഇന്ന് പ്രായം ഒരുപാടായി. കൂനുമുണ്ട്. വീടിനു പുറത്ത് അങ്ങനെ അധികം ഇറങ്ങാറില്ല. ഗ്രാമക്കാർ വാതിലിൽ മുട്ടിയപ്പോൾത്തന്നെ കാരേലപ്പൂപ്പൻ കതകുതുറന്നു. അവർ എന്തെങ്കിലും പറയുന്നതിനു മുമ്പ് അപ്പൂപ്പൻ പറഞ്ഞു:

‘‘മക്കളേ നിങ്ങൾ എന്തിനാണ് എന്നെക്കാണാൻ വന്നതെന്ന് എനിക്കറിയാം. എനിക്ക് നിങ്ങളോട് ഒരു കാര്യമേ പറയാനുള്ളൂ. ഒരു നല്ല മീൻപിടുത്തക്കാരൻ ഭാഗ്യത്തേക്കാൾ ആശ്രയിക്കേണ്ടത് സ്വന്തം കഴിവിനെയും കയ്യൂക്കിനെയുമാണ്. നിങ്ങൾ ഏറ്റെടുക്കുന്ന ജോലി കഠിനമാണെന്ന് എനിക്കറിയാം. കാലം തെറ്റിച്ച് കടലിലിറങ്ങാൻ തുനിയുന്നത് കടലമ്മയ്ക്കിഷ്ടമാകുകയില്ല. എല്ലാറ്റിനും ഓരോ സമയമുണ്ട്. അതു തെറ്റിക്കാൻ പാടില്ല. പക്ഷേ ഇപ്പോഴത്തെ പ്രത്യേക പരിതസ്ഥിതിയിൽ ഞാൻ നിങ്ങളെ സഹായിക്കാം...’’

തന്റെ കഴുത്തിൽ കിടന്ന തൂവാല അഴിച്ചെടുത്ത് കാരേലപ്പൂപ്പൻ ഗ്രാമവാസികളെ



വര: സചീന്ദ്രൻ കാറഡുക്ക

കാണിച്ചു.

''നോക്കൂ, ഇതിൽ മൂന്നു കെട്ടുകളുണ്ട്. ഈ തൂവാല ഞാൻ നിങ്ങൾക്കു തരികയാണ്. തോണിയുടെ പായ വലിച്ചുകെട്ടുമ്പോൾ മാത്രം ആദ്യത്തെ കെട്ട് അഴിക്കുക. അത് നിങ്ങൾക്ക് അനുകൂലമായ കാറ്റ് തരും. കാറ്റുനിലച്ച് തോണി നിൽക്കുമ്പോൾ വല വീശാൻ തയ്യാറായി രണ്ടാമത്തെ കെട്ടഴിക്കണം. അത് മീനുകളെ നിങ്ങളുടെ വലയിലേക്കാകർഷിക്കും. മൂന്നാമത്തെ കെട്ട് ഒരു കാരണവശാലും അഴിക്കരുത്. ഈ കെട്ടകാലം കടന്നു കിട്ടാനുള്ളത്ര മീനിനെ കടൽ നിങ്ങൾക്കു തരും. അതുകൊണ്ട് തൃപ്തിപ്പെടണം. ഒരിക്കലും രണ്ടാമത് വലവീശരുത്.''

കാരേലപ്പൂപ്പന്റെ വാക്കുകൾ പൂർണമായും അനുസരിക്കാമെന്ന് മീൻപിടുത്തക്കാർ വാക്കുകൊടുത്തു. തൂവാല അവരെ ഏൽപ്പിച്ചുകൊണ്ട് അപ്പൂപ്പൻ പറഞ്ഞു.

''നമ്മൾ കടലിലിറങ്ങുന്നവരാണ്. ഒരിക്കലും വാക്കു തെറ്റിക്കാൻ പാടില്ല.'' രാത്രി ഉറക്കമൊഴിച്ചിരുന്ന് മീൻ പിടുത്തക്കാർ തോണിയും വലയും ശരിപ്പെടുത്തി. പുലർന്നപ്പോഴേക്കും എല്ലാ തയ്യാറെടുപ്പുകളോടും കൂടി അവർ യാത്ര തുടങ്ങി.

തൂവാലയുടെ ആദ്യത്തെ കെട്ടഴിച്ചപ്പോൾ കാരേലപ്പൂപ്പൻ പറഞ്ഞതുപോലെ ഒരു സുന്ദരൻകാറ്റ് വീശിയടിച്ചു. ശക്തിയേറിയ ആ കാറ്റിൽ തിരമാലകളെ കീറിമുറിച്ചുകൊണ്ട് തോണി ഉൾക്കടലിലേക്കു പാഞ്ഞു. കുറച്ചുകഴിഞ്ഞ് കാറ്റ് ശക്തികുറഞ്ഞ് നിശ്ചലമായി. തോണിയിലെ പായ ചലനമറ്റു. തോണി തനിയെ നിന്നു.

"ഇതാവും സ്ഥലം. നമുക്കു വല വീശാം.'' നങ്കൂരമിട്ട് തോണിയുറപ്പിച്ചിട്ട് അവർ വല വീശി. ഒപ്പം തൂവാലയിലെ രണ്ടാമത്തെ കെട്ടുമഴിച്ചു. ഉടനെതന്നെ വലയ്ക്കുചുറ്റും ഓളങ്ങളും ചെറിയ തിരകളും കാണാറായി. മീൻകൂട്ടം ഇരച്ചുകയറുമ്പോൾ വല ശക്തമായി കുലുങ്ങി. ബഹളമെല്ലാം ഒഴിഞ്ഞപ്പോൾ അവർ വല വലിച്ചുകയറ്റി. ഇത്രയും മീനുകൾ ഒരിക്കലും ആ വലയ്ക്കകത്തു കയറിയിട്ടില്ല. എന്തൊരു ഭാരം. മീനുകൾ നിറഞ്ഞു തുളുമ്പുന്ന വലകണ്ട് പലരുടെയും കണ്ണുതള്ളി.

''കാരേലപ്പൂപ്പാ, നന്ദി!'' അവർ ആർത്തുവിളിച്ചു. ''ഇത്ര നല്ല ചാകര ഇതിനുമുമ്പ് ഉണ്ടായിട്ടേയില്ല''

പെട്ടെന്നാണ് ഒരു മീൻ പിടുത്തക്കാരൻ പറഞ്ഞത്.

''എന്നാലും അടുത്ത ചാകരക്കാലം വരെ നമുക്ക് കുടുംബം പുലർത്തണമെങ്കിൽ ഇതുപോലെ ഒരു മൂന്നുപ്രാവശ്യമെങ്കിലും വല വീശേണ്ടേ കൂട്ടരേ?''

കൂട്ടത്തിൽ ഇളയ മുക്കുവൻ ശാസിച്ചു. ''എന്താ ഈ പറയുന്നത്? ആദ്യ വലവീശലിൽ കടൽ തരുന്നതുകൊണ്ട് തൃപ്തിപ്പെടണമെന്നല്ലേ കാരേലപ്പൂപ്പൻ പറഞ്ഞുവിട്ടത്? മറന്നുപോയോ?''

സംഘത്തിലെ നേതാവിന് ദേഷ്യം വന്നു. ''നിങ്ങൾ ചെറുപ്പക്കാർക്ക് ഞങ്ങളെപ്പോലെ പ്രാരാബ്ധമൊന്നുമില്ല. അതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്. തോണിനിറയെ മീനില്ലാതെ തിരിച്ചു ചെല്ലുന്നത് നാണക്കേടു തന്നെയാണ്.''

അല്പനേരത്തെ തർക്കത്തിനുശേഷം ഭൂരിപക്ഷാഭിപ്രായപ്രകാരം അവർ രണ്ടാമതും വലയെറിഞ്ഞു. പക്ഷേ ഒരു മീൻപോലും കയറിയില്ല. നേതാവ് പറഞ്ഞു.

''ആ തൂവാലയിലെ മൂന്നാമത്തെ കെട്ടും കൂടി അഴിക്കാം. എന്നാലേ മീൻ കയറുകയുള്ളൂ.''

ചിലർ എതിർത്തെങ്കിലും അതിനു വിലയുണ്ടായില്ല. അവർ തൂവാലയിലെ മൂന്നാമത്തെ കെട്ട് അഴിക്കുകതന്നെ ചെയ്തു. പെട്ടെന്ന് കടൽ ഭ്രാന്തമായി ഇളകിമറിഞ്ഞു. തിരകൾ തോണിക്കുമീതെ പൊങ്ങി. വലയിൽ ശക്തമായ ചലനം അനുഭവപ്പെട്ടു.

''മീൻ കുടുങ്ങി!'' നേതാവ് സന്തോഷത്തോടെ വിളിച്ചുപറഞ്ഞു. ''ഞാൻ പറഞ്ഞില്ലേ, നമുക്കിതുകൊണ്ട് ഭാഗ്യമേ വരികയുള്ളൂഎന്ന്?''

**ചിലർ എതിർത്തെങ്കിലും അതിനു വിലയുണ്ടായില്ല. അവർ തൂവാലയിലെ മൂന്നാമത്തെ കെട്ട് അഴിക്കുക തന്നെ ചെയ്തു. പെട്ടെന്ന് കടൽ ഭ്രാന്തമായി ഇളകിമറിഞ്ഞു. തിരകൾ തോണിക്കുമീതെ പൊങ്ങി. വലയിൽ ശക്തമായ ചലനം അനുഭവപ്പെട്ടു**

വലയുടെ ഭാരം പതിവിലും കൂടുതലായിരുന്നെങ്കിലും കരുത്തരായ മീൻപിടുത്തക്കാർ അതു വലിച്ചുകയറ്റി. വലയിൽ ഒരേ ഒരു മീൻ മാത്രം. വാൽ മുറിഞ്ഞുപോയ ഭീമാകാരനായ ഒരു അയല. ആരും ഇത്രയും വലിപ്പമുള്ള അയലയെ കണ്ടിട്ടില്ലായിരുന്നു.

അപ്പോഴേക്കും സൂര്യൻ അസ്തമിക്കാൻ തുടങ്ങി. കടൽ ശാന്തമായി. പെട്ടെന്ന് കടലിനുമീതേ ചില ശബ്ദങ്ങൾ കേട്ടു. വേറെ തോണി വരികയാണോ എന്ന് മീൻപിടുത്തക്കാർ ചുറ്റിനും നോക്കി. ഒരു തോണിയേയും കണ്ടില്ല.

''കടൽക്കാക്ക ചിലച്ചതാവും.'' നേതാവ് പറഞ്ഞു.

പെട്ടെന്ന് ഉച്ചത്തിൽ ഒരു കാഹളം മുഴങ്ങി. ഗ്രാമത്തിൽ മേയാൻ വിട്ട പശുക്കളെ തിരിച്ചുവിളിക്കുന്നതുപോലെയുള്ള കാഹളം.

തോണിക്കാരെ നടുക്കിക്കൊണ്ട് ഒരു സ്ത്രീശബ്ദമുയർന്നു.

''എല്ലാവരും ഉണർന്നിരിക്കുന്നോ? എല്ലാവരും വീട്ടിലുണ്ടോ?''

ഒരു കൊച്ചു പെൺകുട്ടിയുടെ ശബ്ദം മറുപടി പറഞ്ഞു.

''ഉണ്ട്. ആ മുറിവാലൻ മണ്ടനൊഴിച്ച് എല്ലാപേരുമുണ്ട്.''

കുറേക്കൂടി ഉച്ചത്തിൽ കാഹളം മുഴങ്ങി. പെട്ടെന്ന് മുറിവാലൻ അയല ഭ്രാന്തമായി പിടയാൻ തുടങ്ങി. മൂർച്ചയുള്ള

**വീണ്ടും കാഹളം മുഴങ്ങി. ഒപ്പം ചെറുമണികൾ കിലുങ്ങുന്ന ശബ്ദവും. മുറിവാലൻ അയല വീണ്ടും പിടഞ്ഞുതുടങ്ങി. ഭീമാകാരൻ വായ തുറന്ന് ചെകിളകളിളക്കി. അവൻ തോണിയിൽ നിന്ന് പുറത്തുചാടാൻ ശ്രമിച്ചു. തോണി ആടിയുലഞ്ഞു. "ഈ പിശാച് എന്തുചെയ്യാനാണു പോകുന്നത്?" നേതാവ് പിറുപിറുത്തു.**

പല്ലുകൾ കാട്ടിക്കൊണ്ട് അവൻ മറ്റു മീനുകളെ തള്ളിമാറ്റി തോണിയിലാകെ നിരങ്ങിപ്പിടഞ്ഞു. നേതാവ് തുഴകൊണ്ട് അതിനെ ക്രൂരമായി തല്ലി നിശ്ചലനാക്കി. പിന്നെ അയാൾ ഉറക്കെപ്പറഞ്ഞു:

''നങ്കൂരമുയർത്ത്. എത്രയും വേഗം നമുക്കിവിടെനിന്നു രക്ഷപ്പെടാം.'' പക്ഷേ അവർ എത്ര ശ്രമിച്ചിട്ടും തോണി അനങ്ങിയില്ല. രാത്രി മുഴുവൻ അവർ കിണഞ്ഞു ശ്രമിച്ചു. പക്ഷേ തോണി കുലുങ്ങിയതുപോലുമില്ല. പുലർച്ചെ കിഴക്ക് ആകാശം ചുവന്നു തുടങ്ങിയപ്പോൾ വീണ്ടും അവർ ആ ശബ്ദം കേട്ടു.

''എല്ലാവരും ഉണർന്നിരിക്കുന്നോ? എല്ലാവരും വീട്ടിലുണ്ടോ?''

''ഉണ്ട്. ആ മുറിവാലൻ മണ്ടനൊഴിച്ച് എല്ലാപേരുമുണ്ട്. ഇതുവരെ അവൻ മടങ്ങിവരുന്ന ഒരു ലക്ഷണവുമില്ല.''

വീണ്ടും കാഹളം മുഴങ്ങി. ഒപ്പം ചെറുമണികൾ കിലുങ്ങുന്ന ശബ്ദവും. മുറിവാലൻ അയല വീണ്ടും പിടഞ്ഞുതുടങ്ങി. ഭീമാകാരൻ വായ തുറന്ന് ചെകിളകളിളക്കി. അവൻ തോണിയിൽ നിന്ന് പുറത്തുചാടാൻ ശ്രമിച്ചു. തോണി ആടിയുലഞ്ഞു.

''ഈ പിശാച് എന്തുചെയ്യാനാണു പോകുന്നത്?'' നേതാവ് പിറുപിറുത്തു.

''ചിലപ്പോൾ ഇവനെയാവും അവരന്വേഷിക്കുന്നത്.''

അവർ മുറിവാലൻ അയലയെ തൂക്കിയെടുത്ത് കടലിലേക്കെറിഞ്ഞു. അതേ സമയത്ത് അവർ ഒരിക്കൽക്കൂടി ആ ശബ്ദം കേട്ടു.

''നോക്കൂ, മുറിവാലൻ മണ്ടൻ അതാ വരുന്നു. ധൃതിയിൽ നിറയെ കുമിളയും പതപ്പിച്ചാണ് വരുന്നത്.''

പിന്നെ ഭയങ്കരമായ ഒരു കാറ്റുവീശി. തിരമാലകൾ ആകാശത്തേക്ക് ഉയർന്നുപൊങ്ങി. അവ തോണിയെ എടുത്ത് അമ്മാനമാടി. ഇത്ര ഭയങ്കരമായ ഒരു കടൽക്ഷോഭം തോണിയിലുള്ളവരാരും കണ്ടിരുന്നില്ല. തിരമാലകൾ തോണിയെയുംകൊണ്ട് നീങ്ങി. മീൻപിടുത്തക്കാർ മരണത്തെ മുന്നിൽ കണ്ട് ഭയന്നു.

വൈകുന്നേരത്തോടടുത്ത് തോണി ഒരു ദ്വീപിനു സമീപമണഞ്ഞു. എല്ലാവരും ചാടിയിറങ്ങി തോണിയെ വലിച്ച് കരയിലേക്കടുപ്പിച്ചു.

''നമ്മളെവിടെയാണ്?'' അവർ അമ്പരന്നു. ''കടലമ്മ നമ്മളെ എവിടെയാണ് എത്തിച്ചിരിക്കുന്നത്?''

പാറയുടെ പിന്നിൽനിന്ന് സാവധാനം ഒരു വൃദ്ധൻ മുന്നോട്ടു വന്നു. നിലം മുട്ടുന്നത്രയും കൂന്. മഞ്ഞുപോലെ വെളുത്തതാടി. അയാൾ പറഞ്ഞു.

''ഇത് ഹിയു- മാ ദ്വീപാണ്. ആരും അറിഞ്ഞുകൊണ്ടിവിടെ വരില്ല.''

അവശരായിരുന്ന തോണിക്കാരെ അയാൾ തടികൊണ്ടുള്ള കുടിലിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഭക്ഷണവും വെള്ളവും കൊടുത്തു. അതിനുശേഷം തീ കാഞ്ഞുകൊണ്ടിരുന്ന അവരോട് വൃദ്ധൻ ചോദിച്ചു. ''നിങ്ങളെവിടുന്നാണ് വരുന്നത്? ഈ അസമയത്തെന്തിനാണ് മീൻ പിടിക്കാനിറങ്ങിയത്?''

അവർ ഉണ്ടായതെല്ലാം വൃദ്ധനോടു പറഞ്ഞു. ഒന്നുമാത്രം മറച്ചുവച്ചു. തൂവാലയിലെ മൂന്നാമത്തെ കെട്ടഴിച്ച കാര്യം.

വൃദ്ധൻ പറഞ്ഞു. ''കാരേലിനെ എനിക്കു നല്ലവണ്ണമറിയാം. അവൻ നിങ്ങളെ എങ്ങോട്ടാണയച്ചതെന്നറിയുമോ? കടലമ്മയുടെ കൊട്ടാരവളപ്പിലേക്ക്. കടലമ്മയുടെ മീനുകളെ അവിടെയാണ് മേയാൻ വിടുക. പക്ഷേ അവയൊന്നും ഒരു വലയിലും കുടുങ്ങുകയില്ല. നല്ല ബുദ്ധിയുള്ള മീനുകളാണ്. അവർക്കൊപ്പം മേയാൻ വേണ്ടി ദൂരെനിന്ന് വേറെ മീനുകൾ വരും. അവരൊക്കെയാണ് നിങ്ങളുടെ വലയിൽ കുടുങ്ങിയത്. പക്ഷേ ആ മുറിവാലൻ അയല... അവനെങ്ങനെ നിങ്ങളുടെ വലയ്ക്കകത്തുവന്നു? അതുമാത്രം പിടികിട്ടുന്നില്ലല്ലോ.

മീൻപിടുത്തക്കാരുടെ മുഖം

വാടി. മൂന്നാം കുരുക്കഴിച്ചപ്പോ ഴാണ് മുറിവാലൻ അയല വല യിൽ വന്നതെന്ന് എങ്ങനെ പറയും?

പുറത്ത് കടൽക്ഷോഭം ശക്തിയാർജിച്ചു. ജനാല കളിൽ വെള്ളം ആഞ്ഞടിച്ചു. ചിമ്മിനിയിലൂടെ ജലം അക ത്തേക്കും തെറിച്ചു.

പഴയ വലകൾ വിരിച്ച് വൃദ്ധൻ അവർക്കു കിടക്കാ നുള്ള ഇടം ഒരുക്കി. പുലർച്ചെ അവരുണർന്നപ്പോഴും കടൽ കലി തുള്ളുകയായിരുന്നു.

''പേടിക്കേണ്ട.'' വൃദ്ധൻ പറഞ്ഞു. ''എനിക്കു നിങ്ങളെ സഹായിക്കാൻ കഴിഞ്ഞേക്കും. കാരേലിന്റെ ആ തൂവാല ഇങ്ങു തരൂ...''

എല്ലാവരും ചകിതരായി. മടി യോടെ നേതാവ് ആ തൂവാല വൃദ്ധന്റെകൈയിൽ കൊടുത്തു. അതു പരിശോധിച്ച വൃദ്ധൻ അവരെ രൂക്ഷ മായി നോക്കി. പിന്നെ നിഷേ ധാർഥത്തിൽ തല കുലുക്കി.

''എനിക്കറിയാം.'' അയാൾ പറഞ്ഞു. ''ഞാനിത് മുമ്പ് കണ്ടിട്ടുണ്ട്. ഇതിൽ മൂന്നു കെട്ടുകളുണ്ടായിരുന്നു. രണ്ടു കെട്ടുകൾ അഴിച്ച കാര്യം നിങ്ങൾ എന്നോടു പറഞ്ഞു. മൂന്നാമത്തെ കെട്ടെവിടെ? സത്യം പറയൂ. അതും നിങ്ങൾ അഴിച്ചോ?''

മീൻപിടുത്തക്കാർ വൃദ്ധന്റെ മുഖത്തെ ഭാവം കണ്ട് ചകിത രായി. പിന്നെ ധൈര്യം സംഭരിച്ച് സത്യം തുറന്നു പറഞ്ഞു. വൃദ്ധന്റെ മുഖം ദേഷ്യം കൊണ്ട് തുടു ത്തു. കണ്ണുകളിൽ തീ നിറയുന്നതു പോലെ. മീൻപിടുത്തക്കാർ ഭയന്നുവിറച്ചു.





''നിങ്ങൾ ചീത്ത മനുഷ്യരാണ്.'' വൃദ്ധൻ പറഞ്ഞു. ''സത്യസന്ധതയോ ആത്മാർഥതയോ ഇല്ലാത്തവർ. കാരേലിനോട് അനുസരണക്കേട് കാണിച്ചു. നിങ്ങളെ സഹായിച്ച എന്നോട് കള്ളം പറഞ്ഞു. പറ്റിക്കാൻ ശ്രമിച്ചു.''

കുറ്റബോധത്തോടെ തല താഴ്ത്തി നിൽക്കുന്ന അവരെ അൽപ്പനേരം നോക്കിനിന്നിട്ട് വൃദ്ധൻ പറഞ്ഞു.

''വിശന്നിരിക്കുന്ന കുഞ്ഞുങ്ങളുണ്ടല്ലോ നിങ്ങളുടെ കുടിലുകളിൽ? അവരെയോർത്തു ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങൾക്ക് ആവശ്യത്തിനുള്ള ശിക്ഷ കിട്ടിക്കഴിഞ്ഞു. കാരേൽ എന്റെ സുഹൃത്തുമാണ്. അതെ. അതുകൊണ്ട് ഞാൻ സഹായിക്കാം.''

വൃദ്ധൻ ശ്രദ്ധാപൂർവം ആ തൂവാലയിൽ പ്രത്യേകരീതിയിൽ ഒരു കുരുക്കിട്ടു.

''ഇനിയെങ്കിലും നിങ്ങൾ വാക്കുപാലിക്കണം. ഈ കുരുക്ക് അഴിക്കരുത്. അഴിച്ചാൽ ഇനി കിട്ടുന്ന ശിക്ഷ ഞാൻ പറയേണ്ടല്ലോ.''

വൃദ്ധനു നന്ദിപറഞ്ഞ് അവർ തോണിയിറക്കി വീട്ടിലേക്കു തിരിച്ചു. അന്നുതന്നെ കാറ്റിന്റെ സഹായത്തോടെ അവർ വീട്ടിലെത്തുകയും ചെയ്തു.

അത്ഭുതമെന്നു പറയട്ടെ. തോണിയിലുണ്ടായിരുന്ന മീനുകൾ അടുത്ത ചാകരക്കാലം വരെ അവരെ പട്ടിണികൂടാതെ കാത്തു.

അങ്ങനെ ശുഭമായി എല്ലാം പര്യവസാനിച്ചു. മീൻപിടുത്തക്കാർ അവർ പഠിച്ച പാഠം ഒരിക്കലും മറന്നില്ല. അന്നു തുടങ്ങി മുക്കുവന്റെ വാക്കിന് അവൻ കയറിൽക്കെട്ടുന്ന കുരുക്കിനോളം ദൃഢത. മരിച്ചാലും അവൻ വാക്കുമാറി പ്രവർത്തിക്കില്ല.

## പാലാ കെ എം മാത്യു – ബാലസാഹിത്യ അവാർഡ് കൃതികൾ ക്ഷണിക്കുന്നു

**പ്രശസ്ത ബാലസാഹിത്യ രചയിതാവും മുൻ ലോകസഭാംഗവും സാമൂഹിക–സാംസ്കാരിക–രാഷ്ട്രീയ നായകനുമായിരുന്ന ശ്രീ. പാലാ കെ എം മാത്യുവിന്റെ പേരിലുള്ള 8–ാമത് ബാലസാഹിത്യ അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു. 2017 ൽ പ്രസിദ്ധീകരിച്ച ഏറ്റവും നല്ല ബാലസാഹിത്യ രചനയ്ക്കാണ് 25000/– രൂപയുടെ ക്യാഷ് അവാർഡും പുരസ്കാരവും നൽകുന്നത്. പാലാ കെ.എം. മാത്യുവിന്റെ ജന്മദിനമായ ജനുവരി 11 ന് അവാർഡ് വിതരണം ചെയ്യും. 2018 ഡിസംബർ 15–ാം തീയതിക്കകം രചനകളുടെ മൂന്ന് കോപ്പികൾ വീതം സോമു മാത്യു, ഡയറക്ടർ, പാലാ കെ എം മാത്യു ഫൗണ്ടേഷൻ, കിഴക്കയിൽ ബിൽഡിംഗ്സ്, കളക്ടറേറ്റ് പി.ഒ., കോട്ടയം–686 002 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറായിരുന്നു പാലാ കെ എം മാത്യു.**

# ഓർമയുടെ ക്ലാസ്മുറി

സുമേഷ് കൃഷ്ണൻ എൻ എസ്



ഓർമയിൽ പൂത്തുലഞ്ഞീടുന്നതിപ്പൊഴും
ആദ്യ വിദ്യാലയ കാലം
മുറ്റത്തെ മാവിൻചുവട്ടിലെൻ ജീവിതം
മൊട്ടിട്ട സുന്ദരകാലം
ചോക്കിൻ വെളുപ്പിലും ബോർഡിൻ കറുപ്പിലും
ലോകം വിടർന്നോരു കാലം
നിത്യദാരിദ്ര്യം തളംകെട്ടി നിന്നൊരെൻ
കൊച്ചുമൺകൂരതന്നുള്ളിൽ
രാമഴ പെയ്കെ കരഞ്ഞു തളർന്നൊരെൻ
രോഗക്കിനാക്കളോടൊപ്പം
പുസ്തക കുഞ്ഞുങ്ങളൊട്ടും നനയാതെ
ഭദ്രമായ് വച്ചോരു കാലം
അധ്യാപകർ തൻ അനുഗ്രഹാശിസ്സുകൾ
അക്ഷരവാതിൽ തുറന്നു
നഷ്ട സൗഭാഗ്യങ്ങളൊക്കെയുമെൻ കാവ്യ-
ചിത്തച്ചിലങ്കയിൽ കോർത്തു
ഒറ്റയ്ക്കൊരിക്കൽ മഹാ മൗന പർവത-
നെറ്റിയിൽ കുറ്റിപോൽ നിൽക്കെ
ഉള്ളിന്റെയുള്ളിൽ നിന്നാരോ മധുരമായ്
ചൊല്ലുന്നിതീവിധം മെല്ലെ
ഇന്നത്തെയിക്കനൽക്കാലത്തിൽ നിന്നു നീ
പൊന്നുരുക്കീടുകെന്നുണ്ണീ
സർഗസാരസ്വതപ്പൂക്കൾ ചിരിക്കുന്ന
സ്വർഗം വിടർത്തുകെന്നുണ്ണീ
അറിവിന്റെ ആകാശമൗലിയിൽ പൂക്കുന്ന
നിറദീപമാകുകെന്നുണ്ണീ.

വര: ടി ആർ രാജേഷ്

# ഒരച്ഛൻ മകൾക്കെഴുതിയ ചരിത്രപാഠങ്ങൾ

സെബാസ്റ്റ്യൻ പള്ളിത്തോട്

"നെഹ്റു രാഷ്ട്രീയത്തിൽ പ്രവേശിച്ചതുമൂലം ഇംഗ്ലീഷ് സാഹിത്യത്തിനു നഷ്ടപ്പെട്ടത് മഹാനായ ഒരെഴുത്തുകാരനെയാണ്." പ്രശസ്ത സാഹിത്യകാരൻ ബർണാഡ്ഷായുടെ വാക്കുകൾ അന്വർഥമാക്കുന്നവയായിരുന്നു നെഹ്റുവിന്റെ ഓരോ പുസ്തകവും. ആനന്ദഭവൻ സന്ദർശനത്തിനിടയിൽ തനിക്കുണ്ടായ അനുഭവത്തെ കുറിച്ച് വിവരിക്കുകയാണ് ലേഖകൻ.



ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെയും നെഹ്റു കുടുംബത്തിന്റെയും ജ്വലിക്കുന്ന ഓർമകളാൽ സമ്പന്നമായ ആനന്ദഭവൻ പരിസരത്തെ പച്ചപ്പിലും പുറത്തെ തിളയ്ക്കുന്ന ചൂടിലും ഞങ്ങൾക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് അവിടെ മറ്റൊരിടം തുറന്നിരിപ്പുണ്ടായിരുന്നു. ആനന്ദഭവനിലെ പുസ്തകശാല. ഇന്ത്യയെ കണ്ടെത്തിയ മഹാനായ എഴുത്തുകാരന്റെ, ജവഹർലാൽ നെഹ്റുവിന്റെ കൈയൊപ്പുപതിഞ്ഞ പുസ്തകങ്ങൾ. ഇന്ത്യയെ കണ്ടെത്തൽ, വിശ്വചരിത്രാവലോകനം തുടങ്ങി നെഹ്റു എഴുതിയവയും നെഹ്റുവിനെക്കുറിച്ചും ഇന്ദിരയെക്കുറിച്ചും എഴുതപ്പെട്ട ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള പുസ്തകങ്ങൾ, കുട്ടികൾക്കുവേണ്ടിയുള്ള സചിത്രപുസ്തകങ്ങൾ. അവയ്ക്കിടയിലൂടെ മനസ്സിലുള്ള ആ പുസ്തകം തിരഞ്ഞ് ഞാൻ നടന്നു.

''ഇന്നെന്താ പുസ്തകങ്ങളൊന്നും വാങ്ങിക്കുന്നില്ലേ?''


എനിക്കുവേണ്ടി തെരഞ്ഞെടുത്ത ഏതാനും പുസ്തകങ്ങൾ നീട്ടിക്കൊണ്ട് ഭാര്യ തിരക്കി.

''എനിക്കുവേണ്ട പുസ്തകം ഇതുവരെയും കണ്ടില്ല.''

''ലെറ്റേഴ്സ് ഫ്രം എ ഫാദർ ആണോ?''

''അതെ''

എനിക്കുവേണ്ടി തെരഞ്ഞെടുത്ത



പുസ്തകങ്ങളുടെ കൂട്ടത്തിൽ നിന്നും അവർ ആ പുസ്തകം എന്റെ നേർക്കു നീട്ടി.

''ഒരച്ഛൻ മകൾക്കയച്ച കത്തുകൾ!''

ഏതൊരു കുട്ടിക്കും ധൈര്യപൂർവം സമ്മാനിക്കാൻ കഴിയുന്ന പുസ്തകം. പണ്ട്, കുട്ടിക്കാലത്തെന്നോ അതിന്റെ മലയാള പരിഭാഷ വായിച്ചിട്ടുള്ളതാണെങ്കിലും നെഹ്റുവിന്റെ മനോഹരമായ ഇംഗ്ലീഷിലെഴുതപ്പെട്ട ആ കൃതി ഇംഗ്ലീഷിൽ തന്നെ വായിക്കണം എന്ന് ആഗ്രഹിച്ചിരുന്നു. ഇപ്പോഴിതാ ഹാർഡ് ബൗണ്ടിൽ, മനോഹരമായ 'പഫിൻ' പതിപ്പ് (പെൻഗ്വിന്റെ ബാലസാഹിത്യ പ്രസിദ്ധീകരണ വിഭാഗം) എന്റെ കൈകളിൽ. ഒരു കൊച്ചു കുട്ടിയുടെ ഉന്മേഷത്തോടെ പോയ കാലത്തിന്റെ ഓർമകളിൽ ഞാൻ അതിന്റെ പുതുമണം മതിയാവോളം മൂക്കിലേക്കു വലിച്ചെടുത്തു.

''നമുക്കിതു കൊച്ചുമോൾക്കു കൊടുക്കണം. അവൾക്ക് ഇഷ്ടപ്പെടും.'' അതെ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സുഗതകുമാരി ടീച്ചർ പുനരാഖ്യാനം ചെയ്ത 'മഹാഭാരതവും' അഷിതയുടെ '365 കുഞ്ഞുകഥകളും' തന്റെ വായനയുടെ ഭാഗമാക്കിയ ഞങ്ങളുടെ പേരക്കുട്ടിക്ക് ഇതിലും വലിയൊരു സമ്മാനമില്ല. കത്തിലെ കഥകളോരോന്നും വായിച്ച് മലയാളത്തിൽ വിവരിച്ചു കൊടുക്കണം എന്നുമാത്രം. ഒന്നോ രണ്ടോ വർഷം കൂടി കഴിയുമ്പോൾ 'കത്തുകൾ' അവൾക്കു തനിയെ വായിക്കാനാകും. ഞാൻ മനസ്സിൽ ഓർത്തു. നെഹ്റുവിന്റെ ഇനീഷ്യലായ ജെ എൻ മോണോഗ്രാം ചെയ്ത, മനോഹരങ്ങളായ ചിത്രങ്ങളോടുകൂടിയ പുതിയ പതിപ്പിന്റെ മുഖവുരയാകട്ടെ അദ്ദേഹത്തിന്റെ പേരക്കുട്ടിയായ പ്രിയങ്കയുടേതാണ്. പുണ്യസുകൃതം പോലെ മൂന്നു തലമുറകളുടെ കൈവിരൽപ്പാടുകൾ.

1928 ലെ വേനൽക്കാലത്ത് ഹിമാലയസാനുക്കളിലുള്ള മുസൗറിയിൽ കഴിഞ്ഞിരുന്ന പത്തുവയസ്സുകാരിയായ ഇന്ദിരാ പ്രിയദർശിനിക്ക്, അവൾക്ക് ചുറ്റിലുമുള്ള വിശാലമായ ലോകത്തെയും പ്രപഞ്ചത്തെയും സംസ്കാരങ്ങളെയും പരിചയപ്പെടുത്തിക്കൊണ്ട് ജവഹർലാൽ നെഹ്റു എഴുതിയ മുപ്പതു കത്തുകളുടെ സമാഹാരം!

''എനിക്ക് എട്ടോ ഒമ്പതോ വയസ്സു



പ്രായമുള്ളപ്പോൾ എഴുതിയവയാണ് ഈ പുസ്തകത്തിലെ കത്തുകളെല്ലാം. ഭൂമിയുടെ ഉത്ഭവത്തെക്കുറിച്ചും മനുഷ്യവംശത്തെക്കുറിച്ചുമെല്ലാം പ്രതിപാദിക്കുന്നവ. വായനയ്ക്കു ശേഷം ദൂരെ കളയാനുള്ള കത്തുകളായിരുന്നില്ല അവയൊന്നും. നമുക്കു ചുറ്റുപാടുമുള്ള ലോകത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചുമെല്ലാം ഒരു പുതിയ വീക്ഷണവും അവബോധവും അവ നമ്മിൽ ഉളവാക്കുന്നു. പ്രകൃതിയെ വലിയൊരു പുസ്തകമായി കാണാൻ അതു പഠിപ്പിക്കുന്നു.'' പുസ്തകത്തിന്റെ മൂന്നാം പതിപ്പിനുള്ള ആമുഖമായി ഇന്ദിരാഗാന്ധി എഴുതി.

**പ്രൈമറി ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചു കുട്ടിക്കുപോലും മാതാപിതാക്കന്മാരുടെ കൂടി സഹായമുണ്ടെങ്കിൽ വളരെ രസകരമായി വായിച്ചു തീർക്കാൻ കഴിയുന്ന മനോഹര രചന! നൂറ്റമ്പതു പേജുള്ള പുസ്തകത്തിന് മുന്നൂറ്റമ്പതു രൂപ വിലയിട്ടിരിക്കുന്നത് അൽപ്പം കൂടുതലായി തോന്നുമെങ്കിലും പുസ്തം വായിച്ചു കഴിയുമ്പോഴേക്കും ആ ഇച്ഛാഭംഗം മാറിക്കിട്ടും.**

പ്രകൃതിയുടെ പുസ്തകം എന്ന ആദ്യ അധ്യായത്തിൽ തുടങ്ങി, ആദിമ ചരിത്രം എഴുതപ്പെട്ടത് എങ്ങനെ, ആദ്യത്തെ ജീവിവർഗങ്ങൾ, മൃഗങ്ങളുടെയും മനുഷ്യരുടെയും വരവ് എന്നിങ്ങനെ ചരിത്രത്തിലേക്കും ഒരു കൊച്ചുകുട്ടിയുടെ ജിജ്ഞാസയേയും ഭാവനയേയും പരിപോഷിപ്പിക്കാൻ ലക്ഷ്യമിട്ട് എഴുതപ്പെട്ട മുപ്പത് അധ്യായങ്ങൾ. പ്രപഞ്ചോത്പത്തിയെയും പരിണാമത്തെയും ഭാഷകളുടെ ഉത്ഭവത്തെയും ആര്യന്മാരുടെ വരവിനെയും രാമായണാദി കാവ്യങ്ങളെയും കുറിച്ച് അദ്ദേഹം വിവരിക്കുന്നത് അത്യുക്തിയോ അതിശയോക്തിയോ ഒട്ടുമില്ലാതെ അതീവ ലളിതവും സരളവുമായിട്ടാണ്. പ്രൈമറി ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചുകുട്ടിക്കുപോലും മാതാപിതാക്കന്മാരുടെ കൂടി സഹായമുണ്ടെങ്കിൽ വളരെ രസകരമായി വായിച്ചു തീർക്കാൻ കഴിയുന്ന മനോഹര രചന! ഇംഗ്ലീഷ് ഭാഷയുടെ ലാളിത്യവും സൗന്ദര്യവും സുതാര്യതയും. കുട്ടികളുടെ മനസ്സറിഞ്ഞ വലിയൊരു സാഹിത്യകാരനുമാത്രം എഴുതാൻ കഴിയുന്ന പുസ്തകം. ''നെഹ്റു രാഷ്ട്രീയത്തിൽ പ്രവേശിച്ചതുമൂലം ഇംഗ്ലീഷ് സാഹിത്യത്തിനു നഷ്ടപ്പെട്ടത് മഹാനായ ഒരെഴുത്തുകാരനെയാണ്'' എന്ന് ബർണാർഡ്ഷാ സങ്കടപ്പെട്ടത് അതിനാലായിരിക്കണം.



എന്നാൽ, നൂറ്റമ്പതു പേജുള്ള പുസ്തകത്തിന് മുന്നൂറ്റമ്പതു രൂപ വിലയിട്ടിരിക്കുന്നത് അൽപ്പം കൂടുതലായി തോന്നുമെങ്കിലും പുസ്തകം വായിച്ചു കഴിയുമ്പോഴേക്കും ആ ഇച്ഛാഭംഗം മാറിക്കിട്ടും. ജവഹർലാൽ നെഹ്റുവിന്റെ പ്രഖ്യാത കൃതികളായ ഡിസ്കവറി ഓഫ് ഇന്ത്യ, ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി മുതലായ ബൃഹത്തായ രചനകളിലേക്ക് പിൽക്കാലത്ത് കുട്ടികൾക്ക് കടന്നു ചെല്ലാനുള്ള പ്രവേശിക കൂടിയായിത്തീരുന്നു 'ലെറ്റേഴ്സ് ഫ്രം എ ഫാദർ ടു ഹിസ് ഡോട്ടർ' എന്ന ഈ കൊച്ചു പുസ്തകം.

കൊച്ചുമകൾക്കു സമ്മാനിക്കാനായി വാങ്ങിയ പുസ്തകത്തിന്റെ ആദ്യത്തെ പുറത്ത് ഞാൻ ഇത്രയും കൂടി എഴുതിവച്ചു.

''അച്ഛൻ മകൾക്കയച്ച കത്തുകൾ
മറ്റൊരച്ഛൻ തന്റെ കൊച്ചുമകൾക്ക്
അലാഹാബാദിലെ ആനന്ദഭവനിൽ നിന്നും,
ഹൃദയപൂർവം...'' അതിനടിയിൽ ഞാൻ പേരെഴുതി ഒപ്പിട്ടു.

1928 ൽ എഴുതപ്പെട്ട ഈ പുസ്തകം, തൊണ്ണൂറ് വർഷങ്ങൾക്കുശേഷവും വിസ്മയമുളവാക്കിക്കൊണ്ട് നിലനിൽക്കുന്നുവെങ്കിൽ, വരാനിരിക്കുന്ന വർഷങ്ങളിലും അത് നമ്മുടെ കുട്ടികളെ ആകർഷിക്കുകയും വായിക്കാൻ നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരിക്കും എന്നതിൽ സംശയമില്ല.



# പണ്ടത്തെ ഒരു പിറന്നാൾ


വര: സുധീർ പി വൈ

ആനന്ദഭവനിൽ അന്ന് ഉത്സവമാണ്. കൊച്ചു ജവഹറിന്റെ ജന്മദിനം. അമ്മ സ്വരൂപ്റാണിയും സഹോദരിമാർ വിജയലക്ഷ്മിയും കൃഷ്ണയുമെല്ലാം ഉത്സാഹത്തിലാണ്. ആനന്ദഭവനിലെ രാജകുമാരന്റെ പിറന്നാൾ. അക്കാലത്തെ മഹാ ധനികന്മാരിലൊരാളായിരുന്നു കുടുംബനാഥനായ മോട്ടിലാൽ നെഹ്റു. അതിപ്രശസ്തനായ വക്കീൽ. അലഹബാദിലെ ഏറ്റവും വലിയ പ്രമാണിമാരും ഇംഗ്ലീഷ് ഉദ്യോഗസ്ഥരുമാണ് സുഹൃത്തുക്കൾ. അന്ന് എല്ലാവരെയും ക്ഷണിച്ച് വിഭവസമൃദ്ധമായ ഡിന്നർ നൽകും. പാശ്ചാത്യരീതിയിലുള്ള ഭക്ഷണമുണ്ടാക്കുന്ന വിദഗ്ധരായ ബട്ട്ലർമാർ ഉണ്ട്. ജോലിക്കാരുടെ ഒരു പട തന്നെയാണവിടെ. സസ്യാഹാരം മാത്രം പാകം ചെയ്യുന്ന അടുക്കളയും ബ്രാഹ്മണ പാചകക്കാരും. മറ്റേത് മാംസാഹാരം പാകം ചെയ്യുന്നതും. ജവഹറിന്റെ അമ്മ ഉൾപ്പെടെയുള്ള സ്ത്രീകൾ സസ്യാഹാരം മാത്രമേ കഴിക്കുകയുള്ളൂ.

പുലരിയിൽ തന്നെ കുട്ടിയെ കുളിപ്പിച്ച് പട്ടുകുപ്പായവും കസവുതൊപ്പിയും ധരിപ്പിച്ച് സ്വർണമാലയും തിലകവുമണിയിച്ച് പൂജാദേവതകളെ വന്ദിപ്പിച്ച് വലിയ ഹാളിൽ കൊണ്ടുവന്നു. അച്ഛനമ്മമാരുടെ പാദം തൊട്ടു നമസ്കരിച്ചു. കുട്ടിയുടെ ശിരസ്സിൽ കൈവച്ച് മുതിർന്നവരെല്ലാം ആശംസകൾ നേർന്നു. പിന്നീടാണ് ഒരു പ്രധാന ചടങ്ങ്. ഒരു തുലാസ്സിന്റെ തട്ടിൽ പിറന്നാളുകാരനെ ഇരുത്തി. മറ്റേത്തട്ടിൽ അവന്റെ തൂക്കത്തിൽ അരി കൂമ്പാരമായി കൂട്ടി തുലാഭാരം നടത്തി. വെളിയിൽ ഒരു വലിയ കൂട്ടം ജനങ്ങൾ കാത്തുനിൽപ്പുണ്ട്. ഒരുപാട് കുട്ടികളും. ജവഹറിന്റെ തുലാഭാരം നടത്തിയ അരി പിറന്നാളുകാരന്റെ കൈകൊണ്ടു തന്നെ ആദ്യ വിതരണം ചെയ്തു. പിന്നീടുള്ളവർക്കുമെല്ലാം അരി നൽകി. സാധുസ്ത്രീകൾക്കു വസ്ത്രം, പണം അങ്ങനെ ദാനകർമങ്ങൾ കുറേനേരം നടന്നു. ആ പ്രദേശത്തെ പാവങ്ങളെല്ലാം പിറന്നാൾ കുട്ടിയെ ആശീർവദിച്ചിട്ടാണ് പിരിഞ്ഞുപോയത്. പിന്നെ സാധനങ്ങളുടെ ഒരു കുന്ന്. ഭക്ഷണമേളം. മോട്ടിലാലിന്റെയും സുഹൃത്തുക്കളുടെയും ഉച്ചത്തിലുള്ള ചിരിയും സംഭാഷണവും അലംകൃതമായ മന്ദിരവും പുഷ്പങ്ങളുടെയും ധൂപങ്ങളുടെയും വിശിഷ്ടഭോജ്യങ്ങളുടെയും സുഗന്ധം- ഗുരുജനങ്ങളെല്ലാം കോമളനായ ആ ബാലനെ ശിരസ്സിൽ കൈവച്ച് ആശീർവദിച്ചു. 'ദീർഘായുസ്സുണ്ടാവട്ടെ, ഈശ്വരാനുഗ്രഹമുണ്ടാകട്ടെ.'

ആ കുട്ടി പിന്നീട് ഇന്ത്യയുടെ പ്രധാനമന്ത്രിയാകുമെന്നും ജനകോടികളുടെ പ്രിയപ്പെട്ട നേതാവാകുമെന്നും ആരെങ്കിലും അന്ന് അറിഞ്ഞിരുന്നുവോ? ആ കുട്ടിയാണ് പിന്നീടു പ്രഖ്യാപിച്ചത് ''എന്റെ പിറന്നാൾ ഞാൻ ഇന്ത്യയിലെ കുഞ്ഞുങ്ങൾക്കു നൽകുന്നു. എല്ലാ കുട്ടികളുടെയും ജന്മദിനമാവട്ടെ അത്.''

നിങ്ങൾ കുട്ടികളെ ഏറെ സ്നേഹിച്ച ചാച്ചാ നെഹ്റുവിനെ നമുക്കു സ്മരിക്കാം. ഈ ശിശുദിനവേളയിൽ ആ ചിരിക്കുന്ന മുഖം നമ്മുടെ മനസ്സിൽ തെളിയട്ടെ.



# എം എൻ പാലൂര്

## (1932 - 2018)

**ആത്മാരാമൻ**

മലയാളത്തിലെ ആധുനിക കവികളിൽ പ്രമുഖനായിരുന്നു ഒക്ടോബർ ഒമ്പതാം തീയതി അന്തരിച്ച എം.എൻ. പാലൂർ. 'പാലൂര്' എന്നത് ഇല്ലപ്പേരാണ്; മാധവൻ നമ്പൂതിരിയെന്നതിന്റെ ചുരുക്കെഴുത്താണ് 'എം.എൻ'. പെരിയാറ്റിന്റെ തീരത്താണ് പാലൂര് മന. പതിനൊന്നു മക്കളിൽ ഒമ്പതാമനായിരുന്നു കവി. വലിയ പറമ്പും പഴയ ഇല്ലവും കൊടും ദാരിദ്ര്യവും; നാമജപവും നമസ്കാരവും ശ്ലോകപഠനവും കാടുകാട്ടി നടക്കലും – പാലൂരിന്റെ ബാല്യകാലത്തിന്റെ ചുരുക്കമിതാണ്. ശ്ലോകം പഠിച്ചതാണ് തന്റെ കാവ്യകൗതുകത്തെ വളർത്തിയതെന്നാണ് പാലൂര് പറയാറ്. 'ആയിരം ശ്ലോകം പഠിച്ചാൽ അരക്കവിയാകാം' എന്ന ചൊല്ലു കേട്ടിട്ടില്ലേ? അതുതന്നെ പാലൂരിന്റെയും കഥ. വള്ളത്തോളിന്റെയും ഉള്ളൂരിന്റെയും കുമാരനാശാന്റെയും രചനകൾ കാണാപ്പാഠം പഠിച്ച പാലൂരിന് കവിയാകണമെന്ന മോഹം തോന്നിയതിൽ എന്തത്ഭുതം ?

എന്നാൽ ഉപനയനം (പൂണൂനൂലിടൽ) കഴിഞ്ഞ നമ്പൂതിരിക്കുട്ടികൾക്ക് അക്കാലത്ത് നിർബന്ധമായും പഠിക്കേണ്ടിയിരുന്നത് വേദമാണ്. അഞ്ചു ഗുരുക്കന്മാരുടെ അന്തേവാസിയായി രണ്ടരക്കൊല്ലം വേദം അഭ്യസിച്ചു പാലൂർ. വേദം പഠിക്കാൻ ഒട്ടും താത്പര്യമില്ലാതിരുന്നതിനാൽ എല്ലായിടത്തുനിന്നും ചാടിപ്പോരുകയായിരുന്നുവത്രേ. പത്തു പതിനൊന്നു വയസ്സുള്ള കാലത്ത് കൂരിരുട്ടത്ത് നിറഞ്ഞൊഴുകുന്ന പുഴ നീന്തിക്കടന്നാണ് ഒടുക്കം ചാടിപ്പോന്നത്. ചാക്യാർകൂത്തും പാഠകവും വാദ്യമേളങ്ങളും കഥകളിയുമൊക്കെയായിരുന്നു അക്കാലത്തെ പ്രധാന കലാരൂപങ്ങൾ; എല്ലാ അമ്പലങ്ങളിലും– ഉത്സവകാലത്ത് വിശേഷിച്ചും– ആഘോഷപൂർവം അരങ്ങേറിയിരുന്നവ. കഥകളിയിലായിരുന്നു പാലൂരിന് കമ്പം. അന്നത്തെ പ്രമുഖ വേഷക്കാരെയും പാട്ടുകാരെയും മേളക്കാരെയും പറ്റി കേട്ടുകേട്ട് ആ കമ്പം വളർന്നു. മദ്ദളവിദഗ്ദ്ധനായ വെങ്കിച്ച സ്വാമിയുടെ സഹായത്തോടെ മഹാകവി വള്ളത്തോളിനെച്ചെന്നു കണ്ടെങ്കിലും ഫലമുണ്ടായില്ല. പിൽക്കാലത്ത് വെള്ളിനേഴിയിലെ ഒളപ്പമണ്ണ മനയ്ക്കലെ നമ്പൂതിരിമാരുടെ സഹായത്തോടെ മഹാനടനായ പട്ടിക്കാംതൊടി രാവുണ്ണി മേനോന്റെ ശിഷ്യനായിച്ചേർന്നു. മൂന്നുകൊല്ലം അദ്ദേഹത്തിന്റെ കീഴിൽ പഠിച്ച് വേഷംകെട്ടി. ഒരു കൊല്ലം വാഴേങ്കട കുഞ്ചുനായരുടെ കൂടെയും പഠിച്ചു.

പിന്നെച്ചെയ്തത് ഒരു മോട്ടോർവർക്ക്ഷോപ്പിൽ ചേർന്ന് ഡ്രൈവിങ്ങും മെക്കാനിസവും പഠിക്കലാണ്. ഇരുപത് വയസ്സു തികയുന്നതിനു മുമ്പു തന്നെ ഡ്രൈവറായി പണിയെടുത്തുതുടങ്ങി. അക്കാലത്താണ് മഹാപണ്ഡിതനായ കെ പി നാരായണപ്പിഷാരടിയെ പരിചയപ്പെട്ടതും ഗുരുനാഥനായി വരിച്ചതും. ജീവിതാന്ത്യം വരെ പാലൂരിന്റെ കൺകണ്ടദൈവമായിരുന്നു ഷാരടി മാസ്റ്റർ. പാലൂരിനെ രാമായണം ബാലകാണ്ഡവും കുമാരസംഭവം ഒന്നാം സർഗവും പഠിപ്പിച്ചതദ്ദേഹമാണ്. മഹാകവി ജി. ശങ്കരക്കുറുപ്പിനെയും വൈലോപ്പിള്ളി ശ്രീധരമേനോനെയും പരിചയപ്പെട്ടതും ആയിടയ്ക്കുതന്നെ. 'പൂമ്പാറ്റ'യെന്ന പേരിൽ കുട്ടികൾക്കു വേണ്ടിയൊരു മാസിക സ്ഥാപിച്ച പി എ വാരിയരായിരുന്നു മറ്റൊരു സുഹൃത്ത്. ഡോസ്റ്റോവ്സ്കി, ടോൾസ്റ്റോയ്, വിക്തോർ യൂഗോ, ടാഗോർ, പ്രേംചന്ദ്, ശരച്ചന്ദ്ര ചാറ്റർജി, യശ്പാൽ മുതലായവരുടെ കൃതികൾ വായിച്ചും സുഹൃത്തുക്കളോട് സല്ലപിച്ചും എല്ലാത്തിനെക്കുറിച്ചും ഗാഢമായി ചിന്തിച്ചും ജീവിച്ച നാളുകളായിരുന്നു അവ. പ്രശസ്ത നിരൂപകനായ കുട്ടികൃഷ്ണമാരാരുമായി കത്തിടപാടുകൾ നടത്തി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാ

ധിപരായിരുന്ന പ്രശസ്ത കവി എൻ വി കൃഷ്ണവാരിയരെ പരിചയപ്പെട്ടു. എൻ വി പാലൂരിന്റെ കവിതകൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി.

ഏതാണ്ട് ഇരുപത്തിയഞ്ചു വയസ്സുള്ളപ്പോൾ ബോംബേക്ക് ഒളിച്ചോടിപ്പോയി. എട്ടുറുപ്പിക ദിവസക്കൂലിക്ക് ഡ്രൈവർ പണി നോക്കി. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഇന്ത്യൻ എയർലൈൻസിൽ ജോലി കിട്ടി. മുപ്പതു കൊല്ലത്തിലേറെ അവിടെ ജോലി ചെയ്തു. ('വിമാനത്താവളത്തിൽ ഒരു കവി' എന്ന പ്രസിദ്ധ കവിത ഈ ജോലിയുടെ പശ്ചാത്തലത്തിൽ എഴുതിയതാണ്) പെൻഷൻ പറ്റിയപ്പോൾ ഭാര്യ ശാന്തയോടും ഏകമകൾ സാവിത്രിയോടുമൊപ്പം കോഴിക്കോട് വന്ന് വീടുവെച്ച് താമസമാക്കി.

പാലൂരിന്റെ ജീവിതത്തിൽ ഏറ്റവുമധികം പ്രഭാവം ചെലുത്തിയ കൃതിയെപ്പറ്റി പറയട്ടേ- മഹാഭാരതം. ഒന്നേകാൽ ലക്ഷത്തോളം ശ്ലോകങ്ങളുള്ള മഹാഭാരതം ഇരുപത്തിനാലുതവണ വായിച്ചെത്തിച്ചിട്ടുണ്ടത്രേ പാലൂർ. പാലൂരിന്റെ പിൽക്കാല കവിതകളിൽ പലതിലും ഈ വായനയുടെ അടയാളങ്ങൾ കാണാം.'പേടിത്തൊണ്ടൻ', 'തീർത്ഥയാത്ര', 'ഭംഗിയും അഭംഗിയും', 'സർഗധാര' തുടങ്ങി പലേ കവിതാസമാഹാരങ്ങളുണ്ട് പാലൂരിന്റേതായി. 'കലികാലം' എന്ന സമാഹാരത്തിന് കേരളസാഹിത്യ അക്കാദമി അവാർഡു കിട്ടി; 'കഥയില്ലാത്തവന്റെ കഥ' എന്ന ആത്മകഥയ്ക്ക് (കേന്ദ്ര) സാഹിത്യ അക്കാദമി അവാർഡും.

മറ്റു കവികൾക്ക് ഇല്ലാത്ത അനുഭവ വൈവിധ്യമാണ് പാലൂരിന്റെ കവിതയെ അനന്യമാക്കുന്നത്. ധർമിഷ്ഠനായ ഒരു വ്യക്തി, ലോകത്തെ നർമരസത്തോടെ നോക്കിക്കാണുന്നതിന്റെ ആവിഷ്ക്കാരഭേദങ്ങളാണ് പാലൂരിന്റെ കവിതകളെന്നു പറയാം. കുട്ടിക്കാലം തൊട്ടേ ഗുരുവായൂരപ്പന്റെ ഭക്തനായിരുന്ന പാലൂരിന്റെ 'കുറൂരമ്മ' എന്ന കവിത വായിച്ചു നോക്കൂ.

---


## ഇതാ നിങ്ങൾക്കൊരു ശിശുദിന സമ്മാനം

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിച്ച പത്തു പുസ്തകങ്ങളാണ് സമ്മാനപ്പെട്ടിയിലുള്ളത്



# കുറൂരമ്മ

എം എൻ പാലൂര്

എട്ടുകെട്ടിലൊളിച്ചുകളിക്കുന്ന
കുട്ടാ നിന്നെ തിരഞ്ഞുനടക്കവെ
ഒട്ടിട നിന്റെയോടക്കുഴൽവിളി
കേട്ടുവെന്നു നിനച്ചു രസിക്കുമ്പോൾ
എങ്ങുമെന്നും നിറഞ്ഞുനിൽക്കുന്ന നീ-
യെന്നരികിൽനിന്നോടിയൊളിച്ചുപോയ്.

മണ്മറഞ്ഞോർ നടന്ന മാർഗ്ഗത്തിലൂ-
ടെണ്ണിയാലൊടുങ്ങാത്ത ജന്മങ്ങളായ്
ഉണ്ണിയുണ്ടായ സന്തോഷത്തോടെ ഞാൻ
കണ്ണാ നിന്നെ വിളിച്ചു നടക്കുമ്പോൾ
കണ്ണു നീണ്ടുള്ള പെണ്ണുങ്ങൾതൻ വീട്ടിൽ
കണ്ണുവെട്ടിച്ചു കട്ടുനടക്കയോ?

വെണ്ണവേണം നിനക്കു തരാനതി-
നുണ്ണീ ഞാനൊരു ഗോവിനെ സേവിച്ചു
ഒന്നിനൊന്നായവളെ ഞാൻ ശുശ്രൂഷി-
ച്ചെന്നെ വിസ്മരിച്ചൊപ്പം നടക്കവെ
നല്ല കർമ്മത്തിനുള്ള ഫലംപോലെ
നല്ലവണ്ണം ചുരത്തിനാൾ ദുഗ്ദ്ധവും.

പുത്തനായൊരു മൺകലം വാങ്ങിച്ചു
ശ്രദ്ധയോടെ ഞാൻ പാലുകാച്ചീടുമ്പോൾ
പത പൊങ്ങുന്നു പാൽക്കലത്തിൽപോലെ
ഹൃദയത്തിലുമെല്ലാ ഞരമ്പിലും.
നല്ലവണ്ണം തണുപ്പിച്ചതിനുള്ളിൽ
തെല്ലുറ വീഴ്ത്തിക്കാത്തിരുന്നല്ലൊ ഞാൻ.

കടകോലും കയറുമെടുത്തിട്ടാ-
''ഹരിനൂറ്റെട്ടെ''ന്നമ്മയെപ്പോലവെ
പാടിക്കൊണ്ടു തയിർ കടഞ്ഞീടുമ്പോൾ
കൂടുവിട്ടു കുറൂരമ്മയാകുമ്പോൾ
വെണ്ണകക്കാനൊളിച്ചു നിൽക്കുന്ന നിൻ
കർണ്ണപീയൂഷഗാനം ശ്രവിക്കുന്നു.

*('കുറൂരമ്മ' എന്ന കവിതയിൽ നിന്ന് ചില ഭാഗങ്ങൾ)*





വര: സുധീർ പി വൈ

ചിരകാലമായോമനേ നിന്റെ പേ-
രറിയില്ലെനി,ക്കുള്ള പേരൊക്കെയും
നിന്റെയാണെന്നിരിക്കെ ഞാനെന്തു പേർ
ചൊല്ലി നിന്നെ വിളിക്കിലും കേൾക്കേണ്ടേ?
കണ്ണിലെണ്ണയൊഴിച്ചാണിരിപ്പൂ ഞാൻ
കണ്ണാ നീയെന്റെ കൺമുന്നിലെത്തില്ലേ?

ഏതൊരോടക്കുഴലിൻ നിനാദത്താൽ
ഓടുവാൻ മറന്നൊട്ടിട നിൽക്കുന്നു
ആ യമുനതൻ തീരത്തിൽനിന്നു ഞാ-
നേറെ ദൂരത്തിലാണെന്നിരിക്കിലും
എന്റെ വെണ്ണയും പാലുമുറതൈരും
ഉണ്ണുവാനായരികിലേക്കെത്തില്ലേ?

കാൽച്ചിലമ്പൊച്ച കേൾക്കുന്നതുണ്ടു ഞാൻ
കാച്ചിയ പാലിൻ ഗന്ധവുമുണ്ടല്ലോ
വെണ്ണയും പാലും തൈരും മണക്കുന്നോ-
രുണ്ണി നിന്നെയൊന്നുമ്മവെക്കട്ടെ ഞാൻ.
വിണ്ണവരും കൊതിക്കുമാ നിർവൃതി-
യിങ്ങുതന്നെയനുഭവിക്കട്ടെ ഞാൻ!

# ശിശുദിനം - വിവിധ രാജ്യങ്ങളിൽ

സിന്ധു സാജൻ





**പൂക്കളെയും കുഞ്ഞുങ്ങളെയും ഏറെ സ്നേഹിച്ച ചാച്ചാജിയുടെ ജന്മദിനമാണല്ലോ നാം ശിശുദിനമായി ആഘോഷിക്കുന്നത്. കുട്ടികളുടെ ക്ഷേമത്തിലും സ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി സംഘടിപ്പിക്കുന്ന ദിനമാണ് ശിശുദിനം. ഇന്ത്യയ്ക്കു പുറമേ മറ്റു രാജ്യങ്ങളിൽ ഏതെല്ലാം തരത്തിലാണ് ഈ ആഘോഷങ്ങൾ നടക്കുന്നത് എന്നു നമുക്കു നോക്കാം.**

“നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടേതല്ല. നിങ്ങളിലൂടെ അവർ വരുന്നുവെന്ന് മാത്രം. അവർക്ക് ആവോളം സ്നേഹം നൽകാം. എന്നാൽ നിങ്ങളുടെ ചിന്തകൾ അവരിൽ അടിച്ചേൽപ്പിക്കരുത്. എന്തെന്നാൽ അവർക്ക് അവരുടെതായ ചിന്തകളുണ്ട്.

അവരെപ്പോലെയാകാൻ നിങ്ങൾക്ക് ശ്രമിക്കാം. എന്നാൽ, അവരെ നിങ്ങളെപ്പോലെയാക്കാൻ ശ്രമിക്കരുത്. എന്തെന്നാൽ ജീവിതം ഒരിക്കലും പിറകിലേക്ക് പറക്കുന്നില്ല.”

ലോക പ്രശസ്ത കവിയും ചിത്രകാരനുമായ ഖലീൽ ജിബ്രാൻ ലോകത്തിനു നൽകിയ പ്രശസ്തമായ ചിന്തയാണിത്!

‘പ്രവാചകൻ’ എന്ന തന്റെ സമാഹാരത്തിലൂടെയാണ് കുട്ടികളെക്കുറിച്ച് അദ്ദേഹം മുതിർന്നവരോട് സംവദിക്കുന്നത്.

കൂട്ടുകാരേ, നവംബർ 14 ശിശുദിനമാണെന്ന് പ്രത്യേകം ഓർമിപ്പിക്കേണ്ടതില്ലല്ലോ?

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രിയായിരുന്ന, ചാച്ചാജിയെന്ന് കുട്ടികൾ ഇപ്പോഴും ഇഷ്ടത്തോടെ വിളിക്കുന്ന ജവ ഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണല്ലോ നാം ശിശുദിനമായി ആഘോഷിക്കുന്നത്. ആഹ്ലാദകരമായ ആഘോഷമെന്നതിലുപരി ശിശുദിനാഘോഷത്തിന്റെ പ്രാധാന്യമെന്താണ്? ഇന്ത്യക്കു പുറമേ മറ്റു രാജ്യങ്ങളിൽ ശിശുദിനം ആഘോഷിക്കാറുണ്ടോ? ഏതെല്ലാം തരത്തി ലാണ് ഈ ആഘോഷങ്ങൾ?

കുട്ടികളുടെ ക്ഷേമത്തിലും സ്വാതന്ത്ര്യ ത്തിലും വിദ്യാഭ്യാസത്തിലും ശ്രദ്ധ കേന്ദ്രീക രിക്കുന്നതിനായി സംഘടിപ്പിക്കുന്ന ദിനമാണ് ശിശുദിനം. കുട്ടികൾക്ക് അവരുടെ ജീവിതം ആവോളം ആസ്വദിക്കാനും ആരോഗ്യവും സംസ്കാരവുമുള്ള ഉത്തമ പൗരന്മാരായി വളരാ നുമുള്ള അവസരങ്ങൾ ശിശുദിനാഘോഷങ്ങൾ പ്രദാനം ചെയ്യുന്നു.

ചാച്ചാജിയെക്കുറിച്ചോർക്കാതെ നമുക്ക് ശിശുദിനമില്ലല്ലോ. 1889 നവംബർ 14 നായിരുന്നു നെഹ്റുവിന്റെ ജനനം. 'അമൂല്യമായ രത്ന' മെന്നാണ് ജവഹർ എന്ന അറബി വാക്കിനർഥം. കുട്ടികളോട് അദ്ദേഹം കാണിച്ചിരുന്ന പ്രത്യേക വാത്സല്യവും ഉത്തരവാദിത്തവുമാണ് അദ്ദേ ഹത്തിന്റെ ജൻമദിനം, കുട്ടികളുടെ ദിനമായി ആഘോഷിക്കുവാൻ കാരണമായതും.

കുട്ടിയായിരിക്കുമ്പോൾ മുതൽ ആഘോഷ ങ്ങൾ ഏറെ ഇഷ്ടപ്പെട്ടിരുന്ന ആളായിരുന്നു അദ്ദേഹം. ചെറുപ്പത്തിൽ പിറന്നാളിന് ലഭി ക്കുന്ന വസ്ത്രങ്ങളും സമ്മാനവും വർഷത്തിൽ ഒരിക്കലേ ഉള്ളൂവെന്ന് സങ്കടപ്പെടുമായിരുന്നു അദ്ദേഹം.

തൊപ്പി, റോസാപ്പൂ, പുഞ്ചിരിക്കുന്ന മുഖം- ശിശുദിനാഘോഷച്ചടങ്ങിൽ നാം ഏറെ ഓർക്കുന്ന ബിംബങ്ങളാണിവ! റോസാപുഷ്പം ചാച്ചാജിയുടെ കുപ്പായത്തിൽ സ്ഥാനം പിടി ച്ചതിനു പിറകിലും രസകരമായ ഒരു സംഭവ മുണ്ടത്രേ!

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമ ന്ത്രിയായതിൽ പിന്നെ നിത്യവും അദ്ദേഹത്തെ കാണുവാൻ രാജ്യസ്നേഹികളും ആരാധകരും വിലപിടിപ്പുള്ള സമ്മാനങ്ങളുമായെത്തുമായി രുന്നുവത്രെ!

അവർക്കിടയിൽ തന്റെ വീട്ടുമുറ്റത്തു വളർന്നുനിന്ന ഒരു കൊച്ചുറോസാപുഷ്പ വുമായി ഒരു ഗ്രാമീണസ്ത്രീ അദ്ദേഹത്തെ കാണാനെത്തി. എന്നാൽ അകത്തേക്ക് പ്രവേ ശിക്കാനോ അദ്ദേഹത്തെ കാണാനോ അനു



മതി ലഭിച്ചില്ല അതിനായി അവർ കാവൽക്കാരോട് കയർക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. നെഹ്റു കാര്യമന്വേഷിച്ചു. നിത്യവും അവർ അവിടെയെത്തിയിരുന്നത് അറിഞ്ഞ അദ്ദേഹം അവരെ അകത്തേക്ക് വിളിക്കുകയും റോസാപ്പൂ വാങ്ങി തന്റെ കുപ്പായത്തിലണിയുകയും ചെയ്തുവത്രെ! പിന്നീടദ്ദേഹം റോസാപ്പൂക്കളണിഞ്ഞു തുടങ്ങി. അത് അദ്ദേഹത്തിന്റെ അടയാളമായി ബാക്കിവെച്ചു.

പൂക്കളെ സ്നേഹിക്കുന്ന സഹൃദയനായ ചാച്ചാജിയുടെ പ്രതീകമായി കൂട്ടുകാർ ശിശുദിനത്തിന് റോസാപ്പൂ പരസ്പരം കൈമാറി കുപ്പായത്തിലണിഞ്ഞ് അദ്ദേഹത്തെ സ്മരിക്കുന്നു. കുട്ടികളുമായുള്ള അദ്ദേഹത്തിന്റെ സൗഹൃദവും ഏറെ ശ്രദ്ധേയമാണ്. കുഞ്ഞുങ്ങളെയും പൂക്കളെയും അദ്ദേഹം ജീവനു തുല്യം സ്നേഹിച്ചു.

പൂക്കളെപ്പോലെ സൗരഭ്യം പടർത്തുന്നവരും നിർമലരുമാണ് കുഞ്ഞുങ്ങളെന്ന് അദ്ദേഹം എല്ലാവരേയും ഓർമിപ്പിച്ചു.

'പൂന്തോപ്പിലെ പൂമൊട്ടുകളെപ്പോലെ സ്നേഹത്തോടെയും ശ്രദ്ധയോടെയും പരിചരിക്കപ്പെടേണ്ടവരാണ് കുഞ്ഞുങ്ങൾ. രാഷ്ട്രത്തിന്റെ ഭാവിയും നാളെയുടെ പൗരന്മാരുമാണവർ' അദ്ദേഹത്തിന്റെ ഈ വചനങ്ങൾ ഏറെ പ്രശസ്തമാണ്.

ഒരിക്കൽ ജപ്പാൻ സന്ദർശനത്തിനിടെ ജപ്പാനിലെ കുഞ്ഞുങ്ങൾ ആനയെ കണ്ടിട്ടില്ലെന്നറിഞ്ഞ് മൈസൂരിൽ നിന്ന് വരുത്തിയ ഇന്ദിരയെന്നു പേരിട്ട ഒരാനക്കുട്ടിയെ സമ്മാനിച്ചുവത്രെ! ഇന്ദിരയെന്ന ആനക്കുട്ടിക്ക് ടോക്യോയിൽ ഉജ്വലമായ വരവേൽപ്പായിരുന്നു ലഭിച്ചത്.

വെളുത്ത വസ്ത്രം ധരിച്ച്, നെഹ്റു തൊപ്പിയും വസ്ത്രത്തിൽ റോസാപ്പുവുമണിഞ്ഞ് കൊച്ചു കൂട്ടുകാർ നെഹ്റുവാകുന്ന കാഴ്ച ഇന്ത്യയുടെ ശിശുദിനാഘോഷത്തെ ശ്രദ്ധേയമാക്കുന്നു. വിദ്യാലയത്തിലും പൊതു ഇടങ്ങളിലും കുട്ടികൾക്കായി വർണാഭമായ വിവിധ പരിപാടികളും മത്സരങ്ങളും രാജ്യത്തെമ്പാടും നടത്താറുണ്ട്. കുട്ടികൾക്കുള്ള ദേശീയ അവാർഡുകളും പ്രഖ്യാപിക്കുന്നത് അതേ ദിവസമാണ്.

1857 ൽ ചെൽസിയ (യുണൈറ്റഡ് കിങ്ഡം) യിൽ ആണത്രേ 'ചിൽഡ്രൻസ് ഡേ' തുടങ്ങിവച്ചത്. ജൂണിലെ രണ്ടാമത്തെ ഞായറാഴ്ചയായിരുന്നു അതിനായി തെരഞ്ഞെടുത്തത്. 'റോസ് ഡേ' (Rose day) എന്നായിരുന്നു ആദ്യം നൽകിയ പേര്. പിന്നീട് 'ഫ്ളവർ സൺഡേ' (Flower Sunday) എന്നും താമസിയാതെ 'ചിൽഡ്രൻസ് ഡേ' എന്നും പേര് മാറി വന്നു.

1929 ൽ ടർക്കിയിലാണ് ആദ്യമായി ശിശുദിനം ദേശീയ അവധിദിനമായി പ്രഖ്യാപിക്കുന്നത്. തുടർന്ന് 1950 ൽ ഇന്റർനാഷണൽ ഡേ ഓഫ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ എന്ന പേരിലും ശിശുദിനം ആഘോഷിക്കപ്പെട്ടിരുന്നുവത്രേ.

എന്നാൽ ലോകം മുഴുവൻ കുട്ടികളുടെ ഐക്യം ലക്ഷ്യം വെച്ചുകൊണ്ടും കുട്ടികൾക്കിടയിൽ പരസ്പര ബന്ധം/വിനിമയം സാധ്യമാക്കുന്നതിനും ഒപ്പം കുട്ടികൾക്കനുയോജ്യമായ വിവിധ പദ്ധതികളും നിയമങ്ങളും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി ഔദ്യോഗികമായി 'ചിൽഡ്രൻസ് ഡേ' പ്രഖ്യാപിച്ചത് 1954 ൽ ആണ്.

തുടർന്ന് 1959 നവംബർ 20 ന് ഐക്യരാഷ്ട്രസംഘടന 'കുട്ടികൾക്കിണങ്ങുന്ന ലോകം' എന്ന പേരിൽ അംഗീകരിച്ച, കുട്ടികളുടെ അവകാശ പ്രഖ്യാപനത്തിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 20 അന്തർദേശീയ ശിശുദിനം എന്ന പേരിൽ പ്രഖ്യാപിതമായി.

യുനെസ്കോയുടെ ആഭിമുഖ്യത്തിൽ ശിശുദിനമാഘോഷിക്കുന്നത് നവംബർ 20 നാണ്.

ലോകത്ത് 117 ലധികം രാജ്യങ്ങൾ ശിശുദിനമാഘോഷിച്ചു വരുന്നുണ്ട്. പല രാജ്യങ്ങളും പല തീയതികളിലും രീതികളിലുമാണ് ആഘോഷിക്കുന്നത്. ഏതാനും ചില രാജ്യങ്ങളിലെ കുട്ടികളുടെ ദിനവും അതിന്റെ ആഘോഷരീതികളും തീയതികളും പരിചയപ്പെടാം.



### ജപ്പാൻ



ജപ്പാനിലെ ശിശുദിനാഘോഷം വ്യത്യസ്തമാണ്. ദേശീയ അവധിദിനത്തിൽ കുട്ടികൾക്ക് സന്തോഷപ്രദമായ വിവിധ ആഘോഷപരിപാടികളാണ് സംഘടിപ്പിക്കാറുള്ളത്.


ജപ്പാനിലെ ശിശുദിനം പരമ്പരാഗത ഒരാഘോഷത്തിന്റെ തുടർച്ച കൂടിയാണ്. 8-ാം നൂറ്റാണ്ടു മുതൽ മാർച്ച് 3 പെൺകുട്ടികൾക്കായും മെയ് 5 ആൺകുട്ടികൾക്കായും ജപ്പാൻ നീക്കിവെച്ചിരുന്നു. പെൺകുട്ടികളുടെ ദിനം പാവകളുടെ ഉത്സവം (Dolls Festival) എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. വീടുകൾ പാവകൾ കൊണ്ടും പ്ലം പുഷ്പങ്ങൾ കൊണ്ടും അലങ്കരിക്കുന്നു. അമാസെയ്ക് (Amazake) എന്ന പാനീയം കുടിക്കുന്നതും ഈ ദിനത്തിന്റെ പ്രത്യേകതയത്രേ.

ആൺകുട്ടികളുടെ ദിനമായ മെയ്-5 ടാങ്കോ-നോ സെകു (Tango-No Sekku) എന്നാണറിയപ്പെടുന്നത്. കടലാസ് കൊണ്ട് കാർപ് മത്സ്യങ്ങളെ ഉണ്ടാക്കി പ്രദർശിപ്പിക്കുന്നു. കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിനും സ്ഥാനമാനങ്ങൾക്കുമനുസരിച്ചാണ് കാർപ്പുകളെ തെരഞ്ഞെടുക്കുന്നത്. കറുത്ത വലിയ കാർപ്പ് അച്ഛൻ (magoi) എന്നറിയപ്പെടും. തൊട്ടുതാഴെ ചുവന്ന കാർപ്പ് അമ്മയാണ്. ഹിഗോയ് എന്നാണ് അറിയപ്പെടുന്നത്. അതിനു താഴെയാണ് വിവിധ വർണങ്ങളിൽ കുട്ടികളുടെ കാർപ്പുകൾ.

കൂടാതെ ആൺകുട്ടികളുടെ ദിനത്തിൽ സമുറായ് പാവകളാണ് വീടുകൾ അലങ്കരിക്കുന്നത്. സമുറായ് എന്നാൽ ജപ്പാനിലെ പരമ്പരാഗത യോദ്ധാക്കളാണ്. അരികൊണ്ടു തയ്യാറാക്കിയ പ്രത്യേക പരമ്പരാഗത ഭക്ഷ്യവിഭവമായ സോങ്ങ്സി (Zongzi) യാണ് ഈ ദിനത്തിന്റെ മറ്റൊരാകർഷണം.



### ചൈന



ജൂൺ 1 നാണ് ചൈന ശിശുദിനമാഘോഷിക്കുന്നത്. ദേശീയ അവധിദിനം കൂടിയാണിത്. സ്കൂളുകളിൽ കുട്ടികൾക്കായി വിവിധ പരിപാടികൾ, ക്യാമ്പുകൾ, കുട്ടികൾക്കായി സൗജന്യമായി സിനിമാപ്രദർശനങ്ങൾ, 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിവിധ സമ്മാനപദ്ധതികൾ, അതുപോലെ സർക്കാർ ജീവനക്കാർക്ക് മക്കളോടൊപ്പം ഉല്ലാസകരമായി ചെലവഴിക്കാൻ അര ദിവസത്തെ അവധി എന്നിവയാണ് ചൈനയിലെ ശിശുദിനാഘോഷങ്ങളുടെ പ്രത്യേകതകൾ.

ബീജിങ്ങിലെ ഫോർബിഡൻ സിറ്റി എന്നറിയപ്പെടുന്ന മ്യൂസിയത്തിലേക്ക് 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ പ്രവേശനവും ലഭ്യമാണ്.

### പാക്കിസ്ഥാൻ

ജൂലായ് 1 നാണ് പാക്കിസ്ഥാൻ ശിശുദിനമായി ആഘോഷിക്കുന്നത്. കുടുംബത്തിനകത്തും പുറത്തുമായി ആഘോഷിക്കപ്പെടുന്ന കലാപരിപാടികളും ഹാസ്യപരിപാടികളുമാണ് പ്രധാന ഇനം. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ പല ഭാഗത്തും കുട്ടികൾക്കായുള്ള പരിപാടികൾ നടത്തുന്നു.



## യുണൈറ്റഡ് സ്റ്റേറ്റ്സ്

ജൂണിലെ രണ്ടാം ഞായറാഴ്ചയാണ് ഇവിടെ ശിശുദിനമായി ആഘോഷിക്കുന്നത്. കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ചിരുന്ന റവറന്റ് ഡോ. ചാൾസ് ലിയോനാർഡിന്റെ ഓർമയ്ക്കായാണ് നടത്തപ്പെടുന്നത്.





## തായ്‌ലാൻഡ്

താ‌യ്‌ലാൻഡിലെ ശിശുദിനം ജനുവരിയിലെ രണ്ടാമത്തെ ശനിയാഴ്ചയാണ്. വാൻ ഡെക് (Wan Dek) എന്നാണ് ഈ ദിനം അറിയപ്പെടുന്നത്. തായ്‌ലാൻഡിലും പൊതു അവധി ദിനമായാണ് കണക്കാക്കുന്നത്. ആഘോഷപരിപാടികൾക്കു പുറമേ രാഷ്ട്രനിർമിതിയിൽ പങ്കാളികളാകാനുള്ള പരിശീലനങ്ങളും ശിശുദിനത്തിന്റെ ഭാഗമായി ഇവിടെ കുട്ടികൾക്ക് ലഭിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലെല്ലാം കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിരിക്കുന്നു. വിവിധ പ്രദർശനങ്ങളും കുട്ടികൾക്കായി ഒരുക്കുന്നു. പ്രധാനമന്ത്രിയുടെ വസതി സന്ദർശിക്കാനും കൂടാതെ ആർമി, നേവി തുടങ്ങിയ പ്രതിരോധ മന്ത്രാലയങ്ങളുടെ പ്രവർത്തനരീതി പരിചയപ്പെടാനും അവസരമൊരുക്കുന്നു. കുട്ടികൾക്ക് സൗജന്യ വിമാനയാത്രയും ചില കമ്പനികൾ അനുവദിക്കാറുണ്ടത്രേ!



## ബ്രസീൽ

ഒക്ടോബർ 12 നാണ് ബ്രസീൽ ശിശു ദിനമാഘോഷിക്കുന്നത്. രാജ്യത്തിന്റെ രക്ഷകനായി അറിയപ്പെടുന്ന പുണ്യവാളന്റെ തിരുനാൾ കൂടിയാണത്രേ ഇത്. കൊളംബസ് അമേരിക്ക കണ്ടെത്തിയതിന്റെ ഓർമ ദിനം കൂടിയാണ് അന്ന്. കൊളംബസ് ഡേ ആഘോഷവും ഈ ദിനത്തിലാണ്. അച്ഛനമ്മമാർ കുട്ടികൾക്ക് വിവിധ സമ്മാനങ്ങൾ നൽകുന്നു.

## ജർമനി

ജർമനിയിലും ദേശീയ അവധി ദിനമായി കണക്കാക്കപ്പെടുന്ന ശിശുദിനം സെപ്റ്റംബർ 20 നാണ് ആഘോഷിക്കുന്നത്. സ്കൂളുകളിലും പൊതുയിടങ്ങളിലും ഉല്ലാസകരമായ പല പരിപാടികളും ഒപ്പം കുട്ടികളെ മാനസികമായി ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പൊതു പരിപാടികളും സംഘടിപ്പിക്കുന്നു.



# നീലനദിയിലെ സുവർണ്ണകുമാരൻ

എൻ എസ് ഐസക്

ദൈവത്തിനു വേണ്ടി സ്വന്തം മകനെ തന്നെ ബലികൊടുക്കാൻ ഒരുങ്ങിയ അബ്രഹാമിന്റെ കഥ പ്രസിദ്ധമാണല്ലോ. അബ്രഹാമിന്റെ പിന്മുറക്കാരനായ യാക്കോബിന്റെ സന്തതി പരമ്പര ഈജിപ്തിലാണ് താമസമാക്കിയിരുന്നത്. ഫറവോമാരുടെ ഭരണത്തിൻ കീഴിലായിരുന്നു അക്കാലത്ത് ഈജിപ്ത്. യാക്കോബിന്റെ മകൻ ജോസഫ് ഫറവോയുടെ വിശ്വസ്തനായിരുന്നു. അവരുടെ സന്തതി പരമ്പരകൾ വർധിച്ച് ഒരു ജനസഞ്ചയമായിത്തീർന്നു. അപ്പോഴേക്കും, എബ്രായ ജനതയോട് താത്പര്യമില്ലാത്ത ഫറവോമാർ ഭരണാധികാരികളായി വന്നു. ഇസ്രായേൽ ജനത്തിന്റെ വംശവർധന ഫറവോമാരെ ആശങ്കാകുലരാക്കിയിരുന്നു. അവർ ഇസ്രായേൽ ജനതയെ അതികഠിനമായ ജോലികൾക്കായി നിയോഗിക്കുകയും മേൽനോട്ടക്കാരായി ക്രൂരന്മാരായ ഈജിപ്റ്റുകാരെ നിയമിക്കുകയും ചെയ്തു. അടിമവേലയിലും പീഡനത്തിലും എബ്രായർ പൊറുതിമുട്ടി. അവർ നിസ്സഹായരായിരുന്നു. കഠിനാദ്ധ്വാനവും അടിമത്വവും അവരുടെ ജീവിതം ദുരിതപൂരിതമാക്കിയെങ്കിലും അവരുടെ അംഗസംഖ്യ വർധിച്ചു കൊണ്ടേയിരുന്നു.

ഇസ്രായേൽ ജനതയുടെ വംശവർധന തടയുന്നതിനുള്ള ഉപായങ്ങൾ ആലോചിച്ച് ഫറവോ തലപുകച്ചു. എബ്രായ സ്ത്രീകൾക്കുണ്ടാകുന്ന ആൺകുട്ടികളെ എല്ലാം കൊന്നുകളയണമെന്ന് ഈജിപ്റ്റിലെ സൂതികർമ്മിണികൾക്ക് ഫറവോ കല്പന കൊടുത്തു. ദൈവത്തെ ആരാധിക്കുകയും ഭയപ്പെടുകയും ചെയ്തിരുന്ന അവർ രാജകല്പന അനുസരിക്കാൻ കൂട്ടാക്കിയില്ല. ഇതറിഞ്ഞ ഫറവോ അവരെ ചോദ്യം ചെയ്തപ്പോൾ, എബ്രായ സ്ത്രീകൾ തങ്ങൾ



വര: സചീന്ദ്രൻ കാറഡുക്ക

ചെല്ലുന്നതിനു മുൻപ് പ്രസവിക്കുന്നതുകൊണ്ട് തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന് രാജാവിനെ ബോധിപ്പിച്ചു. കോപാകുലനായ ഫറവോ എബ്രായർക്ക് ജനിക്കുന്ന എല്ലാ ആൺകുട്ടികളേയും നൈൽ നദിയിൽ എറിഞ്ഞുകൊല്ലണമെന്ന് മറ്റൊരു കല്പന പുറപ്പെടുവിച്ചു.

**രാജകുമാരി കടവിൽ ഇറങ്ങി കുളിക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നതിനിടയിൽ, കടവിന്റെ ഓരത്ത് ഇടതിങ്ങി വളർന്ന് നിൽക്കുന്ന ഞാങ്ങണകളുടെ ഇടയിൽ വെച്ചിരിക്കുന്ന പേടകം കണ്ടു. ആര് കൊണ്ടുവെച്ചതായിരിക്കും ഈ പേടകം? അതിനുള്ളിൽ എന്തായിരിക്കും? ഇങ്ങനെയുള്ള ചിന്തകൾ രാജകുമാരിയുടെ മനസ്സിൽക്കൂടി കടന്നുപോയി.**

അങ്ങനെയിരിക്കുമ്പോൾ ലേവി ഗോത്രത്തിലെ ഒരു പുരുഷൻ അതേ ഗോത്രത്തിലെ ഒരു സ്ത്രീയെ വിവാഹം കഴിച്ചു. അവർക്ക് ആദ്യം ജനിച്ചത് ഒരു പെൺകുഞ്ഞായിരുന്നു. അവൾ കൗമാരത്തിലേക്ക് കാലൂന്നിയപ്പോൾ അവൾക്കൊരു കുഞ്ഞനിയൻ ഉണ്ടായി. അതികോമളനായ ആ കുഞ്ഞിനെ അതീവ രഹസ്യമായി അവന്റെ അമ്മ മൂന്നു മാസം വളർത്തി. എബ്രായരുടെ ആൺകുഞ്ഞുങ്ങളെ നൈൽ നദിയിൽ എറിഞ്ഞു കൊല്ലണമെന്ന രാജകല്പന നിലനിൽക്കുമ്പോൾ തന്റെ മകനെ ഇനിയും വീട്ടിൽ വളർത്താനാവില്ലെന്ന് ആ അമ്മയ്ക്ക് ബോധ്യമായി. തന്റെ മകനെ രക്ഷിക്കാൻ അവൾ ഒരുപായം കണ്ടുപിടിച്ചു. നൈൽനദീതീരത്ത് വെള്ളക്കെട്ടുള്ള ഭാഗത്ത് തിങ്ങിവളർന്നു നിൽക്കുന്ന ബലമുള്ള തണ്ടുകളുള്ള ഞാങ്ങണയെന്ന ഒരിനം പുല്ലിന്റെ തണ്ടുകൾ മുറിച്ചെടുത്ത് കളിമണ്ണും മറ്റും ചേർത്ത് ഒരു ചെറിയ പേടകമുണ്ടാക്കി. അതിനൊരു മൂടിയുമുണ്ടാക്കി പൈതലിനെ പേടകത്തിൽ കിടത്തി നൈൽ നദിയുടെ തീരത്ത് വളർന്നുനിൽക്കുന്ന ഞാങ്ങണയുടെ ഇടയിൽ കൊണ്ടുവച്ചു. തന്റെ അരുമയായ മകന് എന്ത് സംഭവിക്കുമെന്നറിയാനായി മകളെ മറ്റാരുടെയും കാഴ്ചയിൽപ്പെടാതെ ഒളിപ്പിച്ചു നിർത്തുകയും ചെയ്തു.

ഫറവോ രാജാവിന്റെ മകൾ തോഴിമാരുമൊത്ത് കുളിക്കാൻ വരുന്ന കടവിലായിരുന്നു പൈതലിനെ കിടത്തിയ പേടകം വെച്ചിരുന്നത്. രാജകുമാരി കടവിൽ ഇറങ്ങി കുളിക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നതിനിടയിൽ, കടവിന്റെ ഓരത്ത് ഇടതിങ്ങി വളർന്ന് നിൽക്കുന്ന ഞാങ്ങണകളുടെ ഇടയിൽ വെച്ചിരിക്കുന്ന പേടകം കണ്ടു. ആര് കൊണ്ടുവെച്ചതായിരിക്കും ഈ പേടകം? അതിനുള്ളിൽ എന്തായിരിക്കും? ഇങ്ങനെയുള്ള ചിന്തകൾ രാജകുമാരിയുടെ മനസ്സിൽക്കൂടി കടന്നുപോയി. എന്തായാലും പേടകത്തിനുള്ളിൽ എന്താണെന്ന് അറിയുക തന്നെയെന്ന് രാജകുമാരി തീരുമാനിച്ചു. തോഴിമാരോട് പേടകം എടുത്തു കൊണ്ടു വരുവാൻ രാജകുമാരി കല്പിച്ചു.തോഴിമാർ പേടകം എടുത്തു രാജകുമാരിയുടെ മുമ്പിൽ വെച്ച് അതിന്റെ മൂടി തുറന്നു. രാജകുമാരിയും തോഴിമാരും അമ്പരന്നുനിന്നു. പേടകത്തിനുള്ളിൽ കുഞ്ഞിക്കൈയും കുഞ്ഞിക്കാലും ഇട്ടടിച്ച് അതിസുന്ദരനായ ഒരാൺകുഞ്ഞ് കിടക്കുന്നു. പേടകത്തിന്റെ മൂടി തുറന്നപ്പോൾ അവൻ ഉറക്കെ കരയാൻ തുടങ്ങി. രാജകുമാരിക്ക് സങ്കടമായി. കുഞ്ഞിന്റെ കരച്ചിൽ അടക്കാൻ എന്തുചെയ്യണമെന്ന് അറിയാതെ രാജകുമാരി ആശങ്കപ്പെട്ടിരുന്നപ്പോൾ, മറഞ്ഞു നിന്ന പെൺകുട്ടി രാജകുമാരിയുടെ മുൻപിലെത്തി. പേടകത്തിൽ കിടക്കുന്ന കുഞ്ഞുവാവയുടെ ചേച്ചിയാണ് പെൺകുട്ടിയെന്ന് രാജകുമാരി അറിഞ്ഞില്ല.

അവൾ രാജകുമാരിയോട് ചോദിച്ചു.

''അല്ലയോ രാജകുമാരി, ഈ പൈതലിനെ മുലയൂട്ടി വളർത്താൻ ഒരു എബ്രായ സ്ത്രീയേ ഞാൻ കൊണ്ടുവരട്ടെയോ?''

''കൊണ്ടുവരിക.'' എന്ന് രാജകുമാരി മറുപടി പറഞ്ഞു. പെൺകുട്ടി അതീവ സന്തോഷത്തോടെ വീട്ടിലേക്ക് ഓടിപ്പോയി തന്റെയും കുഞ്ഞുവാവയുടെയും അമ്മയേയും കൂട്ടി വന്നു. രാജകുമാരി അവളോട് പറഞ്ഞു.

''ഈ പൈതലിനെ നീ മുലയൂട്ടി വളർത്തണം. ഇവനെ മുലയൂട്ടുന്നതിന് നിനക്ക് ഞാൻ പ്രതിഫലം തരും. ആരും നിന്നെ ഉപദ്രവിക്കുകയില്ല. കുഞ്ഞിന്റെ മുലകുടി മാറിയാൽ കുട്ടിയെ രാജകൊട്ടാരത്തിൽ എന്റെ അടുത്ത് കൊണ്ടുവരികയും വേണം.''

രാജകുമാരിയുടെ കല്പന അനുസരിച്ച് അവൾ അത്യധികം സന്തോഷത്തോടെ പൈതലിനെ തന്റെ കൂടെ കൊണ്ടുപോയി മുലയൂട്ടി അവനെ വളർത്തി. അവന്റെ മുലകുടി മാറിയപ്പോൾ രാജകൊട്ടാരത്തിലെത്തി അവനെ രാജകുമാരിയെ ഏല്പിച്ചു. രാജകുമാരി അവന് വളർത്തമ്മയായി.

'വെള്ളത്തിൽ നിന്നും കണ്ടെടുത്തതിനാൽ ഞാനിവനെ മോശെ എന്ന് പേരു വിളിക്കും' എന്ന് രാജകുമാരി പറഞ്ഞു. അന്നു മുതൽ അവൻ മോശെയായി രാജകൊട്ടാരത്തിൽ വളർന്നു വന്നു.



# ശാസ്ത്രത്തിന്റെ തുടക്കം

ആർ വി ജി മേനോൻ



നാമിന്നറിയുന്ന ശാസ്ത്രത്തിന് ഏറിയാൽ നാന്നൂറു വർഷത്തെ പഴക്കമേ ഉള്ളൂ. അതിനുമുമ്പ് 'ശാസ്ത്രം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന സംഗതികളെ ഇന്നത്തെ ശാസ്ത്രജ്ഞന്മാരാരും ശാസ്ത്രമായി അംഗീകരിക്കില്ല. തത്വചിന്താപരമായ അഭ്യൂഹങ്ങളും വാദങ്ങളുമായിരുന്നു അതിൽ ഭൂരിഭാഗവും. എങ്കിലും അതിലിടയ്ക്കൊക്കെ നിരീക്ഷണങ്ങളിലധിഷ്ഠിതമായ കണക്കുകൂട്ടലുകളും മുൻവിധികളില്ലാത്ത യുക്തിചിന്തയും കാണാനാവും. അവയെ ശാസ്ത്രത്തിന്റെ മുന്നോടിയായി കണക്കാക്കാം. എന്നാൽ സാങ്കേതികവിദ്യയുടെ ചരിത്രം വ്യത്യസ്തമാണ്. ഇരയെ വീഴ്ത്താനോ ആക്രമിക്കുന്ന ശത്രുവിനെ തുരത്താനോ ആദ്യത്തെ കല്ലെറിയുന്നതു മുതൽ അതാരംഭിക്കുന്നു. സ്വാഭാവികമായിക്കിട്ടിയ കൽച്ചീളുകൾക്കു പുറമേ കല്ലുരച്ച് ആയുധമാക്കിത്തുടങ്ങുമ്പോൾ അതിനു പുതിയ മാനങ്ങൾ ഉണ്ടാകുന്നു. കല്ലുരച്ചു തീയുണ്ടാക്കുമ്പോഴും മാംസം തീയിൽ ചുട്ടു സ്വാദിഷ്ടമാക്കുമ്പോഴും ആദ്യമായി ഒരു പ്രകൃതിശക്തിയെ മെരുക്കിയെടുക്കുന്നു. ഇതൊക്കെ സാങ്കേതികവിദ്യയുടെ മുന്നേറ്റത്തിലെ നാഴികക്കല്ലുകളാണ്. ഇതൊക്കെ പുരാതന ശിലായുഗത്തിൽ തന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. മറ്റു മൃഗങ്ങൾക്കെല്ലാം തീയെ ഭയമാണ്. മനുഷ്യൻ ആ ഭയത്തെ മറി കടന്നു. തീ കത്തിക്കാനും കെടാതെ സൂക്ഷിക്കാനും പഠിച്ചു. പെട്ടെന്നു കത്തുന്നവ, പതുക്കെ മാത്രം കത്തുന്നവ, കത്താത്തവ എന്നിങ്ങനെ വസ്തുക്കളെ വേർതിരിച്ചു കാണാൻ അവർക്കു കഴിഞ്ഞു. ആ അറിവ് പ്രയോഗിക്കാനും പഠിച്ചു. മറ്റു പല പക്ഷികളും മൃഗങ്ങളും ചില വസ്തുക്കൾ ഉപകരണങ്ങളായി ഉപയോഗിക്കാറുണ്ട്. പക്ഷേ തീർത്തും വ്യത്യസ്തമായ വസ്തുക്കളുടെ ഉപയോഗസാധ്യത മനസ്സിൽ കണ്ട് അതിനെ ഉപകരണമാക്കി മാറ്റാനുള്ള കഴിവ് മനുഷ്യനു മാത്രമേ ഉള്ളൂ. ഈ ശീലമാണ് മനുഷ്യനെ 'വ്യത്യസ്തനായൊരു മൃഗം' ആക്കി മാറ്റിയത്.

**ഒരുപക്ഷേ പുരാതനശിലായുഗത്തിന്റെ ഗതി മാറ്റിയ കണ്ടുപിടുത്തം അമ്പും വില്ലും ആയിരിക്കാം. വലിച്ചുവിടുന്ന ഞാണിന്റെ സഞ്ചിത ഊർജം അമ്പിന്റെ ഗതികോർജമായി മാറുന്ന അത്ഭുതക്കാഴ്ച അവരുടെ ചിന്താശീലത്തെ ഉണർത്തിയിരിക്കാം. 'ഓടുന്ന മൃഗത്തിന് ഒരു മുഴം മുമ്പേ' അമ്പുതൊടുക്കുമ്പോൾ ഗതികശാസ്ത്രത്തിന്റെ സ്ഫുരണങ്ങളാകാം ഉടലെടുത്തത്.**

പെട്ടെന്ന് ആയുധമാക്കി മാറ്റാവുന്ന സ്ലേറ്റ്, ഫ്ളിന്റ് മുതലായവ പ്രാചീന മനുഷ്യർ പ്രയോജനപ്പെടുത്തി. തീയിൽ ചുട്ടാൽ കടുപ്പം കൂടുന്ന കളിമണ്ണ് പുതിയൊരത്ഭുതമായിരുന്നു. വെള്ളം തിളപ്പിക്കാനുതകുന്ന മൺപാത്രം ഉണ്ടാക്കാൻ പഠിച്ചതോടെ ചുട്ടുതിന്നുന്നതിനു പുറമേ ഭക്ഷ്യസാധനങ്ങൾ വേവിച്ചു തിന്നുന്ന ശീലവും തുടങ്ങി. (അതോടെയാണ് മനുഷ്യർക്കു ദഹനക്കേടു തുടങ്ങിയത് എന്നാണ് ചിലർ കരുതുന്നത്). ആദ്യമാദ്യം വള്ളികൾ കൊണ്ടു നെയ്തെടുത്ത കുട്ടകളിൽ കളിമണ്ണു പുരട്ടിയാണ് പാചകപ്പാത്രം ഉണ്ടാക്കിയിരുന്നതെങ്കിൽ, പിന്നീട് വള്ളിക്കുട്ടയില്ലാതെ തന്നെ പാത്രം മെനയുന്ന രീതി നിലവിൽ വന്നു.

ഒരുപക്ഷേ പുരാതനശിലായുഗത്തിന്റെ ഗതി മാറ്റിയ കണ്ടുപിടുത്തം അമ്പും വില്ലും ആയിരിക്കാം. വലിച്ചുവിടുന്ന ഞാണിന്റെ സഞ്ചിത ഊർജം അമ്പിന്റെ ഗതികോർജമായി മാറുന്ന അത്ഭുതക്കാഴ്ച അവരുടെ ചിന്താശീലത്തെ ഉണർത്തിയിരിക്കാം. 'ഓടുന്ന മൃഗത്തിന് ഒരു മുഴം മുമ്പേ' അമ്പുതൊടുക്കുമ്പോൾ ഗതികശാസ്ത്രത്തിന്റെ സ്ഫുരണങ്ങളാകാം ഉടലെടുത്തത്. വില്ലിനു പറ്റിയ മരക്കൊമ്പുകൾ തെരഞ്ഞെടുക്കുമ്പോൾ തീ കത്തിക്കുന്നതിൽ എന്നപോലെ തന്നെ മനുഷ്യന്റെ പദാർഥവിജ്ഞാനവും വളരുകയായിരുന്നു. ഒരുപക്ഷേ വില്ലിന്റെ ഞാൺ ഞൊട്ടുമ്പോഴുണ്ടാകുന്ന നാദമായിരിക്കാം ചരടുള്ള സംഗീതോപകരണത്തിനു (വീണ, വയലിൻ എന്നിവയ്ക്ക്) തുടക്കം കുറിച്ചത്. നമ്മുടെ 'വില്ലടിച്ചാൻ പാട്ട്' അതിന്റെ തുടർച്ചയാകാം.

## നവീനശിലായുഗം

അമ്പും വില്ലും ഉപയോഗിച്ച് കൂട്ടായ്മയോടെ വേട്ടയാടുന്ന ആദിമമനുഷ്യന്റെ 'വേട്ടമിടുക്കു' തന്നെയായിരിക്കാം വേട്ടയാടിയും പെറുക്കിത്തിന്നും ജീവിച്ചിരുന്ന സമൂഹത്തിന്റെ നിലനിൽപ്പിന് ഭീഷണിയായതും. വേട്ടക്കാരനും ഇരയും തമ്മിൽ പ്രകൃതിയിൽ എപ്പോഴും ഒരു സന്തുലനമുണ്ട് വേട്ട കൂടിയാൽ ഇരയ്ക്കു ദൗർലഭ്യം വരും. ഭക്ഷണം കുറയുമ്പോൾ വേട്ടക്കാരുടെ ആരോഗ്യം നശിക്കും.








**വേട്ടമിടുക്കു വളർന്ന് ഇരകൾ കുറഞ്ഞപ്പോൾ അവർ മറ്റ് ആഹാരങ്ങളിലേക്കു തിരിഞ്ഞു. അതുവരെ പെറുക്കിയും പറിച്ചുംതിന്നിരുന്ന ധാന്യങ്ങളും ഫലമൂലാദികളും ശേഖരിച്ചിരുന്നതു പെണ്ണുങ്ങളാകയാൽ അവയെപ്പറ്റിയുള്ള അറിവും പെണ്ണുങ്ങൾക്കായിരിക്കാനാണ് സാധ്യത. അങ്ങനെ നോക്കുമ്പോൾ കൃഷി കണ്ടുപിടിച്ചതിനുള്ള അഭിനന്ദനം സ്ത്രീകൾക്ക് അവകാശപ്പെട്ടതാണ്.**

രോഗം കൂടും. ശിശുമരണങ്ങൾ വർധിക്കും. ജനസംഖ്യ താനേ നിയന്ത്രിതമാകും. അപ്പോൾ ഇരകൾ പെരുകും. പിന്നെ സംഗതികൾ തലതിരിയും. ഇത് പ്രകൃതിയിൽ നിരന്തരം ആവർത്തിക്കുന്ന ഒരു സമതുലന ചക്രമാണ്. പക്ഷേ ചിന്തിക്കുന്ന മനുഷ്യൻ അങ്ങനെ തോറ്റുകൊടുക്കാൻ തയ്യാറല്ലായിരുന്നു. വേട്ടമിടുക്കു വളർന്ന് ഇരകൾ കുറഞ്ഞപ്പോൾ അവർ മറ്റ് ആഹാരങ്ങളിലേക്കു തിരിഞ്ഞു. അതുവരെ പെറുക്കിയും പറിച്ചും തിന്നിരുന്ന ധാന്യങ്ങളും ഫലമൂലാദികളും ശേഖരിച്ചിരുന്നതു പെണ്ണുങ്ങളാകയാൽ അവയെപ്പറ്റിയുള്ള അറിവും പെണ്ണുങ്ങൾക്കായിരിക്കാനാണ് സാധ്യത. അങ്ങനെ നോക്കുമ്പോൾ കൃഷി കണ്ടുപിടിച്ചതിനുള്ള അഭിനന്ദനം സ്ത്രീകൾക്ക് അവകാശപ്പെട്ടതാണ്. അതോടെ ഇറച്ചിക്കു മുൻതൂക്കമുണ്ടായിരുന്ന ഭക്ഷണക്രമത്തിൽ നിന്ന് മനുഷ്യർ പ്രധാനമായും



സസ്യാഹാരികളും ഇടയ്ക്കിടെ ഇറച്ചി കഴിക്കുന്നവരുമായി മാറി. അതിനനുസരിച്ച് നമ്മുടെ ദഹനവ്യവസ്ഥയ്ക്കും മാറ്റങ്ങൾ ഉണ്ടായി. ഏകദേശം പതിനായിരം വർഷം മുമ്പാണ് ഇതു സംഭവിച്ചത് എന്നു കരുതപ്പെടുന്നു.

കൃഷി തുടങ്ങിയശേഷം നഗരങ്ങൾ രൂപം കൊള്ളുന്നതുവരെയുള്ള കാലഘട്ടത്തെയാണ് നവീനശിലായുഗം എന്നു വിളിക്കുന്നത്. ഏതായാലും കൃഷി മനുഷ്യജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. ഒന്നാമതായി അന്നന്നത്തെ ഭക്ഷണം അന്നന്നു തേടിപിടിക്കുന്നതിനുപകരം ഒരുപാട് നാളുകൾക്ക് വേണ്ട ഭക്ഷണം ഒന്നിച്ചു ലഭ്യമാകുന്ന അവസ്ഥ വന്നുകൂടി. ഇതു മുഴുവൻ സൂക്ഷിച്ചുവയ്ക്കണം. അതിന് ഉറപ്പുള്ള ധാന്യപ്പുരകൾ വേണം. ഈ സമ്പത്ത് ശത്രുക്കൾക്കുള്ള ക്ഷണമാണ്. അതുകൊണ്ട് അവരുടെ കൊള്ള ചെറുക്കാനുള്ള സംവിധാനം വേണം. കൃഷിക്കു വിത്തിട്ടാൽ അതു വിളവാകുംവരെ അവിടെത്തന്നെ ഉണ്ടാകണം. കാവൽവേണം. വിളകൊയ്യാൻ ആളുകളുണ്ടാകണം. അതുകൊണ്ട് അലഞ്ഞുനടന്നിരുന്ന വേട്ടക്കാർ കൃഷിഭൂമികൾക്കടുത്ത് സ്ഥിരതാമസക്കാരായി. അങ്ങനെ ഗ്രാമസംസ്കൃതി നിലവിൽ വന്നു. ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങൾക്കും സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനങ്ങൾക്കും പുറമേ കൃഷിക്കാവശ്യമുള്ള ഒരുപാട് ഉപകരണങ്ങൾ ഉണ്ടാക്കേണ്ടിവന്നു.



## നാഗരികതയുടെ ഉദയം

നാഗരികതയും നഗരങ്ങളുമായുള്ള ബന്ധം കേവലം മലയാളഭാഷയുടെ സവിശേഷതയല്ല. നാഗരികതയുടെ ഭാഗമായി ഏറെത്താമസിയാതെ പ്രത്യക്ഷപ്പെടുന്ന രണ്ടു സവിശേഷതകൾ ലോഹങ്ങളുടെ ഉപയോഗവും കച്ചവടവും ആണ്. ആദ്യം പ്രയോഗത്തിൽ വന്നത് ഇരുമ്പല്ല, ചെമ്പും അതിന്റെ കൂട്ടുകൾ (alloys) ആയ ഓടും (bronze) പിത്തളയും (brass) ആണ് എന്നത് ചിലർക്കെങ്കിലും അത്ഭുതമായിരിക്കും. ഇരുമ്പിന്റെ പ്രകൃതിദത്തമായ അയിര് (haematite) ഉരുക്കി ലോഹം വേർപെടുത്താൻ വളരെ ഉയർന്ന ഊഷ്മാവ് വേണം. എന്നാൽ ചെമ്പിന്റെ അയിര് (copper pyrites) താരതമ്യേന താഴ്ന്ന മാലിന്യമായി കലർന്നിരിക്കും. അതുകൊണ്ടുതന്നെ ശുദ്ധമായ ചെമ്പ് ഉപയോഗിക്കാൻ അറിഞ്ഞുകൂടാത്ത പല സംസ്കൃതികളിലും ഓട് സർവസാധാരണമായിരുന്നു. ചെമ്പിനേക്കാൾ കാഠിന്യമുള്ള ഓട് ആയുധങ്ങളുണ്ടാക്കാൻ മെച്ചമാണെന്നതും ഓട് പ്രചരിപ്പിക്കാൻ കാരണമായി. ഇക്കാരണത്താൽ നവീനശിലായുഗത്തെത്തുടർന്ന് വളർന്നുവന്ന നാഗരികസംസ്കൃതി ഓടുയുഗം (Bronze Age) എന്ന പേരിലാണ് പൊതുവേ അറിയപ്പെടുന്നത്. തുടർന്ന് ബി സി 1000–600 കാലത്താണ് ഇരുമ്പിന്റെ ഉപയോഗം പ്രചരിക്കുന്നതും അയോയുഗം പിറക്കുന്നതും. ബി സി 3000 ആയതോടെ കൃഷിയിൽ മൃഗങ്ങളുടെ ഉപയോഗം വ്യാപകമായി. അതോടെ മാനവചരിത്രത്തിലെ മറ്റൊരു മഹാമുന്നേറ്റമായ ചക്രങ്ങളുള്ള വണ്ടിയും രംഗപ്രവേശം ചെയ്തു. ചരിത്രത്തിലെ ആദ്യത്തെ വണ്ടി നാം കാണുന്നത് സിന്ധുനദീതടത്തിലെ ഒരു കളിപ്പാട്ടത്തിന്റെ രൂപത്തിലാണ്. അതിൽനിന്നുതന്നെ വണ്ടികൾ അതിനകം സർവസാധാരണമായിക്കഴിഞ്ഞിരുന്നെന്ന് ഊഹിക്കാം. കാളയെയും കുതിരയെയും ഭാരം വലിക്കാനും വണ്ടിവലിക്കാനും ഉപയോഗിച്ചു തുടങ്ങിയതോടെ സ്വന്തം പേശീബലത്തിന്റെ എട്ട് ഇരട്ടിയോളം അളവിലുള്ള ഊർജം മനുഷ്യന്റെ വരുതിയിലായി. ഇതും അടിമകളുടെ ഊർജവും ആയിരുന്നു ഏറെക്കാലത്തേക്ക് സകല സംസ്കാരങ്ങളുടെയും ഉൽപാദനവ്യവസ്ഥയുടെ അടിസ്ഥാനം.

*(കടപ്പാട്: ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം എന്ന പുസ്തകത്തിൽ നിന്നും എടുത്തത്)*

# ഭഗീരഥയജ്ഞം

**പുനരാഖ്യാനം : കെ ഗീത**



വര: ഗോപു പട്ടിത്തറ

'ഭഗീരഥയജ്ഞം' എന്ന ശൈലീപ്രയോഗം കൂട്ടുകാർ കേട്ടിട്ടുണ്ടാകുമല്ലോ. കഠിനപ്രയത്നം എന്ന അർഥം ധ്വനിപ്പിക്കുന്ന ഈ ശൈലി എങ്ങനെ ഉണ്ടായി? ഈ ഭഗീരഥൻ ആരാണ്? കൂട്ടുകാരിൽ ചിലർക്കൊക്കെ ഈ പേര് പരിചിതമായിരിക്കും. കേട്ടിട്ടില്ലാത്ത കൂട്ടുകാർക്കായി ഇതാ ഭഗീരഥന്റെ കഥ.

സൂര്യവംശ രാജക്കൻമാരെപ്പറ്റി കേട്ടിട്ടുണ്ടോ? പുരാണത്തിൽ പരാമർശിക്കുന്ന പൗരാണിക ഇന്ത്യയിലെ ഒരു പ്രധാന രാജവംശമായിരുന്നു സൂര്യവംശം. ശ്രീരാമൻ സൂര്യവംശത്തിലെ ഒരു രാജാവായിരുന്നു. സൂര്യവംശത്തിലെ രാജാക്കന്മാരുടെ കഥ പ്രതിപാദിക്കുന്ന കാളിദാസന്റെ ഒരു കാവ്യമാണ് രഘുവംശം. സൂര്യവംശത്തിൽ പ്രസിദ്ധരായ അനവധി രാജാക്കന്മാരുണ്ടായിരുന്നു. ദിലീപൻ, ഇക്ഷാകു, ഭഗീരഥൻ, ദശരഥൻ, ശ്രീരാമൻ തുടങ്ങിയവരെല്ലാം ഇതിൽപ്പെടുന്നു. അയോദ്ധ്യയായിരുന്നു ഈ രാജാക്കന്മാരുടെ ആസ്ഥാനം. അയോദ്ധ്യ ഭരിച്ചിരുന്ന ദിലീപൻ എന്ന രാജാവിന്റെ പുത്രനാണ് ഭഗീരഥൻ.

ഭാരതസംസ്കാരത്തിൽ ഭഗീരഥനെപ്പറ്റി പറയുന്നതുതന്നെ സുരലോക ഗംഗയെ ഭൂമിയിൽ എത്തിക്കാൻ കാരണഭൂതനായവൻ എന്നാണ്.

ഇന്ത്യയിലെ പുണ്യനദിയായ ഗംഗാനദിയുടെ ഉത്ഭവത്തെ കുറിക്കുന്ന ഒരു പുരാണകഥയുണ്ട്. ഭഗീരഥന്റെ മുതുമുത്തശ്ശൻ ആയ സഗരരാജാവിന്റെ അറുപതിനായിരം പുത്രന്മാർ കപിലമുനിയുടെ ശാപംകൊണ്ട് പാതാളലോകത്തുവച്ചു മരണമടയുകയുണ്ടായി. ആ കഥ ആദ്യം പറയാം. സൂര്യവംശത്തിൽ പിറന്ന

സഗരൻ എന്ന രാജാവ് തൊണ്ണൂറ്റിയൊൻപത് അശ്വമേധം പൂർത്തിയാക്കി. നൂറ് തികഞ്ഞാൽ ഇന്ദ്രപദം കിട്ടും. അതിനുള്ള ഉദ്യമമാണ് സഗരൻ നടത്തുന്നതെന്നറിഞ്ഞ് ഇന്ദ്രൻ അസ്വസ്ഥനായി. യാഗാശ്വത്തെ പിടിച്ചുകെട്ടി പാതാളത്തിൽ തപസനുഷ്ഠിക്കുന്ന കപിലമുനിയുടെ അരികത്തു കൊണ്ടുകെട്ടി. ഇതേസമയം കാണാതായ തന്റെ യാഗാശ്വത്തെ കണ്ടെത്താൻ വേണ്ടി സഗരൻ തന്റെ പുത്രന്മാരെ അയച്ചു. അദ്ദേഹത്തിന് പുത്രന്മാർ എത്ര പേരാണെന്നറിയേണ്ടേ, ഒന്നും രണ്ടുമല്ല അറുപതിനായിരം പേരാണ്. കുതിരയെ മോഷ്ടിച്ചത് കപിലമുനിയാണെന്നു കരുതി അവർ കപിലമുനിയോട് വഴക്കടിക്കുകയും കപിലമുനി അവരെയെല്ലാം ശപിച്ച് വെണ്ണീറാക്കുകയും ചെയ്തു. എന്നാൽ അപ്പോൾ തന്നെ ഒരു ശാപമോക്ഷവും നൽകിയിരുന്നു. അതെന്താണെന്നോ? ഗംഗാ ദേവിയുടെ സ്പർശം ഏൽക്കുമ്പോൾ ഇവർ ഉയിർത്തെഴുന്നേൽക്കുമെന്നായിരുന്നു. ഈ കർമ്മം തലമുറകൾ കൈമാറിവന്ന് ഭഗീരഥൻ എന്ന രാജാവിന്റെ അടുത്തെത്തി. അദ്ദേഹത്തിന് ഈ കർമ്മം ഏറ്റെടുക്കണമെന്ന് തോന്നി. അങ്ങനെ അവരുടെ മോക്ഷപ്രാപ്തിക്കു വേണ്ടി ഗംഗാനദിയെ പാതാളത്തിലെത്തിക്കുക എന്ന ദൗത്യം ഭഗീരഥൻ ഏറ്റെടുത്തു. ഗംഗാനദിയെ പാതാളത്തിലെത്തിക്കുക അത്ര എളുപ്പമായ കാര്യമായിരുന്നില്ല. അതിനായി ഭഗീരഥന് നിരവധി ത്യാഗങ്ങൾ സഹിക്കേണ്ടി വന്നു. എന്നാൽ അദ്ദേഹം ആ കർമ്മം ഉപേക്ഷിക്കാതെ ഉറച്ചു നിന്നു. ആകാശഗംഗയെ ആദ്യം ഭൂമിയിലും പിന്നെ പാതാളത്തിലും എത്തിക്കുന്ന തന്റെ കർമത്തിൽ അദ്ദേഹം വിജയിച്ചു. ഭഗീരഥന്റെ ഈ പ്രവൃത്തിയുടെ പേരിലാണ് ഗംഗാനദിയെ ഭാഗീരഥി എന്ന് വിളിക്കുന്നത്. ഭഗീരഥനാൽ കൊണ്ടുവരപ്പെട്ടവൾ എന്നാണ് ആ വാക്കിന്റെ അർഥം.

ഇനി എങ്ങനെയാണ് ഭഗീരഥൻ ഗംഗയെ സ്വർഗത്തിൽ നിന്നും ഭൂമിയിലെത്തിച്ചത് എന്ന് നോക്കാം. ഇതിനായി ഭഗീരഥൻ ഹിമവൽചരുവിൽ ഗംഗയെ പ്രസാദിപ്പിക്കുന്നതിനായി തപസ്സ് ആരംഭിച്ചു. അതികഠിനമായ അനേക വർഷത്തെ തപസ്സിനു ശേഷം ഗംഗാദേവി അദ്ദേഹത്തിൽ സംപ്രീതനായി പ്രത്യക്ഷപ്പെടുകയും താൻ ഭൂമിയിലേക്ക് പതിക്കുകയാണെങ്കിൽ അതിന്റെ ഫലം വളരെ രൂക്ഷമാണെന്നും ദേവലോകത്തു നിന്നു ഭൂമിവഴി ഔന്നത്യത്തിൽ നിന്നും പതിക്കുന്ന തന്നെ ആര് താങ്ങുമെന്നും ഗംഗ ഭഗീരഥനോട് ചോദിച്ചു. ഗംഗയുടെ ശക്തിയെ തടുക്കുവാൻ സാക്ഷാൽ ശ്രീപരമേശ്വരനു മാത്രമേ സാധിക്കൂ. അതിനാൽ തന്റെ ഒഴുക്കിന്റെ ശക്തിയിൽ ഭൂമി തകർന്നുപോകാതിരിക്കണമെങ്കിൽ ശിവനെക്കൂടി തപസ്സുചെയ്ത് പ്രസാദിപ്പിക്കണമെന്ന് ഗംഗ ഭഗീരഥനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഭഗീരഥൻ പരമശിവനെ പ്രസാദിപ്പിക്കുന്നതിനായി തപസ്സു തുടങ്ങി. ഘോര തപസ്സു തന്നെ വേണ്ടിവന്നു. വർഷങ്ങൾ നീണ്ട തപസ്സിൽ സംപ്രീതനായ ശിവൻ, ദേവലോകത്തുനിന്നും പതിക്കുന്ന ഗംഗയെ തന്റെ ശിരസ്സിലെ ജടയിലേക്ക് പ്രവേശിപ്പിച്ച്, അതിന്റെ ആഘാതം കുറച്ചശേഷം ഭൂമിയിലേക്ക് ഒഴുകുവാൻ അനുവദിച്ചു. അങ്ങനെ ഗംഗ ശിവന്റെ ശിരസ്സിലേക്ക് മഹാശബ്ദത്തോടെ പതിക്കുവാൻ തുടങ്ങി. നേരിട്ട് ഭൂമിയിലെത്തിയാലുണ്ടാകുന്ന ആപത്തുകൾ ഒഴിവാക്കാനാണ് ശിവന്റെ ശിരസ്സിലേക്ക് പതിക്കുവാനുള്ള അനുമതി നൽകിയത്. എന്നാൽ ഗംഗാനദിയാകട്ടെ ശിവന്റെ ജടയിൽ ഒതുങ്ങാതെ നാലുവശവും തട്ടിത്തകർത്തൊഴുകുവാൻ തുടങ്ങി. ഗംഗയുടെ അഹങ്കാരം മനസ്സിലാക്കിയ ശിവൻ ഗംഗയെ തന്റെ ശിരസ്സിനുള്ളിൽ ബന്ധിച്ചു. അങ്ങനെയാണ് ശിവന് ഗംഗാധരൻ എന്ന പേരു വന്നത്. അതായത് ഗംഗയെ ശിരസ്സിൽ ധരിക്കുന്നവൻ എന്ന അർഥത്തോടുകൂടി ഗംഗാധരനായി.

അതോടെ ഭഗീരഥനു വിഷമമായി. ഗംഗാനദി ശിവന്റെ ജടയ്ക്കുള്ളിൽ ബന്ധനസ്ഥയാണ്. ഭൂലോകത്തേക്കൊഴുകിയിറങ്ങി പാതാളത്തിൽ എത്തിയാൽ മാത്രമേ തന്റെ പൂർവപിതാക്കന്മാർക്കു മോക്ഷം ലഭിക്കുകയുള്ളൂ എന്ന സത്യമറിയുന്ന ഭഗീരഥൻ വീണ്ടും മഹേശ്വരനെ പ്രാർത്ഥിച്ചു. തത്ഫലമായി ശിവൻ ഗംഗയെ മോചിപ്പിക്കുകയും ഹിമാലയത്തിലൂടെ താഴോട്ട് ഒഴുകി പാതാളത്തിലേക്ക് പ്രവേശിക്കുവാൻ

**ഗംഗ ശിവന്റെ ശിരസ്സിലേക്ക് മഹാശബ്ദത്തോടെ പതിക്കുവാൻ തുടങ്ങി. നേരിട്ട് ഭൂമിയിലെത്തിയാലുണ്ടാകുന്ന ആപത്തുകൾ ഒഴിവാക്കാനാണ് ശിവന്റെ ശിരസ്സിലേക്ക് പതിക്കുവാനുള്ള അനുമതി നൽകിയത്. എന്നാൽ ഗംഗാനദിയാകട്ടെ ശിവന്റെ ജടയിൽ ഒതുങ്ങാതെ നാലുവശവും തട്ടിത്തകർത്തൊഴുകുവാൻ തുടങ്ങി.**





**ഗംഗ വീണ്ടും സകലതും തച്ചുതകർത്തു കുതിച്ചൊഴുകാൻ തുടങ്ങി. ഹിമവൽസാനുവിൽ ജഹ്നുമഹർഷിയുടെ ആശ്രമം സ്ഥിതിചെയ്തിരുന്നു. അവിടെയാണ് മഹർഷി തപസ്സനുഷ്ഠിച്ചിരുന്നത്. ഗംഗയുടെ ശക്തിയായ പ്രവാഹത്തിൽ മഹർഷിയുടെ ആശ്രമം മുങ്ങിപ്പോയി. അതിൽ കുപിതനായ ജഹ്നു മഹർഷി യാഗശക്തിയാൽ ഗംഗയെ തന്റെ കമണ്ഡലുവിൽ ആവാഹിച്ചെടുത്ത് പാനം ചെയ്തു.**

അനുമതി നൽകുകയും ചെയ്തു. എന്നാൽ അതു കൊണ്ടു ഗംഗയുടെ ഗർവ്വ് ശമിച്ചോ? ഇല്ല. ഗംഗ വീണ്ടും സകലതും തച്ചുതകർത്തു കുതിച്ചൊഴുകാൻ തുടങ്ങി. ഹിമവൽസാനുവിൽ ജഹ്നു മഹർഷിയുടെ ആശ്രമം സ്ഥിതിചെയ്തിരുന്നു. അവിടെയാണ് മഹർഷി തപസ്സനുഷ്ഠിച്ചിരുന്നത്. ഗംഗയുടെ ശക്തിയായ പ്രവാഹത്തിൽ മഹർഷിയുടെ ആശ്രമം മുങ്ങിപ്പോയി. അതിൽ കുപിതനായ ജഹ്നു മഹർഷി യാഗശക്തിയാൽ ഗംഗയെ തന്റെ കമണ്ഡലുവിൽ ആവാഹിച്ചെടുത്ത് പാനം ചെയ്തു. അതോടെ ഗംഗാനദി ജഹ്നു മഹർഷിയുടെ വയറിനുള്ളിലായി. ഭഗീരഥനാകട്ടെ വീണ്ടും വിഷമസ്ഥിതിയിലായി. അദ്ദേഹം ജഹ്നു മഹർഷിയെ പ്രീതിപ്പെടുത്താനുള്ള ശ്രമം തുടങ്ങി. ആദ്യം മഹർഷി ഭഗീരഥന്റെ അപേക്ഷ നിരസിച്ചുവെങ്കിലും മറ്റു മുനിശ്രേഷ്ഠന്മാർ ഭഗീരഥന്റെ ഇത്രയും നാളത്തെ പ്രയത്നം വിശദീകരിക്കുകയും ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കുകയും ചെയ്തപ്പോൾ ഭഗീരഥന്റെ അഭ്യർഥന മാനിച്ച് ഗംഗയെ തന്റെ ചെവിയിലൂടെ പുറത്തേക്ക് പോകുവാൻ അനുവദിച്ചു. അങ്ങനെ ജഹ്നു മഹർഷിയുടെ ചെവിയിലൂടെ ഒഴുകിയതിനാലാണ് ഗംഗയ്ക്ക് ജാഹ്നവി എന്ന പേര് ലഭിച്ചത്.

ഒടുവിൽ തടസ്സങ്ങളെയെല്ലാം അതിജീവിച്ചു ദേവഗംഗ ഒഴുകി പാതാളത്തിലെത്തുകയും സഗരപുത്രന്മാരുടെ ഭസ്മാവശിഷ്ടങ്ങളിലൂടെ ഒഴുകി അവരെ മോക്ഷപ്രാപ്തരാക്കുകയും ചെയ്തു എന്നാണ് കഥ.

ഈ ലക്ഷ്യപ്രാപ്തിക്കായി ഭഗീരഥൻ എന്തുമാത്രം കഠിനപ്രയത്നം ചെയ്തുവെന്ന് കൂട്ടുകാർ കണ്ടല്ലോ. അതിനാലാണ് അസാധ്യമാം വിധം ദുഷ്കരമെന്നു കരുതുന്ന കാര്യങ്ങൾ സാധിച്ചെടുക്കാൻ വേണ്ടിചെയ്യുന്ന കഠിനപ്രയത്നത്തെ നാം ഭഗീരഥപ്രയത്നം അഥവാ ഭഗീരഥയജ്ഞം എന്ന് വിശേഷിപ്പിക്കുന്നത്.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഇവൾക്ക് കിട്ടിയ ശിശു ദിന സമ്മാനം ഞങ്ങൾ തിന്നു തീർത്തു.
നീതു, നീ എവിടെ പോയ തായിരുന്നു?
എനിക്കും കിട്ടി ഒരു ശിശുദിന സമ്മാനം. അച്ഛൻ മേടിച്ചു തന്നതാ...
വല്ല ചോക്കളേറ്റും ആയിരിക്കും. എനിക്കും വേണം പകുതി.
അപ്പോൾ എനിക്കും വേണ്ടേ പകുതി...
അതിന് പകുതിയല്ല, എല്ലാവർക്കും മുഴുവ നായി തരാൻ പറ്റും ഈ സമ്മാനം.
ഒരച്ഛൻ മകൾക്കയച്ച കത്തുകൾ
ഇതാണ് ഏറ്റവും വലിയ സമ്മാനം
പുസ്തകങ്ങൾ മാത്രമേ മുഴുവനായി പങ്കുവയ് ക്കാൻ പറ്റുള്ളൂ.

# മാന്ത്രിക ചതുരം നിർമിക്കാൻ ഒരു കവിത

പള്ളിയറ ശ്രീധരൻ

മാന്ത്രികചതുരം നിർമിക്കുന്നതിനുള്ള ഒരു മലയാള കവിത നിങ്ങൾ കഴിഞ്ഞലക്കത്തിൽ പരിചയപ്പെട്ടല്ലോ. ഇനി നമുക്ക് ഒരു സംസ്കൃതകവിത പരിചയപ്പെടാം.

*''വാചാകൃതാർദ്ധം കൃതമേകമുന*
*ദ്വിഗേഗ്രഹേ ഷോഡശസപ്തനാഗഃ*
*തീഗോദശായാം പ്രഥമേദ്വിസപ്ത*
*ഷഡ്ത്രിംഞ്ച നാഗേകചതുർഥം പഞ്ചഃ''*

ഉദാഹരണമായി 48 തുക വരുന്ന മാന്ത്രികചതുരമാണ് നിർമിക്കേണ്ടത് എന്നു കരുതുക. ഏത് തുകയാണോ ആവശ്യം അതിന്റെ പകുതിയിൽനിന്ന് ഒന്നുവീതം കുറയ്ക്കുക. ഇവിടെ 48 ന്റെ പകുതിയായ 24 ൽ നിന്നും 1 കുറച്ച് 23 രണ്ടാമത്തെ കള്ളിയിൽ എഴുതുക. ഈ സംഖ്യകൾ പൂരിപ്പിക്കേണ്ട കള്ളികളാണ് ശ്ലോകത്തിൽ പിന്നീട് നൽകിയിട്ടുള്ളത്. ഗ്രഹേ എന്നത് 9 നെ സൂചിപ്പിക്കുന്നു. ഷോഡശ 16 ഉം സപ്ത 7 ഉം നാഗ 8 ഉം തീഗോ 15 ഉം ദശായാം 10 ഉം പ്രഥമേ 1 ഉം കള്ളികൾ സൂചിപ്പിക്കുന്നു. ഇങ്ങനെ 8 കള്ളികൾ പൂരിപ്പിക്കുക. ബാക്കി 8 കള്ളികൾ പൂരിപ്പിക്കുന്നതിന് പിന്നീടുള്ള ഭാഗം ഉപയോഗിക്കാം. ദ്വി(2), സപ്ത(7), ഷഡ് (6), ത്രിംഞ്ചം (3), നാഗ(8), ഏക (1), ചതുർഥം (4), പഞ്ച (5) എന്നീ സംഖ്യകൾ ക്രമമായി പൂരിപ്പിക്കാനാണ് ഈ ഭാഗം സൂചിപ്പിക്കുന്നത്.

| | | | |
|---|---|---|---|
| 16 | 23 | 2 | 7 |
| 6 | 3 | 20 | 19 |
| 22 | 17 | 8 | 1 |
| 4 | 5 | 18 | 21 |

ഈ കവിത പ്രകാരം തുക 100 വരുന്ന ഒരു മാന്ത്രിക ചതുരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 42 | 49 | 2 | 7 |
| 6 | 3 | 46 | 45 |
| 48 | 43 | 8 | 1 |
| 4 | 5 | 44 | 47 |

palliyarasreedharan@gmail.com

# നാമൊന്ന്

ശിവപ്രസാദ് പെരിയച്ചൂർ



വര:റോണി ദേവസ്യ

ഉണർന്നെണീക്കാം
ഇനിമേൽ നമ്മൾ-
ക്കൊന്നായ്,
നിന്നീടാം...!

തിരിച്ചെടുക്കാം
മണ്ണിനെ; വിണ്ണിനെ
വിഷമയമാക്കാതെ...!

പൊൻമണി
നെൽക്കുല-
വിളഞ്ഞുനിൽക്കും
വയലുകൾ
കാത്തീടാം...!!

തണൽവിരിക്കാൻ
മരങ്ങൾ നീളെ
നട്ടുവളർത്തീടാം...!!

വെള്ളംപേറും
കുന്നിന്നായി
കാവൽ നിന്നീടാം...!!

നന്മകൾ
ചൊരിയും
ഭൂമിപ്പെണ്ണിന്
കൂട്ടായ് നിന്നീടാം...!!

സ്നേഹംമാത്രം
മനസ്സിൽ നമ്മൾ-
ക്കെന്നും കാത്തീടാം...

നല്ലൊരു നാളെ
വരാനായ് നമ്മൾ
ക്കൊന്നായ് നിന്നീടാം...!!

# കിട്ടൻകാക്ക

ഉത്തമൻ പാപ്പിനിശ്ശേരി



മാവ് മുറ്റത്താണ്. മാവിൻചുവട്ടിൽ നിൽക്കുകയാണ് കുഞ്ഞ്. ഓരോ ചെറിയ കാറ്റടിക്കുമ്പോൾ പോലും കുഞ്ഞിന്റെ മനസ്സിൽ ആഹ്ലാദം നിറയുന്നുണ്ട്. ഒരു ചുവന്ന ബലൂൺപോലെ മനസ്സ് വീർക്കുന്നു. തീർച്ചയായും ഒരുമാങ്ങയെങ്കിലും വീഴും. നല്ല മഞ്ഞനിറമുള്ള നിറയെ മധുരമുള്ള മാങ്ങ. അത് ഒന്നെങ്കിലും കിട്ടിയാൽ വിശപ്പിന് കുറച്ചെങ്കിലും ശമനമായേനേ... പക്ഷേ ഒരു മാങ്ങപോലും വീഴുന്നില്ലല്ലോ...

വയറ്റിൽ ഒരു പൂച്ചക്കുഞ്ഞ് കടിച്ചുപറിക്കുന്നതുപോലെ വിശപ്പ്. ആ സമയം കിട്ടൻകാക്ക എവിടുന്നോ പറന്നുവന്നു. അത് മാവിന്റെ താഴത്തെ ഒരു കൊമ്പിലിരുന്നു.



വര: സുജിത് പി.വി

‘‘കാക്കേ... കാക്കേ...’’ കുഞ്ഞ് വിളിച്ചു.

‘‘എന്താ കുഞ്ഞേ...?’’

‘‘നിന്റെ പൊര എട്യാ...?’’

‘‘എന്റേത് പൊരയല്ല. കൂട്ന്നാ പറയാ. അത് പടിഞ്ഞാറെ വീടിന്റെ പിന്നിലെ വലിയ തെങ്ങിന്റെ മുകളിലാ.’’

‘‘ആ കൂടിനകത്ത് നിന്റെ കുഞ്ഞീണ്ടാ...?’’

‘‘ങ് ആ... കൂടിനകത്ത് രണ്ട് കുഞ്ഞീണ്ട്. തീറ്റ കൊടുക്കാഞ്ഞാൽ അവ നിർത്താതെ കരയും. ഇന്ന് രാവിലെ മുതല് കരഞ്ഞോണ്ടിരിക്കുകയാ...’’

‘‘അതെന്താ തീറ്റയൊന്നും കൊടുത്തില്ലേ?’’

‘‘ഇന്ന് ഇതുവരെയായി ഒന്നും കിട്ടീല്ല കുഞ്ഞേ? നിന്റെ കൈയിലെ നെയ്യപ്പം എനക്ക് തരോ? എന്റെ കുഞ്ഞുങ്ങൾക്ക് കൊടുക്കാനാ...’’

‘‘ഇല്ല... തരൂല്ല... നെയ്യപ്പം.’’

‘‘താ കുഞ്ഞേ...’’

‘‘എന്റെ കൈയില് നെയ്യപ്പം ഉണ്ടെങ്കിലല്ലേ തരാ...’’

കുഞ്ഞ് രണ്ട് കൈകളും വിടർത്തി ഉയർത്തി കാണിച്ചു.

‘‘ഇതാ നോക്ക്...’’

‘‘ഞാൻ കരുതിയത് നിന്റെ കൈയില് നെയ്യപ്പം ഉണ്ടെന്നാ. അതെന്താ... അമ്മ നെയ്യപ്പം ചുട്ടില്ലേ....’’

‘‘നെയ്യപ്പം ചുടാൻ ഈട എന്തെങ്കിലും വേണ്ടേ? അമ്മ തൊഴിലൊറപ്പിന് പോകലാ. ഇപ്പം കൊറേ ദെവസായി പണീല്ല. ഇന്നലെ രാത്രീല് ഞാൻ അര കയില് കഞ്ഞി കുടിച്ചതാ. ഇപ്പം ഉച്ചയായില്ലേ. ഇതുവരെ ഒന്നും തിന്നില്ല. ഒരു മാങ്ങയെങ്കിലും കിട്ടുമെന്ന് കരുതിയാ ഈട നിക്ക്ന്നത്.’’

കുഞ്ഞിന്റെ കണ്ണുകൾ നിറഞ്ഞു.

‘‘അയ്യോ... ഇതിന്റെ മുകളില് പഴുത്ത മാങ്ങകളൊന്നൂല്ല കുഞ്ഞേ. ഇണ്ടെങ്കിലല്ലേ വീഴ്വാ...’’

കിട്ടൻകാക്കയ്ക്ക് കുഞ്ഞിനോട് അലിവുതോന്നി.

അത് പെട്ടെന്ന് എങ്ങോട്ടോ പറന്നുപോയി.

എല്ലാം കേട്ടുകൊണ്ട് മരത്തിന്റെ മറ്റൊരു കൊമ്പിലിരിക്കുന്ന പൂവാലനണ്ണാൻ കാക്ക ഇരുന്ന കൊമ്പിലേക്ക് വന്നു.

‘‘പണ്ട് ഒരു കുഞ്ഞിന്റെ

കൈയീന്ന് നെയ്യപ്പം കൊത്തിക്കൊണ്ടുപോയി സ്വന്തം കുഞ്ഞിന് കൊടുത്തവനാ കാക്ക. അതിനാ ഇപ്പഴും വന്നിട്ടുണ്ടാകുക.'' പൂവാലനണ്ണാൻ കുഞ്ഞിനോടു പറഞ്ഞു.

''എല്ലാ കാക്കകളും ഒരു പോലെ ആകണമെന്നില്ല.''

''അവൻ ചതിയൻ തന്നെയാ. മറ്റേതെങ്കിലും കുഞ്ഞിനെ പറ്റിച്ച് സ്വന്തം കുഞ്ഞിന് അപ്പം കൊടുക്കാനാ പോയിട്ടുണ്ടാവുക.''

''എന്നാ ഇനി അവൻ വന്നാ ഞാൻ മിണ്ടൂല്ല.'' കുഞ്ഞ് പറഞ്ഞു.

പൂവാലനണ്ണാൻ മറ്റൊരു കൊമ്പിലേക്കു പോയി.

ഒരു കാറ്റടിച്ചു. നല്ല കാറ്റ്. ഈശ്വരാ ഒരു മാങ്ങ വീഴണേ... കുഞ്ഞിന്റെ മുഖത്ത് ഒരു പ്രകാശം പരന്നു. മാങ്ങ വീഴുമെന്ന് തന്നെ കുഞ്ഞു വിചാരിച്ചു.

പക്ഷേ കാറ്റിന് കുഞ്ഞിനോടൊട്ടും സ്നേഹമില്ല. ഒരു മാങ്ങ പോലും വീണില്ല. കുഞ്ഞിന്റെ കവിളിലൂടെ കണ്ണീരൊഴുകാൻ തുടങ്ങി.

അൽപ്പം കഴിഞ്ഞ് കിട്ടൻ കാക്ക തിരിച്ചുവന്നു. അതിന്റെ ചുണ്ടിൽ എന്തോ ഉണ്ട്. അത് കുഞ്ഞിന്റെ മുമ്പിലേക്കിട്ടു.

''കുഞ്ഞേ... കുഞ്ഞേ... ഇതാ ഒരു നെയ്യപ്പം. തിന്നോളൂ...''

ഹായ്...!! കുഞ്ഞിന്റെ മുഖത്ത് ഒരു പൂവ് വിടർന്നതുപോലെ... അവൻ വേഗം നെയ്യപ്പമെടുത്തു. എന്നിട്ട് ചുറ്റും നോക്കി. അപ്പോൾ പൂവാലനണ്ണാന്റെ പൊടി പോലും അവിടെയൊന്നുംകണ്ടില്ല.



# മാതൃഭാഷ

**കുസുംഷലാൽ ചെറായി**

ഞാൻ പിറന്ന വീട്ടിലും
ഞാൻ പിറന്ന നാട്ടിലും
കേട്ടുകേട്ടു ഞാൻ പഠിച്ചി-
തെന്റെ മാതൃഭാഷ.

അക്ഷരം കുറിക്കുവാൻ
അറിഞ്ഞിടുന്നതിന്നുമു-
മ്പർഥമോടെ ഞാൻ പഠിച്ചി-
തെന്റെ മാതൃഭാഷ.
അമ്മ തന്നെ ഭാഷയും
അമ്മയായ ഭാഷയും
എന്നുമെന്റെ ജീവിതത്തി-
നുണ്മയായ ഭാഷ.
മരണമെത്തുവോളവും
സ്മരണവേണമേവനും
അമൃതമാണു സുകൃതമാണു
മാതൃഭാഷ മർത്ത്യന്.

വര: ആശ ആർ



# മഹാഭാരതം

സുഗതകുമാരി

94




## യുദ്ധത്തിന്റെ രണ്ടാം ദിവസം (തുടർച്ച)

'പിതാമഹ, അങ്ങ് ഇപ്പോഴും പാണ്ഡവന്മാരെ അനുഗ്രഹിച്ചു നിൽക്കുകയാണ്. അതാണല്ലോ നമ്മുടെ സൈന്യം കൂട്ടംകൂട്ടമായി ദാരുണമായി കൊലചെയ്യപ്പെടുന്നതു കണ്ടിട്ടും അങ്ങ് അർജുനനെ വധിക്കാത്തത്? നേരത്തേതന്നെ എന്നെ പരിത്യജിക്കാമായിരുന്നല്ലൊ. എങ്കിൽ ഞാൻ കർണ്ണനുമായി ആലോചിച്ച് വേറെ ഏർപ്പാടുകൾ ചെയ്യുമായിരുന്നു. രാജാക്കന്മാരേ, നിങ്ങളെങ്കിലും എന്നെ ഉപേക്ഷിക്കാതെ വിക്രമത്തോടെ യുദ്ധം ചെയ്യുവിൻ.' കോപത്തോടെ ഭീഷ്മർ പറഞ്ഞു. 'ദുര്യോധന, എത്രവട്ടം ഞാൻ പറഞ്ഞതാണ് യുദ്ധം അരുതെന്നും പാണ്ഡുസുതന്മാർ അജയ്യരാണെന്നും! നോക്ക്, ഞാൻ വൃദ്ധനാണ്. എങ്കിലും എനിക്കാവും വിധമൊക്കെ ഞാൻ യത്നിക്കാം. പാണ്ഡവരുടെ ഈ മുന്നേറ്റം ഞാൻ അമ്പുകളാൽ തടുത്തുനിർത്തുന്നുണ്ട്. കണ്ടുകൊള്ളൂ.'ഈ വാക്കുകൾ കേട്ടപ്പോൾ ദുര്യോധനസംഘം ശംഖുമുഴക്കിയും പെരുമ്പറകൾ കൊട്ടിയും ആർത്തുവിളിച്ചു. പാണ്ഡവർ അതുകേട്ടു.

ധൃതരാഷ്ട്രർ ചോദിച്ചു. 'സഞ്ജയ! പിതാമഹൻ ഇങ്ങനെ സത്യംചെയ്തതിൽ പിന്നീടെന്തുണ്ടായി? അദ്ദേഹം പാണ്ഡവരെ എന്തുചെയ്തു? വേഗം പറയുക.'

സഞ്ജയൻ തുടർന്നു. 'സൂര്യൻ പടിഞ്ഞാറോട്ടു ചായുന്ന ആ നേരത്ത് പാണ്ഡവപക്ഷം മുന്നേറി നിൽക്കവേ ദേവവ്രതനായ ഭീഷ്മർ തന്റെ വൻതേരോടിച്ചുചെന്ന് അവരെ ശക്തമായി നേരിട്ടു. എല്ലാ ധൃതരാഷ്ട്രപുത്രന്മാരും അദ്ദേഹത്തിന് തുണയായി നിന്നു. രോമാഞ്ചജനകമായ ഭീകരയുദ്ധമാണ് പിന്നീടുണ്ടായത്. പടച്ചട്ടകളിലും തേരുകളിലും കൊടിമരത്തിലും അമ്പുകൾ വന്നു പതിക്കുന്ന ശബ്ദം മലയിൽ കല്ലുകൾ തുടരെ എറിയുന്നതുപോലെ കേൾക്കായി. അറ്റുവീണ ശിരസ്സുകളും കങ്കണം ചാർത്തിയ കൈകളും നൂറുനൂറു കണക്കിന് ചോരകൊണ്ടു നനഞ്ഞ തറയിൽ വീണുപിടയ്ക്കുന്നു. ഭീഷ്മർ അമാനുഷരൂപം പൂണ്ടപോലെ കാണപ്പെട്ടു. അദ്ദേഹത്തിന്റെ ചാപം അഗ്നിജ്വാലകൾ വർഷിക്കുംപോലെ ദുസ്സഹമായിത്തീർന്നതിനാൽ പാണ്ഡവസൈന്യം ചിന്നിച്ചിതറിത്തുടങ്ങി. പാഞ്ഞോടുന്ന ഭടന്മാരെ നിയന്ത്രിക്കുവാൻ പാർഥനും ശിഖണ്ഡിക്കും ശ്രീകൃഷ്ണനുപോലുമായില്ല. ഹാഹാ എന്ന നിലവിളികളുയർന്നു. 'പാർഥ, ഭീഷ്മനെ തടയുക' എന്നു കല്പിച്ചുകൊണ്ട് ശ്രീകൃഷ്ണൻ തേര് ദുർന്നിരീക്ഷ്യനായ സൂര്യനെപ്പോലെ ജ്വലിച്ചുകൊണ്ടുനിൽക്കുന്ന ഭീഷ്മരുടെ മുന്നിലെത്തിച്ചു. അർജുനന്റെ വരവ് കണ്ട് കുരുസേനാപതി സിംഹനാദം ചെയ്തു. അവർ തമ്മിൽ രോമഹർഷമുണ്ടാക്കുമാറ് കഠിനയുദ്ധം ആരംഭിച്ചു. പാർഥസാരഥി കുതിരകളെ ഭീഷ്മരുടെ നേർക്ക് കുതിപ്പിച്ചു. അർജുനൻ ഗാണ്ഡീവമുക്തമായ മൂന്നമ്പുകൊണ്ട് ഭീഷ്മരുടെ വില്ലറുത്തു. ഭീഷ്മർ അടുത്ത വില്ലെടുത്തു വളയ്ക്കും മുമ്പ് അർജുനാസ്ത്രം അതിനെയും അറുത്തിട്ടു. ആ കൈവേഗം കണ്ട് ഭീഷ്മർ പുകഴ്ത്തി. 'കൊള്ളാം, പാർഥ, കൊള്ളാം. നീ മിടുക്കനായി പടവെട്ടുന്നു!' മറ്റൊരു വില്ല് നിമിഷനേരം കൊണ്ടെടുത്ത് പിതാമഹൻ കൃഷ്ണാർജുനന്മാർക്ക് നേരേ ബാണങ്ങൾ തൂകി. അമ്പുകൾ തറച്ച് അവരുടെ തിരുവുടലുകൾ ചുവന്ന പൂക്കളണിഞ്ഞപോലെ ശോഭിച്ചു. കൗരവ സേനാപതികൾ വന്നു ചൂഴ്ന്നുകഴിഞ്ഞു. പാർഥസാരഥിക്കു തൃക്കണ്ണുകൾ ചുവന്നു. മെയ്യെങ്ങും മുറിഞ്ഞു ചോരയൊലിക്കുന്ന തോഴനെ ഒന്നുനോക്കി. കത്തിജ്വലിക്കുന്ന മധ്യാഹ്നസൂര്യനെപ്പോലെ പൊരുതിനിൽക്കുന്ന ഭീഷ്മരെയും ചുറ്റും സേനാപതിക്കു തുണനിൽക്കുന്ന മഹായോദ്ധാക്കളെയും ഒന്നു നോക്കി. പാർഥൻ ചോരചിന്തിക്കൊണ്ട് വില്ലു നിവരാതെതന്നെ തുടരെ അമ്പെയ്യുന്നു. തളരാതെ നിൽക്കുന്ന ഭീഷ്മപിതാമഹനെയും തളരുന്ന പാർഥനെയും തിരുമിഴികളാൽ വീണ്ടും ഒന്നുനോക്കിയിട്ട് ഭക്തവത്സലനായ ശ്രീഭഗവാൻ എല്ലാം മറന്ന്, തന്റെ പ്രതിജ്ഞ മറന്ന്, ക്രോധത്താൽ ജ്വലിച്ചുകൊണ്ട് തേരിൽനിന്ന് അതാ



ചാടിയിറങ്ങുന്നു! ഉയർത്തിയ വലംകൈയിൽ സൂര്യനെപ്പോലെ സുദർശനചക്രം ജ്വലിച്ചെത്തി കറങ്ങുകയായി. ചോരകൊണ്ടു കുതിർന്ന ചവിട്ടിക്കുഴച്ച ചെളിമണ്ണിൽ പീതാംബര ത്തുമ്പു വീണിഴഞ്ഞും കറങ്ങുന്ന അഗ്നിചക്രം ഉയർത്തിപ്പിടിച്ചും ക്രോധത്താൽ താമരക്കണ്ണു കൾ കലങ്ങിച്ചുവന്നും ഭീഷ്മരഥത്തിനുനേർക്ക് പാഞ്ഞെത്തുന്ന ശ്രീവാസുദേവനെക്കണ്ട് പിതാമഹൻ ആനന്ദാശ്രുക്കളോടെ കൈകൾ കൂപ്പി. 'വരൂ.. വരൂ... കൃഷ്ണാ, ജഗൽപ്രഭോ, ഞാനിതാ തൊഴുന്നു. ഹാ! നീയെന്നെ കൊല്ലു കിൽ എനിക്കെന്തു പുണ്യമാണ് ലഭിക്കുക! കൃഷ്ണാ, വന്നാലും വന്നാലും!' ക്രുദ്ധമായ പാർഥസാരഥീരൂപംകണ്ട് ആനന്ദത്തിൽ മുഴുകി തൊഴുതുനിൽക്കുന്നൂ ഭീഷ്മർ. അർജുനൻ സംഭ്രാന്തനായി തേരിൽനിന്നു ചാടിയിറങ്ങി പിന്നാലെചെന്നു ശ്രീകൃഷ്ണന്റെ കൈയിൽ മുറുകെപ്പിടിച്ചു. 'അരുതേ, അരുതേ പ്രതി ജ്ഞാലംഘനമരുതേ!' ഉഗ്രമൂർത്തിയായിക്കഴിഞ്ഞ ഭഗവാൻ ഒന്നും കേൾക്കുന്നില്ല, ശ്രദ്ധിക്കുന്നില്ല. തന്നെ മുറുകെപ്പിടിച്ചിരിക്കുന്ന മഹാഭുജനായ



വര: ജയേന്ദ്രൻ

പാർഥനെയും വലിച്ചിഴച്ചുകൊണ്ട് മുന്നോട്ടടുക്കു കയാണ്! ചുറ്റും നിന്നവരെല്ലാം യുദ്ധം നിർത്തി നിശ്ചലരായി ആ രംഗം നോക്കിനിന്നുപോയി. കൊടിയകാറ്റ് വൃക്ഷത്തിനെ വലിച്ചിഴയ്ക്കും പോലെ ജിഷ്ണുവിനെയും വലിച്ചുകൊണ്ടു മുന്നോട്ടു കുതിക്കുകയാണ് വിഷ്ണുമൂർത്തി. ഭീഷ്മരഥത്തിനു പത്തടിയകലെവെച്ച് കാലുകൾ ഉറപ്പിച്ചുനിന്ന് ആയം പിടിച്ച് പാർഥൻ ഭഗവാനെ പിടിച്ചുനിർത്തി. ഒന്നുനിന്നപ്പോൾ അർജുനൻ ആ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണപേക്ഷിച്ചു.

'കൃഷ്ണാ, ഞങ്ങളുടെ ഉടയോനേ, അങ്ങ് മാത്ര മാണ് പാണ്ഡവർക്ക് ആശ്രയം. പ്രതിജ്ഞാലംഘനം നടത്തരുതേ, ഞാൻ വധിച്ചുകൊള്ളാം കൗരവരെ. അങ്ങു തുണ നിൽക്കുമ്പോൾ എന്താണ് പിന്നെ തടസ്സം? വന്നാലും, തേരിൽ കയറിയാലും.' ചോരച്ചെളി നിറഞ്ഞ ആ മണ്ണിൽ വീണുകിടന്നു കാൽപിടിക്കുന്ന പ്രിയതോഴന്റെ കൈപിടിച്ചു യർത്തി ശ്രീഹരി തിരിഞ്ഞുനടന്നു.

വെള്ളക്കുതിരകൾ ചുരമാന്തി നിൽക്കുന്ന മഹാരഥത്തിൽ വീണ്ടും കയറി പാർഥസാരഥി കടിഞ്ഞാണേൽക്കവേ ജയഘോഷങ്ങൾ മുഴങ്ങി. കൂരമ്പുകൾ തറച്ചു ചോരയിറ്റുന്ന കാർമെയ്യും ചതഞ്ഞു തൂങ്ങുന്ന വനമാലയും ചോന്നുകല ങ്ങിയ തൃക്കണ്ണുകളുമായി പള്ളിത്തേരിൽ വീണ്ടും ഭഗവദ്രൂപം വിളങ്ങിക്കാണായി. അമ്പേറ്റ തൃക്കൈകൊണ്ടു പാഞ്ചജന്യമെടുത്ത് ഉച്ചത്തിൽ ഘോഷം മുഴക്കിയപ്പോൾ കൗരവപ്പട നടുങ്ങി. ദുര്യോധനാദികൾ എതിർപടഹങ്ങൾ ഘോഷിച്ചു. പാർഥന്റെ തേരിനുനേർക്ക് ബാണവർഷം പൊഴി ച്ചുകൊണ്ട് ഭീഷ്മരും ഭൂരിശ്രവസ്സും ദുര്യോധനനും ശകുനിയും പാഞ്ഞെത്തി. സിംഹാരവങ്ങളും ഗാണ്ഡീവഘോഷവും യോദ്ധാക്കളുടെ അട്ട ഹാസങ്ങളും ദീനാരവങ്ങളും അന്തരീക്ഷത്തിൽ നിറഞ്ഞു. കാട്ടുതീപോലെ ഭീഷ്മർ ജ്വലിച്ചെത്തി. മിന്നൽപോലെ തിളങ്ങുന്ന നെടുംവേൽ ഭീഷ്മർ ചാട്ടിവിട്ടത് അർജുനൻ മൂന്നായി മുറിച്ചെറിഞ്ഞ് മാഹേന്ദ്രമെന്ന മഹാസ്ത്രം തൊടുത്ത് തീജ്വാ ലപോലുള്ള ശരങ്ങൾതൂകി കുരു സൈന്യത്തെ തകർത്തൊടുക്കിത്തുടങ്ങി. കൗരവപക്ഷത്തിന്റെ വാദ്യഘോഷങ്ങളെല്ലാം ഗാണ്ഡീവധ്വനിയിൽ മുങ്ങിപ്പോയി. യുദ്ധം ഭയങ്കരമായി തുടർന്നു. ഒഴുകുന്ന ചോരപ്പുഴയ്ക്കരികിൽ കഴുകന്മാരും കാക്കകളും ബഹളം കൂട്ടുന്നതിനിടയ്ക്ക് സൂര്യൻ മറയുകയായി. അർജുനബാണങ്ങൾ മർദിച്ചൊടു ക്കുന്ന സൈന്യങ്ങൾക്കു പിൻവാങ്ങാൻ ആജ്ഞ നൽകുന്ന കാഹളം മുഴക്കി സേനാപതി ഭീഷ്മർ കൈനിലയിലേക്കു പോയി. പന്തങ്ങളും വിളക്കു കളും കൊളുത്തി നിരത്തിയ പടകുടീരങ്ങളിൽ രാത്രി വന്നണഞ്ഞു. (തുടരും)

ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# എലിയും ചേരയും

**അനഘ , +1 സയൻസ്, ജി വി എച്ച് എസ് എസ്,
നീലേശ്വരം. മുക്കം, കോഴിക്കോട്.**

വേനലിന്റെ കാഠിന്യം അസഹനീയമായി തുടങ്ങി. ഉച്ചസമയത്തെന്നല്ല രാവിലെ പോലും കഠിനമായ ചൂട്. ഇന്നലെ അച്ഛന്റെ കൂടെ അങ്ങാടിയിൽ ചില്ലറ സാധനങ്ങൾ വാങ്ങാൻ പോയിരുന്നു. കൂടെ അച്ഛൻ എലിവിഷവും വാങ്ങി. എന്തിനാണെന്ന എന്റെ ചോദ്യത്തിന് മൗനമായിരുന്നു മറുപടി.

രാത്രി കഞ്ഞികുടി കഴിഞ്ഞ് ഉറങ്ങാൻ ഒരുങ്ങുമ്പോഴാണ് അടുക്കളയിൽ നിന്ന് അമ്മ എന്തോ ജാഗ്രതയിൽ ചെയ്യുന്നതായി ശ്രദ്ധിച്ചത്. മറ്റൊന്നുമായിരുന്നില്ല; എലിക്ക് കെണി ഒരുക്കുകയായിരുന്നു. ആദ്യമെനിക്ക് ദേഷ്യമാണ് തോന്നിയത്. എന്തെന്നാൽ അവയ്ക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമില്ലേ? കൂടുതൽ ചിന്തിച്ചപ്പോൾ അമ്മ ചെയ്തതാണ് ശരിയെന്ന് തോന്നി.



വര: ഗോപു പട്ടിത്തറ

പിറ്റേന്ന് രാവിലെ ഞാൻ ആദ്യം ചെന്നത് വല്ല എലിയും കെണിയിൽ പെട്ടോ എന്ന് നോക്കാനായിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ എലികൾ കപ്പ തീറ്റ നിർത്തിയിരുന്നു. ഇനിയെങ്ങാനും എലികൾ മാംസഭുക്കുകൾ ആയോ? അറിയില്ല. അനിയത്തിയുടെ വലതുകാലിന്റെ തള്ള വിരൽ ഒരു വിരുതൻ കരണ്ടുനോക്കി. എലികൾ തങ്ങളുടെ ആരോഗ്യപരിപാലനത്തെയും സുരക്ഷിതത്വത്തെയും കുറിച്ച് കൂടുതൽ ബോധവാന്മാരായി കാണണം.

എന്തായാലും എലി വീട്ടിൽ ഒരു വിപ്ലവത്തിന് തന്നെ കാരണമായി. ഒരു രാത്രിയായിരുന്നു അത്. നാല് നാലര മണിയായിക്കാണും. എന്തോ ശബ്ദംകേട്ടാണ് ഞാൻ ഉണർന്നത്. പോയി നോക്കുമ്പോഴതാ ചാർജറിന്റെ വയർ എലി കരളുന്നു. ഞാനൊന്നും ചെയ്യാതെ അതുംനോക്കി നിന്നു. എലി

അൽപ്പം കഴിഞ്ഞാണ് എന്നെ കണ്ടത്. കണ്ടമാത്ര ഒരു നിഗൂഢ പുഞ്ചിരി സമ്മാനിച്ച് അതുപോയി. മറ്റൊരു ദിവസം അമ്മ അടുക്കളയിൽ നിന്ന് പൊട്ടിത്തെറിക്കുന്നു. കാരണം എലി കരണ്ടതാണ്. എലി കരണ്ടതെന്താണെന്നറിയണോ? വലിയൊരു അലമാര. ഒരാളി ലേറെ പൊക്കമുണ്ട്. ആ അല മാരയിലാണ് എന്റെ വീട്ടിൽ കടല, ചെറുപയർ, വൻപയർ, നെയ്യ്, തേൻ, പൊടികൾ എന്നിങ്ങനെ മരുന്നുകൾ വരെ സൂക്ഷിക്കുന്നത്. ഈ അലമാര എന്റെ അച്ഛന്റെ അച്ഛന്റെ കല്യാണത്തിന് മുൻപ് വീട്ടിലെ വലിയൊരു പ്ലാവ് മുറിച്ചുണ്ടാക്കിയതാണ്. ആ പ്ലാവിന്റെ കാതലിന് നിറം ചുവപ്പും കഴിഞ്ഞ് കറുപ്പായിട്ടുണ്ട്.

ആ അമൂല്യ വസ്തുവാണ് വാതിൽ വേണ്ടവിധത്തിൽ അടയ്ക്കാത്തതുകൊണ്ട് എലി കരണ്ടത്. ഏതായാലും തട്ടുംപുറത്ത് എലി ശല്യം വർധിച്ചു വരുന്നു.

ആദ്യമെല്ലാം എന്താണവർ പറയുന്നതെന്ന് ഞാൻ കാതോർക്കുമായിരുന്നു. എന്നാൽ പിന്നീടത് അസഹ്യമായി. അതുകൊണ്ട് ഒരിക്കൽ ഞാൻ അത് ചെയ്തു. ഒരു കമ്പെടുത്ത് മുകളിലെ ഷീറ്റിൽ രണ്ട് മുട്ടുകൊടുത്തു. അൽപ്പനേരം ഒന്നും മിണ്ടിയില്ലെങ്കിലും സംസാരം പിന്നീടും തുടർന്നു.

പിന്നീടൊരിക്കൽ മൊബൈലിൽ ഉറക്കെ പാട്ടുവെച്ചാണ് ഞാൻ കിടന്നത്. അതും ഫലിച്ചില്ല. അടിപൊളി പാട്ടായതിനാലാവണം എലികൾ നൃത്തം ചെയ്യാനും തുള്ളിക്കളിക്കാനും തുടങ്ങി.

പടിഞ്ഞാറ്റപ്പുരയുടെ പൂമുഖത്തിന്റെ മൂലയോടിന്റെ ഉള്ളിൽ കുട്ടികളുടെ കരച്ചിലും അമ്മ വരുമ്പോഴുള്ള ആശ്വാസവും ചിണുങ്ങലും ഒക്കെ കേൾക്കാം.

രക്ഷയില്ല....

ഇനി എന്തു ചെയ്യണമെന്നറിയാതെ ഞാൻ വലിയ ചിന്തയിൽ മുഴുകി.

അന്നുരാത്രി അവർ സംസാരിക്കാൻ തുടങ്ങിയപ്പോൾ അവരോടുള്ള ശത്രുത കാരണം എന്റെ ഉള്ളിൽ നിന്നും 'എന്റെ മിത്രം അവരുടെ ശത്രു' പുറത്തു ചാടി. 'പൂച്ച' എന്റെ വായിലൂടെ അവൻ കരഞ്ഞു. മ്യാവൂ... മ്യാവൂ... പെട്ടെന്നാണത് സംഭവിച്ചത്. എങ്ങും നിശ്ശബ്ദത. സ്വസ്ഥം, ശാന്തം, ആഹ! ഉഗ്രൻ ഐഡിയാ. ഇനിമുതൽ പൂച്ചയെ ഉപയോഗിക്കാൻ ഞാൻ തീരുമാനിച്ചു.

ഇത് ദിവസങ്ങൾ നീണ്ടു. പക്ഷേ ഒരുദിവസം പൂച്ച പറഞ്ഞിട്ടും എലികൾ സംസാരം നിർത്തിയില്ല. പൂച്ചയ്ക്ക് ദേഷ്യം വന്നു. അവൻ ശക്തമായി ശബ്ദിച്ചു. ഫലമുണ്ടായില്ല. അവർ തല പുറത്തേക്കിട്ടു. ഏന്തി വലിഞ്ഞുനോക്കി. രഹസ്യമെല്ലാം പരസ്യമായി.

എലികൾ വീടുനിറയെ ഓടിക്കളിക്കാൻ തുടങ്ങി. അതിനിടയിൽ ഒരുത്തൻ എന്റെ നേരെ തുറിച്ചുനോക്കി. നിന്റെ അടവെല്ലാം പൊളിഞ്ഞു എന്ന മട്ടിൽ. എനിക്ക് വല്ലാത്ത അപമാനമായി.

ക്രമേണ എല്ലാം എനിക്ക് ശീലമായി. നല്ല കൂട്ടുകാരെ പോലെ എന്നും അവർ സംസാരിക്കും. ഞാൻ കേൾക്കും.

ആദ്യമൊക്കെ രണ്ടോ മൂന്നോ എലികളെ ഉണ്ടായിരുന്നുള്ളൂ. ഇന്നത് എട്ടൊൻപത് എണ്ണമെങ്കിലും ഉണ്ട്. അകലെയല്ലാത്ത ഭാവിയിൽ അവറ്റകൾ പെറ്റു പെരുകി വീടുനിറയും... ഓർത്തപ്പോൾ ഭീതി തോന്നി.

ദിവസങ്ങൾ കഴിഞ്ഞുപോയി. ചൂടെല്ലാം ശമിച്ച് മഴയായി. കുറച്ചു ദിവസങ്ങളായി അവരുടെ ശബ്ദം കേട്ടിട്ട്. എങ്ങും മൂകം, ദുഃഖം എന്താണവർക്ക് സംഭവിച്ചിട്ടുണ്ടാവുക? ഞാൻ പൂച്ചയായത് അവർക്ക് ഇഷ്ടപ്പെട്ടിട്ടില്ല. തീർച്ച. ഞാൻ കുറേ ചിന്തിച്ചു.

നല്ല മഴയുള്ള ഒരുദിവസം പുഴവെള്ളം കയറാൻ തുടങ്ങിയിട്ടുണ്ട്. സ്കൂൾ ഇല്ലാത്തതുകൊണ്ട് ഞാൻ ഒരലസ മട്ടിലാണ്. ഉമ്മറത്തിരുന്ന് അച്ഛനും വീട്ടിലെ പണിക്കാരനും എന്തോ സംസാരത്തിലാണ്. അച്ഛനും ഇന്ന് ലീവാണല്ലോ. ഇങ്ങനെ വല്ലപ്പോഴും കിട്ടുന്ന അവസരം അവർ ദീർഘനേരം സംസാരിക്കും. നാട്ടിലെയും വീട്ടിലെയും കൃഷിയുടെയും കാര്യങ്ങൾ പറഞ്ഞുതീർക്കും.

അക്കൂട്ടത്തിൽ പണിക്കാരൻ പറയുന്നത് കേട്ടു.

''ഞാൻ പറഞ്ഞില്ലേ പേടിക്കണ്ടാന്ന്. ചേര പെരേല് അന്ത്യോറങ്ങില്ല്യ. അത് നാവും നീട്ടി മണം പിടിച്ചാ വരാ. പാവം ജീവ്യാ. പകല് വന്ന് മുക്കും മൂലയുമൊക്കെ തപ്പും. വൈകുന്നേരമാകുമ്പോഴേക്കും പോവേം ചെയ്യും. നാലീസം വന്നാല് പിന്നെ ഒരൊറ്റലിം ഉണ്ടാവില്ല്യ....''

അവരുടെ സംസാരം നേർത്ത് മഴയുടെ ശക്തിയിൽ അലിഞ്ഞ് കേൾക്കാതായി.

മടിയിൽ പുസ്തകം വച്ച് മുറ്റത്തെ മഴത്തുള്ളിയുടെ താളം നോക്കിയിരുന്ന എന്റെ മനസ്സ് ഇതുകേട്ട് താളം മുറിഞ്ഞുപോയി, ചലനമറ്റതായി...

# മഹാത്മാഗാന്ധിയുടെ ജന്മദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു



ഗാന്ധിജയന്തിയോടനുബന്ധിച്ചു നടന്ന പുസ്തകപ്രകാശനം ബഹു സാംസ്കാരിക വകുപ്പു മന്ത്രി ശ്രീ എ കെ ബാലൻ നിർവഹിക്കുന്നു. ബഹു. മ്യൂസിയം പുരാരേഖാ-പുരാവസ്തു വകുപ്പു മന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി, സാംസ്കാരിക ഉന്നതസമിതി ഡയറക്ടർ ശ്രീ പ്രഭാകരൻ പഴശ്ശി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ എന്നിവർ സമീപം.



മഹാത്മാഗാന്ധിയുടെ എഴുപതാം രക്തസാക്ഷിത്വവാർഷികം രക്തസാക്ഷ്യം എന്ന പേരിൽ വിപുലമായ പരിപാടികളോടെ കേരള സർക്കാർ ആചരിച്ചുവരികയാണ്. ഇതോടനുബന്ധിച്ച് ഗാന്ധിജിയുടെ ജൻമദിനാഘോഷം സെപ്റ്റംബർ 30, ഒക്ടോബർ 1, 2 തീയതികളിൽ പയ്യന്നൂരിൽ വച്ചു നടന്നു. മഹാത്മാഗാന്ധി അനുസ്മരണ സമ്മേളനം, ദേശീയ സെമിനാർ, സാഹിത്യസമ്മേളനം എന്നീ പരിപാടികളായിരുന്നു സംഘടിപ്പിച്ചിരുന്നത്.

ഒക്ടോബർ 2 ന് വൈകിട്ട് 5 മണിക്ക് പയ്യന്നൂർ ഗാന്ധി പാർക്കിൽ നടന്ന മഹാത്മാഗാന്ധി അനുസ്മരണ സമ്മേളനം ബഹു.പട്ടികജാതി പട്ടികവർഗ നിയമ സാംസ്കാരിക പാർലമെന്ററി കാര്യ വകുപ്പു മന്ത്രി ശ്രീ എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിച്ച പത്തു പുസ്തകങ്ങൾ ബഹു. മന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. കേരള സംഗീത നാടക അക്കാദമി മുൻ സെക്രട്ടറി ശ്രീ പി അപ്പുക്കുട്ടൻ പുസ്തകങ്ങൾ ഏറ്റുവാങ്ങി. ബഹു. മ്യൂസിയം പുരാരേഖാ-പുരാവസ്തു വകുപ്പു മന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷനായിരുന്നു. സാംസ്കാരിക ഉന്നത സമിതി ഡയറക്ടർ ശ്രീ പ്രഭാകരൻ പഴശ്ശി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ എന്നിവർ സന്നിഹിതരായിരുന്നു. കുപ്പായമിടാത്ത അപ്പൂപ്പൻ (പയ്യന്നൂർ കുഞ്ഞിരാമൻ), ഗാന്ധിജി സഹനസമരചരിത്രം (കെ ഗീത), ഗാന്ധിജി കേരളം തൊട്ടറിഞ്ഞ നന്മ (സാഗാ ജെയിംസ്),

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

അഹിംസയുടെ ആൾരൂപം (ജ്യോതി കെ ജി), ഗാന്ധിജിയെ അറിഞ്ഞ കുട്ടി (കവിതാ വിശ്വനാഥ്), അഹിംസയുടെ ഉപജ്ഞാതാവ് (കലൂർ ഉണ്ണിക്കൃഷ്ണൻ), പോർബന്തറിൽ നിന്നൊരു ബാലൻ (ബ്രിജി കെ ടി), നമ്മുടെ ബാപ്പു (സന്ധ്യ ആർ), മഹാത്മജിയുടെ പാരിസ്ഥിതിക ദർശനങ്ങൾ (ഡോ. കെ പി ജോയി), കുട്ടികളുടെ മഹാത്മാഗാന്ധി (ജി കമലമ്മ), എന്നീ പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്. ഗാന്ധിജിയുടെ ജീവിതവും ദർശനങ്ങളും ലളിതമായ ഭാഷയിൽ തയ്യാറാക്കിയ പുസ്തകങ്ങളാണ് ഇവ.

ഒക്ടോബർ 1 ന് നടന്ന സാഹിത്യ സമ്മേളനം ശ്രീ ടി പത്മനാഭൻ ഉദ്ഘാടനം ചെയ്തു. സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റ് ഡോ ഖദീജാ മുംതാസ്, സാഹിത്യ അക്കാദമി നിർവാഹക സമിതി അംഗം ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ എന്നിവർ പ്രഭാഷണങ്ങൾ നടത്തി. സെപ്റ്റംബർ 30 ന് നടന്ന ദേശീയ സെമിനാർ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സതീഷ് ദേശ്പാണ്ഡെ ഉദ്ഘാടനം ചെയ്തു. ചർച്ചകളും പ്രഭാഷണങ്ങളും ഇതിനോടനുബന്ധിച്ച് നടന്നു.

അഹിംസാത്മക സഹനസമരത്തിലൂടെ സ്വാതന്ത്ര്യത്തിനായി പോരാടിയ ഗാന്ധിജിയുടെ ജീവിതത്തെ ഒരിക്കൽ കൂടി ഓർമപ്പെടുത്താൻ ഈ പരിപാടിയിലൂടെ കഴിഞ്ഞു.



# നെഹ്റുസ്മൃതി 2018

ഈ വർഷത്തെ ശിശുദിനം സമുചിതമായി ആഘോഷിക്കാൻ ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിരിക്കുന്നു. നവംബർ 1 കേരളപ്പിറവി ദിനം മുതൽ നവംബർ 14 വരെ എല്ലാ ദിവസവും 14 ജില്ലകളിൽ പരിപാടികൾ ഉണ്ടാകും. ഉദ്ഘാടനം കാസർക്കോടും സമാപനം തിരുവനന്തപുരത്തും.

ഇതോടനുബന്ധിച്ച് 50 പുതിയ പുസ്തകങ്ങൾ പ്രകാശനം ചെയ്യും. പുസ്തക പ്രദർശനം, വില്പന, തളിര് മാസികയുടെ പ്രചാരണം, കുട്ടികൾക്കായി മത്സരങ്ങൾ, സമ്മാനദാനം, പൊതു സമ്മേളനങ്ങൾ, കുട്ടികൾക്കായി 10 പുസ്തകങ്ങൾ അടങ്ങിയ സമ്മാനപ്പെട്ടി എന്നിവ ഉണ്ടാകും. ഇതോടൊപ്പം സ്വാതന്ത്ര്യസമര സേനാനികളെ ഈ ചടങ്ങിൽ വച്ച് ആദരിക്കുകയും ചെയ്യുന്നതാണ്. വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെയാണ് എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിക്കുന്നത്.

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പ് ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയക്കുന്നതല്ല. കുട്ടികൾക്കും അവരുടെ രചനകൾ ഈ വിലാസത്തിൽ അയയ്ക്കാവുന്നതാണ്.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 November 2018
Regd KL/TV (N)/399/2018-2020 Published on 29-10-2018 Vol:24, Issue:11, ₹20

